വില ₹ 30/-

# ജീവനും വെളിച്ചവും

മാർച്ച് 2024



## നന്മകൾ പ്രകാശിതമാകുന്ന നോമ്പുകാലം...

**ഇടയലേഖനം**
ആർച്ച് ബിഷപ് ഡോ. തോമസ് ജെ. നെറ്റോ



**അനുസ്മരണം**
അഡ്വ. സെലിൻ വിൽഫ്രഡ്

**ലേഖനം**
ഫാ. ഷിന്റോ മറയൂർ

**അഭിമുഖം**
ത്രേസ്യ ലൂയിസ്

കഥകൾ
കവിതകൾ

തിരുവനന്തപുരം ലത്തീൻ അതിരൂപത

# സെന്റ്. ജോസഫ്സ്
## മെട്രോപോളിറ്റൻ കത്തീഡ്രൽ
## പാളയം, തിരുവനന്തപുരം



# വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ

**2024 മാർച്ച് 10 മുതൽ 19 വരെ**





2024 മാർച്ച് 10, ഞായർ | **പൊന്തിഫിക്കൽ ദിവ്യബലി**

**മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.**

(സഹായ മെത്രാൻ, തിരു. അതിരൂപത)

2024 മാർച്ച് 19, ചൊവ്വ | **പൊന്തിഫിക്കൽ ദിവ്യബലി**

**മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ**

(മെത്രാപൊലീത്ത, തിരു. അതിരൂപത)

**തീർത്ഥാടകർക്ക് സ്വാഗതം**

**ജീവനും വെളിച്ചവും**

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2024 മാർച്ച്
പുസ്തകം - 48 ലക്കം - 3
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.


*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം



# നന്മകൾ പ്രകാശിതമാകുന്ന നോമ്പുകാലം

കല്പനകൾ പാലിക്കുകയെന്ന പഴയ വീഞ്ഞുതന്നെ ഉപയോഗിച്ചുകൊണ്ട് ക്രിസ്തു നിശിതമായി വിമർശിച്ച നിയമജ്ഞരുടെയും ഫരിസേയരുടെയും മനോഭാവം തന്നെയല്ലേ അറിഞ്ഞും അറിയാതെയും നോമ്പുകാലത്തെ ഭക്താനുഷ്ഠാനങ്ങൾക്കും ത്യാഗങ്ങൾക്കും പിന്നിലുള്ളതെന്ന് ഓരോ നോമ്പുകാലത്തും പരിശോധിച്ചുനോക്കേണ്ടതുണ്ട്. അതോ ദൈവമക്കൾക്കടുത്ത കരുതലും സ്വാതന്ത്ര്യവുമാണോ നന്മകളുടെ ഈ നോമ്പുകാലത്തെ പുണ്യങ്ങളുടെ വസന്തകാലമാക്കി മാറ്റുന്നതെന്നും നോക്കിക്കാണണം. ഏശയ്യാ പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക;

"ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാനാഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവന രഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരനിൽ നിന്നും ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" *(ഏശയ്യാ 58).*

നന്മകളുടെയും സ്വാതന്ത്ര്യത്തിന്റെയും നല്ലകാലത്തെക്കുറിച്ചാണ് നോമ്പുകാലത്തിൽ ഫ്രാൻസിസ് പാപ്പയും തോമസ് നെറ്റോ പിതാവും നമ്മോട് സംസാരിക്കുന്നത്.

ദൈത്തിന് മനുഷ്യരോടുള്ള അഗാധമായ കരുതൽ കൂടുതൽ തെളിമയോടെ ആഘോഷിക്കപ്പെടുകയും ഓർമിക്കപ്പെടുകയും ചെയ്യുണ്ടുന്നുണ്ട് ഈ കാലഘട്ടത്തിൽ. സഹജീവികളോടും അയൽക്കാരോടുമുള്ള അതേ കരുതലാകണം ഈ നോമ്പുകാലത്ത് നമ്മെ നയിക്കേണ്ട മനോഭാവം. നിയമങ്ങളുടെ ജീവനില്ലാത്ത അനുഷ്ഠാനമല്ല ജീവിതങ്ങളോടുള്ള അഗാധമായ കരുതലും കരുണയും നമ്മുടെ നോമ്പുകാലത്തെ പ്രകാശിപ്പിക്കട്ടെ.

*- പത്രാധിപർ*

## പ്രതികരണങ്ങൾ

# ആത്മീയതേജസ് ജ്വലിക്കുന്ന കാലം

**ആ**ത്മീയ പുണ്യങ്ങൾ പൂത്തിറങ്ങുന്ന വസന്തകാലമാണ് തപസ്സുകാലം. നോമ്പുകാലത്തിന്റെ ആത്മീയ ശോഭ തെളിഞ്ഞുനിന്ന ഇമ്മാനുവേൽ അച്ചന്റെ ലേഖനത്തിനും മുഖവിചാരത്തിനും നന്ദി. യേശു മരുഭൂമയിൽ 40 ദിനരാത്രങ്ങൾ ഉപവസിച്ചു എന്ന് ബൈബിളിൽ വായിക്കുന്നു. ഉപവാസ കാലം മരുഭൂമി അനുഭവത്തിന്റെ കാലമാണ്. മുകളിൽ കത്തിജ്വലിക്കുന്ന സൂര്യനും താഴെ ചുട്ടുപൊള്ളുന്ന മണലാരണ്യവും വീശിയടിക്കുന്ന മണൽ ക്കാറ്റും. 40 ദിവസവും യേശു പട്ടിണി കിടന്നു എന്ന് മനസ്സിലാക്കാം. പരിശുദ്ധാത്മാവുനിറഞ്ഞവനായി യേശു ജോർദ്ദാനിൽ നിന്നും മടങ്ങിയ ശേഷമായിരുന്നു പിശാചിന്റെ പരീക്ഷണം. 40 നാൾ ഉപവസിക്കാനുള്ള ശക്തി യേശുവിന് ലഭിച്ചത് പരിശുദ്ധാത്മാവിൽ നിന്നും പിതാവായ ദൈവത്തോടൊപ്പമുള്ള നിരന്തര പ്രാർഥനയിലൂടെയുമായിരുന്നു. നിശ്ചിതകാലത്തേക്ക് പ്രലോഭനങ്ങൾ മതിയാക്കി പിശാച് വിട്ടുപോയി. പിതാവായ ദൈവം ഉടൻ തന്നെ മകൻ യേശുവിന്റെ അടുത്തേക്ക് ദൈവദൂതന്മാരെ അയയ്ക്കുകയും ദൂതന്മാർ യേശുവിനെ ശുശ്രൂഷിക്കുകയും ചെയ്തു. നമ്മുടെ അനുതാപവും ഉപവാസവും ഉന്നതമാണെങ്കിൽ തീർച്ചയായും ദൈവദൂതന്മാർ നമ്മെയും ശുശ്രൂഷിക്കാനായി എത്തും.

**ജെറാൾഡ് ബി. മിരാൻഡ**
തോന്നയ്ക്കൽ




## അഭിനന്ദനങ്ങൾ



*നിജോ ഗിൽബെർട്ട്*



*ബെൽജിൻ ബോൾസ്റ്റർ*

അരുണാചൽ പ്രദേശിൽ വച്ചു നടക്കുന്ന 77-ാമത് സന്തോഷ് ട്രോഫി നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പിലേക്ക് കേരള ടീമിനു വേണ്ടി കളിക്കാനായി തെരഞ്ഞെടുത്ത പൂവാർ സ്വദേശികളായ നിജോ ഗിൽബെർട്ടും ബെൽജിൻ ബോൾസ്റ്ററും.

# ഉള്ളുലയ്ക്കുന്ന കഥകൾ കവിതകൾ

**ക**ഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച കഥകളും കവിതകളും ഉന്നതനിലവാരം പുലർത്തി. ശ്രീ. നടരാജൻ ബോണക്കാടിന്റെ 'രക്തപ്പാട്', മരത്തിൽ കെട്ടിവച്ച് ബലാത്സംഗം ചെയ്തുകൊന്ന പെൺകുട്ടിയുടെ മുറിഞ്ഞ ശരീരം കാണുന്ന ഹൃദയഭേദകമായ കാഴ്ച ഉള്ളുലയ്ക്കുന്നവിധം പകർത്തിയിരിക്കുന്നു. കൈപ്പട്ടൂർ തങ്കച്ചന്റെ 'വിത്തുകളുടെ ഉപമ' എന്ന കഥ വഴിതെറ്റിപ്പോയ കുഞ്ഞാടിനെക്കുറിച്ചാണ്. മികച്ച അവതരണവും ഭാഷയും. ജെർസൻ സെബാസ്റ്റ്യന്റെ 'അംനീഷ്യ' എന്ന കവിത മറവിരോഗം ബാധിച്ചവന്റെ വിഭ്രാന്തിയും വിഹ്വലതകളുമാണ്. കവിത്വത്തോടെ പകർത്തിയിരിക്കുന്നു. ഗ്ലേവിയസ് അലക്സാണ്ടർ എഴുതിയ കവിത 'അനന്തരം' എന്നോ മരിച്ചുപോയ അപ്പന്റെ കുഴിമാടം അലങ്കരിക്കാൻനേരത്തെ അപ്പനെക്കുറിച്ചുള്ള മകന്റെ ഓർമകളും വ്യാകുലതകളുമാണ്. അനന്തരം വല്ലാതെ അസ്വസ്ഥപ്പെടുത്തി. എഴുത്തുകാർക്കും ജീവനും വെളിച്ചവും പ്രവർത്തകർക്കും അഭിനന്ദനങ്ങൾ. ഇനിയും ഇതുപോലെ നല്ല കഥകളും കവിതകളും പ്രതീക്ഷിക്കുന്നു

**ഗ്രേസി**, പേട്ട

# പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യാവകാശമാണ്

**അ**ഹിതമായതിനോടുള്ള അതൃപ്തിയും കാര്യങ്ങൾ ശരിയായിത്തന്നെ നടക്കണം എന്ന ആഗ്രഹവുമാണ് പ്രതിഷേധമായി രൂപപ്പെടുന്നത്. അതു മനുഷ്യസഹജമാണ്. സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ന്യായമായി പ്രതിഷേധിക്കുന്നവർക്കെതിരെ എന്തിനാണ് ഈ അക്രമവും കോലാഹലവും. ചിലരുടെ പ്രതിഷേധം ന്യായവും മറ്റുചിലരുടെ പ്രതിഷേധം അന്യായവുമാകുന്നതെന്തുകൊണ്ടാണ്? കക്ഷിരാഷ്ട്രീയ പാർട്ടികൾ പ്രതിഷേധങ്ങൾക്കിടയിൽ ഇവ്വിധം കടിപിടികൂടിയാൽ ജനാധിപത്യത്തിന്റെ ഭാവി എന്താകും? ഈ ഒരു വിഷയം ഫെബ്രുവരി ലക്കം നേർക്കാഴ്ചയിൽ എഴുതിയ ജെ.സി. അഭിനന്ദനം അർഹിക്കുന്നു.

'ജീവനും വെളിച്ചവും മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും.

– **ഫ്രാൻസിസ് ജെ.**, മാമ്പള്ളി.

# താളുകളിൽ


**ഇടയലേഖനം** 6
ഡോ. തോമസ് ജെ. നെറ്റോ

**യേശു ചില തിരുത്തലുകൾ** 8
ഫാ. ഷിന്റോ മറയൂർ

**സെലിൻ വിൽഫ്രഡ് എന്ന തീപ്പൊരി വക്കീൽ** 12
ബർഗ്മാൻ തോമസ്

**സെന്റ് ജോസഫ്സ് സ്കൂൾ നവയുഗത്തിന്റെ കാൽനൂറ്റാണ്ട്** 20
ജോയ് ജോൺ

**വായന** 24
ഡോ. ഐറിസ്

**ചരിത്രപഥം** 26
ഇഗ്നേഷ്യസ് തോമസ്

**കവിത** 11, 15

**കഥ** 16, 23

**വാർത്തകൾ** 29


**നീർച്ചാൽ** 34

**കാനോൻ ലോ** 39
ഫാ. ജോസ് ജി.

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.







"സ്രഷ്ടാവായ ദൈവം യേശുവിലൂടെ നല്കാനാഗ്രഹിക്കുന്ന പൂർണ്ണ സ്വാതന്ത്ര്യം ജീവനാണ്. ഈ തപസ്സുകാലത്ത് അടിമത്തത്തിന്റെ സാഹചര്യങ്ങളിൽ ഭയപ്പെടാതെ സ്വാതന്ത്ര്യത്തിന്റെ ജീവനിൽ പ്രത്യാശയർപ്പിച്ച് മുന്നേറാം."

# തപസ്സുകാലം 2024

✝ ഡോ. തോമസ് ജെ. നെറ്റോ
മെത്രാപ്പോലീത്ത, തിരുവനന്തപുരം അതിരൂപത

**ഈ** വർഷത്തെ തപസ്സുകാലസന്ദേശമായി ഫ്രാൻസിസ് പാപ്പ നല്കുന്ന വിഷയം "മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു" എന്നതാണ്. പുറപ്പാട് സംഭവത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് സ്വാതന്ത്ര്യത്തിന്റെ സന്ദേശം നല്കികൊണ്ടാണ്. ദൈവം അരുൾചെയ്യുന്നു: "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറ. 20:2). സീനായ് മലമുകളിൽവച്ച് ദൈവം മോശയ്ക്ക് നല്കിയ പത്തുകല്പനകളിലെ ആദ്യ വാക്കുകളാണിവ.

അടിമത്തത്തിന്റെ ജീവിതത്തിൽനിന്ന് ദൈവം ഇസ്രായേൽ ജനതയെ ഒരു യാത്രയിലൂടെ പാകപ്പെടുത്തി സ്വാതന്ത്ര്യത്തിലേയ്ക്ക് എത്തിക്കുന്നു. എന്നാൽ പലപ്പോഴും ഈ ജനത അടിമത്തത്തിന്റെ ഭവനത്തിലേക്ക് വീണ്ടും തിരികെപോകുവാൻ ആഗ്രഹിക്കുന്നുണ്ട്.

ദൈവം ഇന്ന് നമ്മെയും ശരിയായ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നുണ്ട്. പക്ഷേ, ഇസ്രായേൽ ജനതയെപോലെ നാം അടിമത്തത്തിൽ തന്നെ കഴിയുവാൻ പലപ്പോഴും ആഗ്രഹിക്കുന്നു.

## അടിമത്തത്തിന്റെ സാഹചര്യങ്ങൾ

അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര സാധ്യമാകണമെങ്കിൽ നാം നമുക്കു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുടെ കണ്ണുകൾ തുറക്കണം എന്നാണ് പാപ്പ ഓർമ്മിപ്പിക്കുന്നത്. ഈജിപ്തിൽ ഇസ്രായേല്യരുടെ ദുരിതങ്ങളിലേക്ക് ദൈവം തന്റെ കണ്ണുതുറന്നു. അവിടുന്ന് അരുൾ ചെയ്തു: "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ

അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമവും വിസ്തൃതവും, തേനും പാലും ഒഴുകുന്ന ഒരു ദേശത്തേക്ക് അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങിവന്നിരിക്കുന്നത്" (പുറ. 3:7-8). ഇന്നും ദുരിതമനുഭവിക്കുന്നവരുടെ രോദനം സ്വർഗ ത്തിലേക്കുയരുന്നു. ദാരിദ്ര്യവും തീവ്രവാദവും മതമൗലിക വിഭാഗീയതയും മനുഷ്യജീവിതം ദുഃസഹമാക്കുന്നു. പതിനായിരക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിക്കുന്ന യുദ്ധങ്ങൾ സ്ത്രീകളെയും വൃദ്ധരെയും കുഞ്ഞുങ്ങളെയും അപായത്തിലേക്കും അശരണതയിലേക്കും തള്ളിവിടുന്നു. കൂടാതെ മനുഷ്യന്റെ സ്വാർത്ഥതമൂലം സൃഷ്ടിക്കപ്പെടുന്ന പ്രകൃതിശോഷണം, ജല-വായൂ മലിനീകരണം, ചൂഷണം, തൊഴിലില്ലായ്മ തുടങ്ങിയവയും മനുഷ്യജീവിതത്തെ കൂടുതൽ ക്ലേശകരമാക്കുന്നു.

ഇതുപോലെ ഭയാനകമായ ജീവിതാവസ്ഥകളിലൂടെയാണ് നാമും കടന്നുപോകുന്നത്. കാർഷികമേഖലയിലും പരമ്പരാഗത മീൻപിടിത്ത-അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗവും. അരികിലാക്കപ്പെട്ട നമ്മുടെ ജനസമൂഹങ്ങളുടെ അവസ്ഥ നാൾക്കുനാൾ അതിഭയാനകമാകുകയാണ്. സാമൂഹികമായും രാഷ്ട്രീയമായും സാംസ്കാരികമായും നമ്മെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ കൊടിയ അനീതിയും മനുഷ്യാവകാശ നിഷേധവുമാണ്. നമുക്കർഹമായ അവകാശങ്ങൾ പോലും നിഷേധിക്കുന്ന, വിഘടിപ്പിച്ചു നിർത്തി നമ്മെ ദുർബലപ്പെടുത്തുന്ന മനോഭാവങ്ങളോട് പൊരുത്തപ്പെടാനാകാത്ത സാഹചര്യമാണ് ഇന്നുള്ളത്.

കടലിലും തീരത്തും നിരവധി മനുഷ്യ ജീവനുകൾ നഷ്ടപ്പെടുന്നത് മത്സ്യതൊഴിലാളികളുടെ ഉപജീവനത്തെയും അതിജീവനത്തെയും തകർക്കുന്നു. പരിസ്ഥിതി സൗഹൃദമല്ലാത്ത കടൽത്തീരകൈയേറ്റങ്ങൾ തീരശോഷണത്തിനും ഭവനനഷ്ടത്തിനും തൊഴിലില്ലായ്മയ്ക്കും കാരണമാകുന്നു. ലഹരിയുടെ ഉപയോഗവും വ്യാപനവും നമ്മുടെ യുവതലമുറയെ പാടെ നശിപ്പിക്കുന്ന അവസ്ഥ ഉണ്ടാക്കിയിരിക്കുന്നു. ഇതു നിയന്ത്രിക്കേണ്ട സർക്കാർ സംവിധാനങ്ങൾ പലപ്പോഴും നിഷ്ക്രിയമാണ്.

അടിമത്തത്തിന്റെ ഈ സാഹചര്യങ്ങൾമൂലം ദുരിതമനുഭവിക്കുന്നവരുടെ നിലവിളികൾ ശ്രദ്ധിക്കപ്പെടേണ്ട തലങ്ങളിൽ എത്തുന്നില്ല. മാത്രമല്ല, പ്രശ്നപരിഹാരങ്ങൾ കടലാസുകളിൽ മാത്രം ഒതുങ്ങിനില്ക്കുകയും ചെയ്യുന്നു. ഈ ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ നിന്നും നാം മോചിതരാകുവാനും നമുക്ക് ചുറ്റുമുള്ള നമ്മുടെ സഹോദരങ്ങളുടെ വിലാപങ്ങൾ കേൾക്കുവാനും നമുക്ക് ബാധ്യതയുണ്ടെന്ന് തപസ്സുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നു.

## സ്വാതന്ത്ര്യത്തിലേക്ക്....

കാലാകാലങ്ങളിൽ മനുഷ്യർ അനുഭവിക്കുന്ന അടിമത്തത്തിൽനിന്ന് അവരെ മോചിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. പുറപ്പാട് സംഭവത്തിലുടനീളം ഒരു ജനതയെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന ദൈവത്തെയാണ് നാം കാണുന്നത്. അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ യാത്ര മരുഭൂമിയിലൂടെയായിരുന്നു. മരുഭൂമിയിൽ അവർ ദൈവസാന്നിദ്ധ്യം അനുഭവിച്ചു. ദൈവം അവർക്ക് സമീപസ്ഥനായിരുന്നു. ദൈവം നല്കുന്ന സ്വാതന്ത്ര്യം മരുഭൂമിയിൽ അവർ അനുഭവിച്ചു.

യേശുവും ഈയൊരു അനുഭവത്തിലൂടെ കടന്നുപോയി. ജ്ഞാനസ്നാനത്തിന് ശേഷം ആത്മാവ് യേശുവിനെ മരുഭൂമിയിലേക്ക് നയിച്ചു. പ്രലോഭനങ്ങളുടെ അടിമത്തത്തിൽ അകപ്പെടുവാനുള്ള സർവ്വസാഹചര്യങ്ങളും മരുഭൂമിയിൽ യേശുവിനുണ്ടായി. എന്നാൽ യേശുവിന്റെ മരുഭൂമി അനുഭവം ദൈവികസ്വാതന്ത്ര്യം അനുഭവിക്കുവാനുള്ള ഇടമായി മാറി. പ്രലോഭനങ്ങളെ അതിജീവിച്ച് യേശു സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിച്ചു.

## പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കുള്ള വഴികൾ

ദൈവം നല്കുന്ന പരിപൂർണ്ണ സ്വാതന്ത്ര്യം നമുക്ക് അനുഭവിക്കുവാൻ ഫ്രാൻസിസ് പാപ്പാ മൂന്നു വഴികൾ ചൂണ്ടികാണിക്കുന്നു:

ഒന്ന്, മാനസാന്തരം. നമുക്ക് ചുറ്റുമുള്ള അടിമത്തത്തിന്റെ സാഹചര്യങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തെ ഭാരമുള്ളതാക്കുന്നു. ഇപ്രകാരം ഭാരപ്പെടുന്ന സഹോദരരുടെ വേദനയിൽ പങ്കുചേർന്ന് അവരുടെ ഭാരം ലഘൂകരിക്കുവാനുള്ള ഒരു ശ്രമമാണ് യഥാർത്ഥ മാനസാന്തരം. നല്ല സമരിയാക്കാരനെപ്പോലെ (ലൂക്കാ 10:33-34), മുറിവേറ്റ എന്റെ സഹോദരന്റെ അഥവാ സഹോദരിയുടെ അടുത്തേക്ക് സഹായഹസ്തവുമായി നടന്നടുക്കാനുള്ള മാനസിക അവസ്ഥയാണ് മാനസാന്തരം.

രണ്ട്, വ്യഗ്രത നിറഞ്ഞ ജീവിത സാഹചര്യങ്ങളിൽ നിന്നുള്ള അകന്നുനില്പ്. ഇന്നത്തെ ജീവിതസാഹചര്യങ്ങൾ നമ്മെയെല്ലാവരെയും അസ്വസ്ഥതകളിലേക്കും തിരക്കുകളിലേക്കും നയിക്കുന്നതാണ്. ഇതിൽ നിന്നെല്ലാം മാറി ഓരോ ദിവസവും അല്പസമയം ഏകാന്തതയിൽ ധ്യാനാത്മകമായി ദൈവാരൂപിയിൽ ചിലവഴിക്കുവാൻ നമുക്ക് കഴിയണം. ഏകാന്തതയിൽ ദൈവസ്വരം കേൾക്കുവാനും കൂടെയുള്ളവരുടെയും സഹയാത്രികരുടെയും രോദനം കേൾക്കാനും അവരുടെ വിമോചനത്തിനായി പ്രവർത്തിക്കുവാനും നമുക്ക് കഴിയും.

മൂന്ന്, കൂട്ടായ തീരുമാനങ്ങളുടെ ആവശ്യം. സിനഡാത്മകസഭയെക്കുറിച്ചുള്ള ചിന്തകൾ കൂടുതൽ ആഴപ്പെടുന്ന ഒരു സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുവാൻ ഉതകുന്ന ചെറുതും വലുതുമായ പല തീരുമാനങ്ങളും കുടുംബങ്ങളിലും കുടുംബ കൂട്ടായ്മകളിലും ഇടവകയിലും നമുക്ക് എടുക്കേണ്ടിവരും. ഈ തീരുമാനങ്ങൾ പരസ്പരം ശ്രവിച്ചുകൊണ്ട് കൂട്ടായ ചർച്ചയിലൂടെ രൂപപ്പെടുത്തുവാൻ നമുക്ക് കഴിയണം. നമ്മുടെ കൂട്ടായ്മയെ തകർക്കാൻ ശ്രമിക്കുന്ന ശക്തികളെ തിരിച്ചറി യുവാനും അതിജീവിക്കുവാനും ഇതിലൂടെ നമുക്ക് കഴിയും.

## ഉപസംഹാരം

നമ്മെ വേദനിപ്പിക്കുന്ന അനുഭവങ്ങളും സാഹചര്യങ്ങളും ഒരു യാഥാർത്ഥ്യമായി നമ്മുടെ മുന്നിലുണ്ട്. എങ്കിലും ആത്യന്തികമായ നമ്മുടെ ആശ്രയം ദൈവത്തിലാണ്. ദൈവം നമ്മുടെ രക്ഷാശിലയും കോട്ടയും വിമോചകനും നമുക്ക് അഭയം തരുന്ന പാറയുമായി (സങ്കീ. 18:2) നില്ക്കുന്നുവെന്നതാണ് നമ്മുടെ പ്രതീക്ഷയും പ്രത്യാശയും. മരണത്തിന്റെ സംസ്കാരം സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ നമ്മെ ഭയപ്പെടുത്തുന്നുണ്ട്. എന്നാൽ നാം ഉറ്റുനോക്കേണ്ടത് ജീവന്റെ സംസ്കാരത്തിലേക്കാണ്. സ്രഷ്ടാവായ ദൈവം യേശുവിലൂടെ നല്കാനാഗ്രഹിക്കുന്ന പൂർണ്ണസ്വാതന്ത്ര്യം ജീവനാണ്. ഈ തപസ്സുകാലത്ത് അടിമത്തത്തിന്റെ സാഹചര്യങ്ങളിൽ ഭയപ്പെടാതെ സ്വാതന്ത്ര്യത്തിന്റെ ജീവനിൽ പ്രത്യാശയർപ്പിച്ച് മുന്നേറാം. ■



**നമ്മുടെ സഹനബോധ്യങ്ങളെ തിരുത്തേണ്ടതുണ്ട്. സഹനങ്ങളല്ല, ജീവിതത്തിന്റെ വേദനകളെ നേരിടുന്ന രീതികൊണ്ടാണ് യേശു വ്യത്യസ്തനായത്.**

# യേശു
## ചില തിരുത്തുകൾ



ഫാ. ഷിന്റോ മറയൂർ

തപസ്സുകാലത്തിൽ ആവർത്തിച്ചു പറയുന്ന ചില വാക്കുകളും ഊന്നിപ്പറയുന്ന ചില ആശയങ്ങളുമുണ്ട്. ദൈവത്തോടുള്ള സ്നേഹം പെരുകട്ടെയെന്നോർത്ത് വചനശുശ്രൂഷകർ നടത്തുന്ന ചില കൂട്ടിക്കുറയ്ക്കലുകൾ മനുഷ്യരിൽ സ്നേഹത്തെക്കാളും അനുതാപത്തെക്കാളും കുറ്റബോധം പകരുന്നതായി കണ്ടിട്ടുണ്ട്. പ്രത്യേകിച്ചും ദുഃഖവെള്ളിയാഴ്ചയോടു ചേർന്നാണ് അമിത വൈകാരികത കലർന്ന വ്യാഖ്യാനങ്ങൾ അധികമായി ചമയ്ക്കപ്പെട്ടിട്ടുള്ളതും പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളതും. അത്തരം ആഖ്യാനങ്ങൾ ജീവിതത്തെയും ദൈവവുമായുള്ള ബന്ധത്തെയും കുറിച്ച് ഗുണപരമല്ലാത്ത ധാരണകളിലേക്കെത്തുന്നതിന് പ്രേരണയുമായിട്ടുണ്ട്. അങ്ങനെയുള്ള ചില വ്യാഖ്യാനങ്ങളെയും ചിന്തകളെയും പരിശോധിക്കാനുള്ള ശ്രമമാണ് ഈ ലേഖനം.

### കുരിശല്ല യേശുവിന്റെ തനിമ!

Passion of Christ എന്ന വാക്കു കേൾക്കുമ്പോൾ യേശുവിന്റെ പീഡാസഹനത്തെയാണു നമുക്കോർമ വരുന്നത്. Passion എന്ന വാക്കിനു പീഡ എന്നു മാത്രമല്ല, അതിതീക്ഷ്ണമായ മോഹം എന്നും അർഥമുണ്ട്. എന്തായിരുന്നു യേശുവിന്റെ തീക്ഷ്ണമായ മോഹം? അത് ദൈവത്തിന്റെ രാജ്യം സംഭവിക്കണമെന്നതായിരുന്നു. യേശു പ്രസംഗിച്ചതു മുഴുവൻ അതിനെക്കുറിച്ചായിരുന്നു. അവൻ പഠിപ്പിച്ച പ്രാർഥന അതായിരുന്നു; അവിടത്തെ രാജ്യം വരണം. അവിടത്തെ ഹിതം ഭൂമിയിൽ നിറവേറണം. തന്റെ ബന്ധുക്കളെപ്പോലും യേശു അത്തരത്തിൽ കണ്ടു. തനിക്കു ജന്മം നല്കിയവരെക്കാൾ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് തന്റെ ബന്ധുക്കളെന്നു കരുതി. ശിഷ്യന്മാർ കൂടെയുണ്ടോയെന്നല്ല, ദൈവം തന്റെ കൂടെയുണ്ടെന്നു ഉറപ്പുവരുത്താനാണു യേശു ശ്രമിച്ചത്. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുക മാത്രമായിരുന്നു അവന്റെ പരിഗണന.

യേശു ദൈവത്തെ അപ്പനെന്നു വിളിച്ചു.

ദൈവമെന്ന അപ്പന്റെ മകനായി സ്വയം വിചാരിച്ചു. ദൈവത്തിന്റെ മകനു ചേരുന്ന രീതിയിൽ ജീവിച്ചു. ദൈവത്തിന്റെ മകനായി ജീവിച്ചുവെന്നതാണ് ആ വാഴ്‌വിന്റെ മഹത്ത്വവും സൗന്ദര്യവും. യേശു ദൈവത്തിനു വേണ്ടി സഹിക്കുകയല്ല, ദൈവത്തിനു വേണ്ടി ജീവിക്കുകയാണു ചെയ്തത്. അതിലായിരുന്നു അവന്റെ ആനന്ദം. പക്ഷേ, നമ്മൾ യേശുവിനെ കുരിശിലേക്കു പരിമിതപ്പെടുത്തി. സഹനമാണു യേശുവിന്റെ തനിമയെന്ന മട്ടിലാണ് പൊതുവെ വ്യാഖ്യാനിക്കപ്പെടുന്നത്. യേശുവിനുമുമ്പും ശേഷവും പലരും കുരിശിൽ തറയ്ക്കപ്പെട്ടിട്ടുണ്ട്; നിഷ്കളങ്കരായ പലരും കഠിന പീഡകൾ അനുഭവിച്ചിട്ടുണ്ട്. കുരിശിൽ തറയ്ക്കപ്പെട്ടില്ലെങ്കിലും കൊല്ലപ്പെട്ടില്ലെങ്കിലും അവന്റെ വാഴ്‌വിനു തനിമയുള്ള മൂല്യമുണ്ടായിരുന്നു. കുരിശല്ല, പുത്രബോധമാണ് യേശുവിന്റെ തനിമ. കുരിശിനെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള അമിതമായ ഊന്നൽ യേശുവിന്റെ ജീവിതത്തിന്റെ പ്രസക്തി ഇല്ലാതാക്കുന്നില്ലേ? യേശുവിന്റെ വേദനകളെ മഹത്ത്വവല്കരിക്കുമ്പോൾ യഥാർഥ യേശുവിനെ നമുക്കു നഷ്ടമാകുന്നുണ്ടോ?

## സഹനം അതിൽത്തന്നെ ഒരു പുണ്യമല്ല!

സഹനത്തെ ഒരു വലിയ സംഗതിയായി നാം അവതരിപ്പിച്ചു. വേദനിക്കുന്നത് ദൈവത്തെ സന്തോഷിപ്പിക്കും; വേദനിച്ചാൽ ഞാൻ അനുഗ്രഹിക്കപ്പെടും എന്നാണു നാം കരുതുന്നത്. ആബേലച്ചൻ രചിച്ച കുരിശിന്റെ വഴിയിലെ സമാപന പ്രാർഥനയിൽ നാം ഈ വിചാരം ഉറക്കെപ്പറയുന്നുണ്ട്: 'അങ്ങയെ പ്രസാദിപ്പിക്കാൻ അവിടത്തെ പീഡകൾ ധാരാളം മതിയല്ലോ!' മനുഷ്യന്റെ വേദനയിൽ സന്തോഷിക്കുന്ന ഒരാളായി ദൈവത്തെ നാമങ്ങനെ പ്രഖ്യാപിച്ചു.

വേദനകളാണ് യേശുവിനെ ക്രിസ്തുവാക്കി മാറ്റിയതെന്ന ധാരണയുള്ളതുകൊണ്ട് വേദന സൃഷ്ടിക്കുകയും അതിൽ സന്തോഷിക്കാനും അഭിമാനംകൊള്ളാനും നാം ശ്രമിക്കുകയും ചെയ്യുന്നുണ്ട്. നാം സഹിക്കുന്ന വേദനയിലാണ് ദൈവത്തിനു നമ്മോടു പ്രീതി തോന്നാനുള്ള വഴിയെന്ന് നാം ധരിച്ചു. അതിന്റെ നല്ല ഉദാഹരണം നാമനുഷ്ഠിക്കുന്ന തപസ്സുകാലമാണ്. ശരീരത്തെ കഴിയും വിധത്തിൽ നാം ക്ളേശിപ്പിക്കുന്നു. കുരിശുമല കയറാനും അതിനു വേണ്ടി ഭാരമുള്ള കുരിശു ചുമക്കാനും നാം തയ്യാറാകുന്നു. ഉപവസിക്കുന്നു, മാംസം വർജിക്കുന്നു. മഹത്തായ എന്തോ കാര്യം ചെയ്യാനുള്ള ശ്രമത്തിലാണു നമ്മൾ ! യേശുവിനു വേണ്ടി സഹിക്കുന്നതിൽ നാം വലിയ നിർവൃതി അനുഭവിക്കുന്നു. സഹനമോ വേദനയോ അതിൽത്തന്നെ ഒരു പുണ്യമല്ല. അതിനു പിന്നിലെ ഉദ്ദേശ്യമാണ് അതിനെ നന്മയാക്കി മാറ്റുന്നത്. അതുകൊണ്ട്, വേദനിക്കാൻ വേണ്ടി വേദനകളെ സൃഷ്ടിക്കേണ്ടതില്ല.

ക്രിസ്തുവാകാൻവേണ്ടി നാമുണ്ടാക്കേണ്ട വേദനയല്ല സഹനം. ജീവിതത്തിൽ സ്വാഭാവികമായുണ്ടാകുന്ന ക്ലേശങ്ങളാണത്. ആഗ്രഹിച്ച പലതും നടക്കാതെ പോകുന്നത്, നന്മ ചെയ്തിട്ടും തെറ്റിദ്ധരിക്കപ്പെടുകയും പഴി കേൾക്കേണ്ടി വരുകയും ചെയ്യുന്നത്, വിശ്വസിച്ചവർ കബളിപ്പിച്ചത്, സ്നേഹിച്ചവർ ദ്രോഹിച്ചത്, പ്രിയപ്പെട്ടവർ ഒറ്റിക്കൊടുക്കുകയും തള്ളിപ്പറയുകയും ഓടിയൊളിക്കുകയും ചെയ്തത്, ഒരുപാടു സ്വപ്നം കണ്ടാരംഭിച്ച സംരംഭം തകർന്നു പോകുന്നത്, പ്രത്യാശ നഷ്ടപ്പെടുന്നത് ...... അവിടെ ക്രിസ്തുവിനെപ്പോലെ നില്ക്കാൻ കഴിയുമോ എന്നതാണു ചോദ്യം. യേശുവിനുവേണ്ടി നാമാരും സഹിക്കേണ്ടതില്ല; യേശുവിനെപ്പോലെ ജീവിക്കാൻ പഠിച്ചാൽ മതി. ജീവിതത്തിന്റെ സ്വാഭാവിക വേദനകളിൽ നിന്നും ഒളിച്ചോടാതിരുന്നാൽ മതി.

ഓർക്കണം, യേശു സഹനം അന്വേഷിച്ചു നടന്നില്ല. നിഷ്ക്രിയമായ പീഡയനുഭവിക്കലിന്റെ പേരല്ല ക്രിസ്തു. ഒഴിഞ്ഞു മാറാവുന്ന നേരങ്ങളിൽ മരണത്തിൽ നിന്നും യേശു സ്വയം രക്ഷപെടുന്നുണ്ട്. എന്നാൽ കടന്നുപോകേണ്ട പീഡകളുടെ കയ്പുപാത്രം മുന്നിലെത്തിയപ്പോൾ അത് സ്വീകരിച്ചു എന്നു മാത്രം. ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ എന്നു നാമൊക്കെ പറയാറുണ്ട്. ദൈവത്തിന്റെ ഇഷ്ടം ഇതാണെന്നു പറഞ്ഞു ചില അനുഭവങ്ങളെ ബ്രാൻഡു ചെയ്യാൻ നമുക്കാവില്ല. ജീവിതത്തിൽ സ്വാഭാവികമായി സംഭവിക്കുന്ന വേദനകളെ സ്വീകരിക്കുക, അതിനോടു പോസിറ്റീവായി പ്രതികരിക്കുക എന്നതാണു ക്രിസ്തുമാർഗം.

നമ്മുടെ സഹനബോധ്യങ്ങളെ തിരുത്തേണ്ടതുണ്ട്. സഹനങ്ങളല്ല, ജീവിതത്തിന്റെ വേദനകളെ നേരിടുന്ന രീതികൊണ്ടാണ് യേശു വ്യത്യസ്തനായത്. എങ്ങനെയായിരുന്നു ക്രിസ്തു അതു ചെയ്തത്?

എന്തായിരുന്നു കുരിശിന്റെ വഴിയിലെ യേശുവിന്റെ ബലം?

രണ്ടു ബോധ്യങ്ങളായിരുന്നു യേശു സൂക്ഷിച്ചത് :

1. ദൈവം എന്റെ കൂടെയുണ്ടെന്ന തിരിച്ചറിവ്.

2. മരണത്തിനപ്പുറം ഉത്ഥാനമുണ്ടെന്ന പ്രത്യാശ. പ്രാർഥനയിലൂടെ യേശു സ്വന്തമാക്കിയത് ഈ ബോധ്യമാണ്. എന്നാൽ നമ്മുടെ പ്രാർഥനകൾ പലപ്പോഴും ഒളിച്ചോടാൻ സഹായിക്കാനുള്ള നിലവിളിയാണ്.

ശരിക്കും ഇവിടെയാണു വിശ്വാസം ആവശ്യമായി വരുന്നത്. ചോദിക്കുന്നതെല്ലാം ദൈവം നല്കുമെന്ന വിചാരമല്ല, സർവം നശിച്ചുവെന്നു തോന്നിക്കുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോഴും അതിൽ നിന്നും ദൈവം നന്മ രൂപപ്പെടുത്തും എന്ന ചിന്തയുടെ പേരാണ് വിശ്വാസം. അതുകൊണ്ട് സഹനത്തെ മഹത്ത്വവത്കരിക്കേണ്ടതില്ല. ഒഴിവാക്കാനാവാത്ത നേരങ്ങളിൽ അതിനെ



accept ചെയ്യാൻ പഠിച്ചാൽ മതിയാകും.

## അവന്റെ കുരിശുപണിത പാപി ഞാനല്ല!

അനുതാപ ശുശ്രൂഷകളിലൊക്കെയും യേശുവിനെ കുരിശിൽ തറച്ചതു ഞാനാണ് എന്ന മട്ടിലുള്ള അവതരണം കടന്നുവരുന്നുണ്ട്. യേശു എനിക്കുവേണ്ടി സഹിച്ചു, എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന മട്ടിൽ സ്വയം ഭാരപ്പെടുത്തുന്ന വ്യാഖ്യാനങ്ങളും ഗുണപരമല്ലാത്ത മനോഭാവങ്ങൾ രൂപപ്പെടുന്നതിനു കാരണമായിട്ടുണ്ട്. കാരണം അതു നമ്മിൽ കുറ്റബോധം സൃഷ്ടിക്കുന്നുണ്ട്. ഓർക്കണം, സ്നേഹം കടപ്പാടിന്റെ ഭാരമുള്ള കുരിശ് തോളിലെടുത്തു വയ്ക്കാൻ നിർബന്ധിക്കുന്നില്ല. സ്നേഹം ശിരസ്സുയർത്തി നില്ക്കാനും ഭാരമില്ലാതെ ജീവിക്കാനും സഹായിക്കുന്നു. കടപ്പെടുത്തുന്ന സ്നേഹം ഭാരപ്പെടുത്തുന്ന സ്നേഹമാണ്. അത് ദൈവസ്നേഹത്തിന്റെ ഭാവമല്ല.

ദുഃഖവെള്ളിയാഴ്ച നാമാലപിക്കുന്ന പ്രരോദനങ്ങളിൽ ദൈവം പറയുന്നതെന്ന നിലയിൽ നാമാലപിക്കുന്ന വരികൾ നിർഭാഗ്യവശാൽ, കടപ്പാട് ആവശ്യപ്പെടുന്ന രീതിയിലുള്ളതാണ്. ഗാഗുൽത്താ മലയിൽ നിന്നും, എൻ ജനമേ ചൊൽക പോലുള്ള ഗീതകങ്ങൾ അല്പമൊന്നു ശ്രദ്ധിച്ചാൽ നമുക്കു വല്ലാതെ കുറ്റബോധം തോന്നും. കണക്കു പറയുന്ന ദൈവത്തെയാണ് അതിൽ കാണാനാവുന്നത്. കണക്കുപറച്ചിൽ സ്നേഹത്തിന്റെ പ്രവൃത്തിയല്ല. സ്നേഹിക്കുന്നുവെന്നു പറയുന്നയാൾ താൻ ചെയ്തതൊക്കെ വിളിച്ചു പറയുമ്പോൾ അത് മറ്റേയാളെ വിലയ്ക്കെടുക്കാനുള്ള, കടപ്പെടുത്താനുള്ള ശ്രമമാണു നടത്തുന്നതെന്നു പറയേണ്ടിവരും. മാത്രമല്ല, അത്തരം വിളിച്ചു പറയൽ സ്നേഹമല്ല, ഞാനതു വാങ്ങാൻ പാടില്ലായിരുന്നുവെന്ന വിചാരമാണു തോന്നുക. പത്തുമാസം ചുമന്നു പ്രസവിച്ചു എന്ന രീതിയിലുള്ള അമ്മമാരുടെ പറച്ചിലുകളല്ലല്ലോ അവർ നല്കിയ സ്നേഹാനുഭവങ്ങളല്ലേ അവരിലേക്കു നമ്മെ ആകർഷിക്കുന്നതും അവരോടു സ്നേഹമുദിപ്പിക്കുന്നതും. അവന്റെ സ്നേഹം കടപ്പെടുത്തലല്ല; അത് കണക്കു പറയുന്നുമില്ല.

യേശു എനിക്കു വേണ്ടി സഹിച്ചു; അതുകൊണ്ട് ഞാനവനെ സ്നേഹിക്കണം എന്ന കടപ്പെടുത്തലിന്റെ ഉപദേശത്തെക്കാൾ, എനിക്കു വേണ്ടി സഹിക്കാനും തയ്യാറുള്ള ഒരു ദൈവമുണ്ട്; ആ സ്നേഹത്തെ അറിയാതെ പോകുന്നതും അതനുഭവിക്കാതെ പോകുന്നതും എന്റെ നഷ്ടമാണ് എന്ന തിരിച്ചറിവല്ലേ യഥാർഥത്തിൽ കൈമാറേണ്ടത്? ദൈവമെന്നത് എന്റെമേൽ ചുമത്തപ്പെട്ട ബാധ്യതയല്ല: അനുഭവിച്ചില്ലെങ്കിൽ വലിയ നഷ്ടമുണ്ടാക്കുന്ന സ്നേഹാനുഭവമാണ്. കുറ്റബോധം കൊണ്ട് ഞാൻ ശിരസ്സു കുനിഞ്ഞു നില്ക്കേണ്ട ഇടത്തിന്റെ പേരല്ല ക്രിസ്തു മറിച്ച്, ഞാൻ നുകരേണ്ട സ്നേഹത്തിന്റെ വലിയ ഖനിയുടെ പേരാണ്.

## യേശുവിന്റെ മരണം ഒരു കൊലപാതകമായിരുന്നു

യേശുവിനെ ബലിമൃഗം മാത്രമായി അവതരിപ്പിക്കുമ്പോൾ യേശുവിന്റെ മരണവുമായി ബന്ധപ്പെട്ടു നടന്ന സംഭവങ്ങളിൽ അധികവും നമുക്കു തമസ്കരിക്കേണ്ടി വരുമെന്നത് നാമോർക്കേണ്ടതുണ്ട്. യേശുവിന്റെ മരണത്തിനു പിന്നിലെ കാരണങ്ങൾ തീർത്തും മതപരമായിരുന്നു എന്നു നമുക്കറിയാം.

ദൈവമെന്നാൽ ഭീകരനായ ഒരു ശിക്ഷകനോ ഭയപ്പെടേണ്ട ഒരു വിധിയാളനോ എന്നതിനെക്കാൾ ക്ഷമിക്കുന്ന, കാത്തിരിക്കുന്ന സ്നേഹമാണെന്നുമുള്ള പറച്ചിലുകളും ശരിയായ ആരാധന എന്താണെന്നു പഠിപ്പിക്കാൻ യേശു നടത്തിയ ശ്രമങ്ങളും പ്രമാണികളെ പ്രകോപിപ്പിച്ചിരുന്നു. ഒപ്പം, യഹൂദരുടെ മതാനുഷ്ഠാനങ്ങളുമായി ബന്ധപ്പട്ട് യേശു നടത്തിയ വിമർശനങ്ങളും ജനം മുഴുവൻ അവൻ പിന്നാലെ പോകുന്നതു കണ്ടുണ്ടായ അസൂയയുമൊക്കെയാണ് അവന്റെ മരണത്തെക്കുറിച്ചു ചിന്തിക്കാൻ മതനേതൃത്വത്തെ പ്രേരിപ്പിച്ചത്. യേശുവിന്റെ സാന്നിധ്യം തങ്ങൾക്ക് അപകടമോ ശല്യമോ ആണ് എന്നു തോന്നിയപ്പോഴാണ് രാഷ്ട്രീയ സാഹചര്യങ്ങളുപയോഗിച്ച് യേശുവിനെ എന്നേക്കുമായി ഇല്ലാതാക്കാനുള്ള വഴി തേടാൻ അവർ തീരുമാനിച്ചത്. യേശുവിന്റെ മരണം ഗൂഢാലോചനയുടെ ഫലമായി നടന്ന ഒരു കൊലപാതകമായിരുന്നു.

ഇപ്പറഞ്ഞതിന്റെ അർഥം അവന്റെ മരണത്തിന് രക്ഷാകര മൂല്യം ഇല്ലെന്നല്ല! യേശു നടത്തിയ രക്ഷാകരമായ പ്രവൃത്തി അവന്റെ പിറവി മുതലേ ആരംഭിക്കുന്നുണ്ട്. മനുഷ്യർക്ക് ദൈവത്തെക്കുറിച്ച് അനല്പമായ തെറ്റിദ്ധാരണകൾ ഉണ്ടായിരുന്നു. അവർ വരച്ച ദൈവചിത്രങ്ങൾക്കു നേരുണ്ടായിരുന്നെങ്കിലും വൈകല്യവുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ദൈവത്തിലേക്കു ചുവടുവയ്ക്കാൻ അവർക്കു ഭയമുണ്ടായിരുന്നു. കാരണം, ശിക്ഷകളെ അവർ അത്രയേറെ പേടിച്ചു. പറഞ്ഞു കേട്ട കഥകളിൽ അധികവും ആവർത്തിച്ചത് ഭീതിദനായ ദൈവത്തിന്റെ മുഖത്തെക്കുറിച്ചായിരുന്നു. എന്നാൽ യേശു പറഞ്ഞു തുടങ്ങിയപ്പോഴാണ് അതുവരെ മറഞ്ഞിരുന്ന ഒരു നിധി വെളിപ്പെട്ടു തുടങ്ങിയത്. ഭയപ്പെടേണ്ട ദൈവത്തിനു പകരമായി സ്നേഹിക്കേണ്ട ദൈവത്തെക്കുറിച്ചു ലോകം അവനിൽ നിന്നു കേട്ടു. ദൈവമെന്ന പ്രകാശത്തിൽ നിന്നും അകന്ന് നിരാശയുടെയും വേദനയുടെയും ഏകാന്തതയുടെയുമൊക്കെ ഇരുട്ടിലായിരുന്ന മനുഷ്യർ ദൈവസാന്നിധ്യത്തിന്റെ വെളിച്ചത്തിലേക്ക് നടന്നു തുടങ്ങുന്നിടത്ത് യേശുവിന്റെ മനുഷ്യാവതാര ലക്ഷ്യം സഫലമായിത്തുടങ്ങിയിരുന്നു. കാൽവരിയിലെ മരണം അതിന്റെ പൂർണതയുടെ പ്രഖ്യാപനമായി മാറിയെന്നേയുള്ളു.

## പിൻവിചാരം:

യേശുവിന്റെ കുരിശിനും മരണത്തിനും നല്കിയ അമിതമായ ഊന്നൽ മനുഷ്യബോധത്തിൽ കുറ്റബോധത്തെ വർധിപ്പിക്കാനിടയായിട്ടുണ്ട്. മാത്രമല്ല അത് യേശുചരിതത്തിന്റെ അഴകും ആഴവും ന്യൂനീകരിക്കപ്പെടാനും വഴി തെളിച്ചു. ക്രൂശിതനിൽ തെളിഞ്ഞു നില്ക്കുന്നത് ആരുടെയൊക്കെയോ പാപത്തിനുവേണ്ടി കൊല്ലപ്പെടേണ്ടി വന്ന ബലിമൃഗത്തിന്റെ ദൈന്യതയല്ല; ദൈവത്തിന്റെ സ്നേഹാധിക്യവും കരുണയും കാത്തിരിക്കാനുള്ള ക്ഷമയുമൊക്കെ മനുഷ്യനു വെളിപ്പെടുത്താനായതിന്റെ ധന്യതയാണ് അവനിൽ ദീപ്തമാവുന്നത്. അതുകൊണ്ട്, മനുഷ്യകുലത്തിന്റെ പാപത്തെയല്ല ദൈവത്തിന്റെ കരുണയെക്കുറിച്ചു ധ്യാനിക്കേണ്ട ദിനങ്ങളാണു വിശുദ്ധവാരം. വിശുദ്ധവാരമെന്നല്ല യേശുചരിതം തന്നെ അതിനുള്ള ക്ഷണമാണ്. യേശു സഹിച്ചുവെന്നതോർത്തു കരയേണ്ട ദിനങ്ങളല്ലിത്. എന്റെ പാപമാണ് അവനെ കുരിശിലേറ്റിയതെന്ന കുറ്റബോധം അനുഭവിക്കേണ്ട നേരവുമല്ല. നമ്മിലൊക്കെ ക്രിസ്തുവുണ്ട്. അത് പിതാവിന്റെ മകനും മകളുമായി ജീവിക്കാൻ നമ്മിൽ ദൈവം പാകിയ വിത്തിന്റെ സാധ്യതയാണ്. ദൈവത്തിന്റെ കൂടെ ജീവിക്കാൻ ശ്രമിക്കുമ്പോൾ നമ്മിലെ വിത്ത് മുളപൊട്ടുകയും തിരിനീട്ടുകയും ചെയ്യുന്നു. അങ്ങനെയാണ് എന്നിൽ ക്രിസ്തു രൂപപ്പെടാൻ തുടങ്ങുന്നത്. അതുകൊണ്ട് വിശുദ്ധ വാരം ആചരിക്കുന്നതിനായി കുരിശല്ല പണിയേണ്ടത് കുരിശിന്റെ വഴിയിൽ യേശു സൂക്ഷിച്ച പ്രത്യാശയിൽ പങ്കുചേരുകയാണു വേണ്ടത്. ■

കവിത



# അരികെ

അകലേക്കുപോയോരെൻ പാദങ്ങളെ
നറുപൂഷ്പംപോലെ കരങ്ങളിലൊതുക്കി
കൂടെ നടത്തി നീ സദാ

അകലെയാണെന്നു നിനച്ചു
കണ്ണീർ പൊഴിക്കവെ
അരികിലുണ്ടെന്നു പതിയെച്ചൊല്ലിയെൻ
മിഴി തുടച്ചു നീ

അറിയാതെപോയി നിൻ സ്നേഹക്കരുതൽ
നിന്നിൽനിന്നകന്ന നിമിഷങ്ങളിൽ
എന്നൊപ്പം നീ നടന്നതറിയാതെ മായാ
ലോകത്തിലാണ്ടുപോയ് ഞാൻ

നിൻ ഹൃദയത്തെ മുറിവേല്പിച്ചെന്നാ
കിലുമെൻ ജീവിതയാത്രയെ
കരതാരിൽ ചേർത്തണച്ചു നീ സ്നേഹമേകി

കടൽ കരയെ എന്നപോൽ
കൈവിടാത്തൊരെൻ നാഥാ നിന്നരികി
ലായിതാ അലിഞ്ഞുചേരുന്നീ മമജന്മം.



നിമിമോൾ പി. എഫ്, പുന്നക്കാമുകൾ

അനുസ്മരണം



# സെലിൻ വിൽഫ്രഡ് എന്ന തീപ്പൊരി വക്കീൽ



ബർഗ്മാൻ തോമസ്

ഒരു സവർണലോബി തിരുവനന്തപുരം കോടതിയെ ഭരിച്ചിരുന്ന കാലത്ത് കോട്ടും ഗൗണുമണിഞ്ഞ് കോടതിയിലേക്കു ചെന്ന സെലിൻ വിൽഫ്രഡിനെ എതിരേറ്റത് 'തുറയിലല്ലേ ഇവൾ ജനിച്ചത്? കോടതിയിൽ കയറിട്ട് ഇവൾ എന്തുചെയ്യാൻ? എന്ന പരിഹാസശരമായിരുന്നു. പരിഹാസം കരുത്താക്കി നിയമവഴികളിലൂടെ സെലിൻ തലയുയർത്തി നടന്നു. ആ തലയെടുപ്പിൽ കളിയാക്കിയവരുടെ നാവടഞ്ഞു. നാവ് പിഴക്കാത്തിടത്തോളം കാലം ജോലി തുടരുമെന്ന് പ്രഖ്യാപിച്ചു. ഒരിക്കൽ തന്നെ പരിഹസിച്ചവരുടെയും അവഗണിച്ചവരുടെയും മുകളിൽ നില്ക്കാനും ഒടുവിൽ അവർ വന്ന് ലീഗൽ അഡ്വൈസ് ചോദിക്കാനുമുള്ള നിലയിലേക്കുയർന്നു. ഒരു തീപ്പൊരി വക്കീലായി പേരെടുത്തു. ചില പ്രത്യേക പ്രതിസന്ധിഘട്ടങ്ങളിൽ കോടതിതന്നെ ചോദിച്ചു; 'ഇക്കാര്യത്തിൽ സെലിൻ മാഡത്തിന്റെ അഭിപ്രായം എന്താണ്?' അതൊന്നും അത്ര നിസ്സാര കാര്യമല്ല. ഉവ്വ്, കാലം പകരം ചോദിക്കും.

ഇക്കഴിഞ്ഞ ഫെബ്രുവരി 9ന് ആയിരുന്നു സെലിൻ വിൽഫ്രഡിന്റെ അന്ത്യം. 87 വയസ്സായിരുന്നു. മരിക്കുന്നതിന് അഞ്ചുദിവസം മുമ്പുവരെയും കോടതിൽപോയി കേ

സ് വാദിച്ചു. നീണ്ട 58 വർഷമാണ് വഞ്ചിയൂർ കോടതിയിൽ അഭിഭാഷകവൃദ്ധി ചെയ്തത്.

തീരദേശഗ്രാമായ പുല്ലുവിളയിൽ ഫെർണാണ്ടസ്-ആഞ്ജലീന ദമ്പതികളുടെ ഏകമകളായി സെലിൻ ജനിച്ചു. ഒരു പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നായിരുന്നെങ്കിലും ഫെർണാണ്ടസിന് നല്ല വിദ്യാഭ്യാസം ഉണ്ടായിരുന്നു. സിലോണിൽ പത്രപ്രവർത്തകനായിരുന്ന ഫെർണാണ്ടസ് പിന്നീട് പോസ്റ്റാഫീസിൽ ജോലികിട്ടി സിംഗപ്പൂരിലേക്കു പോയി. അതിസാരം പിടിപെട്ട് അവിടെവച്ചു മരിച്ചു. അവിടെത്തന്നെ അടക്കംചെയ്യുകയും ചെയ്തു. ആഞ്ജലീനയുടെ ദാമ്പത്യജീവിതം കേവലം മൂന്നുമാസം മാത്രമായിരുന്നു. കുടുംബം അനാഥമായി. സെലിൻ അച്ഛനെ കണ്ടിട്ടില്ല. വളരെ സ്ട്രഗിൽ നിറഞ്ഞ ഒരു ബാല്യകാലം. ഒറ്റമകൾ. ഭാഗ്യമില്ലാത്ത മകളായി വളർന്നു. സാമ്പത്തികം ഒട്ടും ഇല്ല. സഹായിക്കാൻ ആരുമില്ല. അതുകൊണ്ടുതന്നെ ഒരുപാട് പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടിയും വന്നു. ചാക്കരി വിലയ്ക്കെടുത്ത് ചില്ലറയായി വിറ്റ് ചെറുവരുമാനമുണ്ടാക്കി ആഞ്ജലീന മകളെ ഹോസ്റ്റലിൽ നിർത്തി പഠിപ്പിച്ചു. അകാല വൈധവ്യം പേറുകയും തന്നെ പഠിപ്പിക്കാൻ കഷ്ടപ്പെടുകയും ചെയ്യുന്ന അമ്മ ആഞ്ജലീന. ജീവിതത്തിന്റെ ഈ നേർക്കാഴ്ചയാണ് സെലിന്റെ പില്ക്കാല ജീവിതത്തെ രൂപപ്പെടുത്തിയെടുക്കാൻ പര്യാപ്തമായ ഘടകം. തന്റെ അമ്മയിൽ നിന്നും ജീവിതത്തെ നേരിടാനുള്ള ആത്മബലം ലഭിച്ചു. ഡോക്ടർ ആകണമെന്നായിരുന്നു ആഗ്രഹം. സാമ്പത്തിക ബുദ്ധിമുട്ടും അന്നത്തെ ജീവിത സാഹചര്യവും കാരണം അതിനു സാധിച്ചില്ല. പകരം പയ്യന്നൂർ മുൻസിഫ് കോടതിയിൽ ക്ലാർക്കായി. വലിയതുറ സ്കൂളിലെ അദ്ധ്യാപകനായിരുന്ന വിൽഫ്രഡ് സെബാസ്റ്റ്യനെ വിവാഹം ചെയ്തു. അഭിഭാഷകയാകാൻ കാരണം അന്നാ ചാണ്ടിയാണ്. ട്രാൻസ്ഫറിനുവേണ്ടി അന്നാ ചാണ്ടിയെ കാണാൻ ചെന്നപ്പോൾ നിനക്ക് നിയമം പഠിച്ചുകൂടേ എന്നവർ ചോദിച്ചു. അതൊരു പ്രചോദനമായി. ഭർത്താവും കൂട്ടുനിന്നു. രണ്ടുപേരും തങ്ങളുടെ ജോലി രാജി വച്ചുകൊണ്ട് തിരുവനന്തപുരത്തെ ഗവൺമെന്റ് ലോ കോളേജിൽ അഭിഭാഷക പഠനത്തിനു ചേർന്നു. വക്കീലായി. വഞ്ചിയൂർ കോടതിയിൽ എൻറോൾ ചെയ്തു. ഒരുമിച്ച് എൻറോൾ ചെയ്ത ആദ്യ അഭിഭാഷക ദമ്പതികളും ഇവരായിരുന്നു. അവിടെ രണ്ടുപേരും അന്യോന്യം സഹായിച്ചുകൊണ്ട് മുന്നോട്ടുപോയി.

വെല്ലുവിളി നിറഞ്ഞതായിരുന്നു സെലിന്റെ അഭിഭാഷകജീവിതം. പുരുഷ കുത്തകയായ ഒരു മേഖലയിലേക്ക് അതിനെ വകവയ്ക്കാതെ തന്റെ വാക്കും സാമർത്ഥ്യവും കൊണ്ട് വാദപ്രതിവാദങ്ങളുമായി മുന്നോട്ടുപോയി. പലതരം കേസുകൾ വാദിച്ചു. ഒരു ക്രമിനൽ അഭിഭാഷകയായതുകൊണ്ടുതന്നെ ധാരാളം എതിർപ്പുകൾ നേരിടേണ്ടി വന്നു. ഏതൊരു കുറ്റവാളിയും ശിക്ഷിക്കപ്പെടണമെന്നും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുതെന്നും നിഷ്ക്കർഷയുണ്ടായിരുന്നു.

വാദിച്ചു ജയിച്ച, മറക്കാനാവാത്ത പിള്ളതൈലം കേസിനെക്കുറിച്ച് ഒരഭിമുഖത്തിൽ പറഞ്ഞത് ഇങ്ങനെ; കടിഞ്ഞൂൽ പ്രസവത്തിലെ ആൺകുഞ്ഞിനെ കൊന്ന് കരളെടുത്ത് തൈലമുണ്ടാക്കി ഭൂമിയിൽ കുഴിച്ചിട്ടാൽ

# അഭിഭാഷകവൃത്തിയിലെ അപൂർവ വ്യക്തിത്വം

**മോൺ. യൂജിൻ എച്ച്. പെരേര**
വികാരി ജനറൽ, തിരുവനന്തപുരം ലത്തീൻ അതിരൂപത



അഭിഭാഷകവൃദ്ധിയിൽ കഴിവും സാമർത്ഥ്യവും തെളിയിച്ച അപൂർവ വ്യക്തിത്വത്തിനുടമയാണ് ശ്രീമതി സെലിൻ വിൽഫ്രഡ്. നീതിക്കും സമത്വത്തിനുംവേണ്ടി എന്നും ആർജവത്തോടെ നിലകൊണ്ടു. തിരദേശമേഖലയിൽനിന്നും ഉയർന്നുവന്ന ഒരു വ്യക്തി എന്ന നിലയിൽ സമുദായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അക്ഷീണം യത്നിച്ചു. ഉദാഹരണമായി ചെറിയതുറയിൽ കലാപസമാനമായ സാഹചര്യം നേരിട്ടപ്പോൾ ജനങ്ങളോട് ചേർന്നുനിന്ന് ധിരതയോടെ മുന്നോട്ടുപോയി വിജയംകൈവരിച്ചു. ഒരു ക്രിമിനൽ നിയമവിദഗ്ദ്ധ എന്ന നിലയിൽ ആ രംഗത്ത് സാധാരണജനങ്ങൾക്ക് പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പൊതുസമൂഹത്തിലും നീതിന്യായ വ്യവസ്സഥയിലും ധീരവും ഗംഭീരവുമായ ഇടപെടലുകൾ നടത്തി.

അതിരൂപതയുടെ സാമ്പത്തിക സമിതി, വസ്തുവകകളെ സംബന്ധിക്കുന്ന സമിതി, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ തുടങ്ങിയ മേഖലകളിൽ സമതികളുടെ അംഗം എന്ന നിലയിലും അഭിഭാഷക എന്ന നിലയിലും ദീർഘകാലം സേവനം നൽകി. രൂപതയുമായി ബന്ധപ്പെട്ട സിവിൽപരമായും ക്രിമിനൽപരമായുമുള്ള കേസുകൾ ഇവരുടെ നേതൃത്വത്തിലായിരുന്നു തിരുവനന്തപുരം ജില്ലാ കോടതി മുമ്പാകെയും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയും നടത്തിവന്നത്. അതിരൂപതാദ്ധ്യക്ഷന്മാർക്കുനേരേയും അതിരൂപതാ ഭരണസംവിധാനത്തിനുനേരേയും നിയമവ്യവഹാരങ്ങൾ നേരിട്ട സന്ദർഭങ്ങളിൽ തന്റെ അഗാധമമായ നിയമപാരമ്പര്യം മുൻനിർത്തി തന്റേടത്തോടെയും തന്മയത്വത്തോടെയും നിലപാടുകൾ കൈക്കൊണ്ടത് അതിരൂപത നന്ദിയോടെ സ്മരിക്കുന്നു.

നിധി കിട്ടുമെന്ന് മന്ത്രവാദി പറഞ്ഞതുകേട്ട് വിശ്വസിച്ച് കൈക്കുഞ്ഞിനെ അഞ്ചുപേർ ചേർന്ന് തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി. കേസിലെ പ്രതികൾക്ക് ജീവപര്യന്തം വാങ്ങി നൽകി. സെലിന്റെ കരിയറിലെ വഴിത്തിരിവായ വിധിയായിരുന്നു അത്.

നല്ലൊരു മനഃസാക്ഷിയുടെ ഉടമ കൂടിയായിരുന്നു. സെലിൻ. പബ്ലിക് പ്രോസിക്യൂട്ടറായിരിക്കെ വന്ന പ്രമാദമായ ഒരു കൊലക്കേസ് ഇങ്ങനെ:

ഒരു കുഷ്ഠരോഗിയാണ് കൊലക്കേസിലെ പ്രതി. തള്ളവിരലൊഴികെ മറ്റുവിരലുകളൊന്നും ഇല്ലാത്ത ഒരു കുഷ്ഠരോഗി. ഒരു കുറിയ മനുഷ്യൻ. കൊലചെയ്യപ്പെട്ടയാൾക്കാകട്ടെ ആറരയടിപ്പൊക്കവും നൂറുകിലോ ഭാരവും. 32 കുത്തുകുത്തി കൊലപ്പെടുത്തി എന്നായിരുന്നു കേസ്. പ്രതിതന്നെ കുറ്റം ഏറ്റുപറഞ്ഞ് കീഴടങ്ങിയതുമാണ്. അതുകൊണ്ടുതന്നെ ശിക്ഷ ഉറപ്പാണ്. പക്ഷേ, സെലിന് എന്തുകൊണ്ടോ ഇയാൾ ഈ കുറിയ മനുഷ്യൻ കുറ്റം ചെയ്തു എന്നത് വിശ്വസിക്കാൻ കഴിയുന്നില്ല. ഇയാൾ തന്നെയാണോ യഥാർത്ഥ പ്രതി? ഒരുവേള ഇയാൾ നിരപരാധിയാവുമോ? മാനസികസംഘർഷങ്ങൾക്കടിപ്പെട്ടു. ഒടുവിൽ പ്രതിയെ ജയിലിൽപോയി കാണാൻ തീരുമാനിച്ചു. പ്രോസിക്യൂട്ടർ സാധാരണ കൊലയാളികളെ കാണാറില്ല. കൊല്ലപ്പെട്ട ആൾക്കുവേണ്ടിയാണ് എപ്പോഴും നിലകൊള്ളുക. സെലിനെ കാണാൻ പക്ഷേ, പ്രതി കൂട്ടാക്കിയില്ല. ഒടുവിൽ 'എനിക്കു കണ്ടേ പറ്റൂ എന്ന നിർബന്ധത്തോടെ ജയിലറെ കണ്ട് പ്രത്യേക അനുമതി വാങ്ങി പ്രതിയെ കണ്ടു. സംസാരിച്ചു. സെലിൻ ചോദിച്ചു;

'തീർച്ചയായും നിങ്ങൾക്കു ശിക്ഷ കിട്ടും. കുറ്റം നിങ്ങൾ സമ്മതിച്ചതുമാണ്. പക്ഷേ, എന്റെ മനഃസാക്ഷി എന്നോടു എതിര് നില്ക്കുന്നു: കുറിയവനായ, വിരലുകളില്ലാത്ത നിങ്ങൾക്കയാളെ കൊല്ലാനാകില്ല. പറയൂ, എനിക്കറിയണം നിങ്ങൾ കുറ്റം ചെയ്തോ?'

'തീർച്ചയായും അയാളെ കൊന്നത് ഞാൻ തന്നെയാണ്. ദേ, ഇങ്ങനെ...' എന്നു പറഞ്ഞ് താൻ എങ്ങനെയാണ് കൊന്നത് എന്ന് ഇവ്വിധം വിവരിച്ചു; 'അയാൾ നന്നായി മദ്യപിച്ചിരുന്നു. അതുകൊണ്ട് അയാളെ തള്ളിയിടാൻ എളുപ്പമായിരുന്നു. ശേഷം അയാളുടെ മുതുകിൽ കയറിയിരുന്നു. ഞാനൊരു തണ്ടാനാണ്. എന്റെ തണ്ടാൻകത്തി ഞാൻ കരുതിയിരുന്നു. അതിന്റെ ക്ലാമ്പ് എന്റെ നഷ്ടപ്പെടാത്ത പെരുവിരലിൽ കൊളുത്തിയിട്ടിരുന്നു. മറ്റേ കൈയുടെ സഹായവും കൊണ്ട് അയാളുടെ നെഞ്ചിലേക്ക് ആഞ്ഞാഞ്ഞ് കൊത്തുകയായിരുന്നു.'

വളരെ വിചിത്രമായിരുന്നു കൊലപാതക കാരണം. പ്രതിയുടെ അമ്മയെ അകാരണമായി തെറി വിളിച്ചു.

നീതിന്യായ കോടതി അയാളെ ശിക്ഷിച്ചു എങ്കിലും സെലിൻ വിജയിച്ചത് മനഃസാക്ഷിയുടെ കോടതിയിലാണ്.

# മമ്മി ഒരു പാഠപുസ്തകം

**ഡോ. സുനിത വിൽഫ്രഡ്**



**ഞ**ങ്ങൾ മൂന്ന് മക്കളാണ്. എന്റെ മൂത്ത ബ്രദർ അഡ്വക്കേറ്റാണ്. അതിലും മൂത്ത ബ്രദർ ലോയിൽ ഗ്രാജുവേറ്റ് ചെയ്തെങ്കിലും പ്രാക്റ്റീസ് ചെയ്തില്ല. മമ്മിക്ക് കൃത്യനിഷ്ഠ പ്രധാനമായിരുന്നു. ഇന്നത്തെപ്പോലെ ആധുനിക സൗകര്യങ്ങളൊന്നും ഇല്ലാത്ത കാലത്ത് അതിരാവിലെ എഴുന്നേറ്റ് വീട്ടുജോലികളും പപ്പയുടെ കാര്യങ്ങളുമെല്ലാം ചെയ്ത് കൃത്യസമയത്തിനുതന്നെ ജോലിക്കു പോകുമായിരുന്നു. രണ്ടുപേരും സജീവ രാഷ്ട്രീയത്തിലുണ്ടായിരുന്നു. കോൺഗ്രസ് പ്രവർത്തകാരായിരുന്നു. അപ്പോഴും മക്കളുടെ പഠിത്തകാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു. പാഠങ്ങൾ എല്ലാം പഠിച്ചിട്ടുണ്ടോ എന്നറിയാനായി ഡിക്റ്റേഷൻ ഇടുമായിരുന്നു. ഞങ്ങളുടെ എല്ലാ ആക്ടിവിറ്റീസിലും കൂടെ നില്ക്കുമായിരുന്നു. ഒട്ടുമിക്ക സിനിമകൾക്കും ഞങ്ങളെ കൊണ്ടുപോകുമായിരുന്നു. ജോലിയോടൊപ്പം തന്നെ കുടുംബജീവിതം എങ്ങനെ നയിക്കണമെന്നും മക്കളെ എങ്ങനെ വളർത്തിയെടുക്കണമെന്നും ഉത്തമബോധ്യം ഉണ്ടായിരുന്നു. ജാതിമത വ്യത്യാസമില്ലാതെ എല്ലാപേരോടും എങ്ങനെയാണ് സംസാരിക്കുക എവ്വിധമാണ് പെരുമാറുക എന്ന് ഞങ്ങൾക്ക് മനസ്സിലാക്കിത്തരുമായിരുന്നു. കുടുംബവും ജോലിയും സാമൂഹിക പ്രതിബദ്ധതയും ഒരുപോലെ നോക്കിക്കാണാൻ ശീലിപ്പിച്ചു. ഒന്നാന്തരം കുക്ക് ആയിരുന്നു. വീട്ടിൽ വരുന്ന അതിഥികൾക്കും വീട്ടിൽ വച്ചു നടക്കുന്നു ഒരോ പാർട്ടികൾക്കും മമ്മിതന്നെ വെച്ചുവിളമ്പി നല്കിയിരുന്നു. മമ്മിയുടെ ഏറ്റവും വലിയ ഇഷ്ടങ്ങളിലൊന്ന് വീട്ടിൽ വരുന്നവർക്ക് ഭക്ഷണം കൊടുക്കുക എന്നതായിരുന്നു. ഒരർത്ഥത്തിൽ മമ്മിക്ക് അതൊരു വിനോദമായിരുന്നു.

ലത്തീൻ സമുദായത്തെ മുന്നോട്ടുകൊണ്ടുപോകണം എന്ന അതിയായ ആഗ്രഹം ഉള്ളിലുണ്ടായിരുന്നു. അതുകൊണ്ടാകണം ഇത്രയധികം ശോഭിക്കാൻ മമ്മിക്കായത്. അപാര ഹാർഡ്‌വർക്കിംഗ് ആയിരുന്നു. ഒരു കേസും തന്റെ കാരണത്താൽ തോറ്റുപോകരുതെന്ന് ആഗ്രഹിച്ചിരുന്നു. ഭയങ്കര നിശ്ചയദാർഢ്യം ഉണ്ടായിരുന്നു. ഒരോ കേസിനും ഒരോ നോട്ടുബുക്ക് തയ്യാറാക്കിയിരുന്നു. പരീക്ഷയ്ക്കു തയ്യാറെടുക്കുന്നതുപോലെ ഒരോ കേസും വിശദമായ പഠനത്തിനു വിധേയമാക്കിയിരുന്നു. അതുകാരണം കേസുകൾ അനായാസം കൈകാര്യംചെയ്യാൻ സാധിച്ചിരുന്നു. ആ ഡെഡിക്കേഷൻ അല്ലെങ്കിൽ കമ്മിറ്റ്മെന്റ് ജോലിയിലും ജീവിതത്തിലും സാമൂഹികപ്രവൃത്തിയിലും ഗുണം ചെയ്തിരുന്നു. മമ്മിയുടെ വലിയൊരു ക്വാളിറ്റിയായി ഞാനതു കാണുന്നു.

ആത്മകഥ എഴുതിത്തുടങ്ങിയിരുന്നു. തന്റെ ജീവിതകഥ അടുത്ത തലമുറ അറിയട്ടെ എന്നും പറഞ്ഞിരുന്നു.



**വെല്ലുവിളി നിറഞ്ഞതായിരുന്നു സെലിന്റെ അഭിഭാഷകജീവിതം. പുരുഷ കുത്തകയായ ഒരു മേഖലയിലേക്ക് അതിനെ വകവയ്ക്കാതെ തന്റെ വാക്കും സാമർത്ഥ്യവും കൊണ്ട് വാദപ്രതിവാദങ്ങളുമായി മുന്നോട്ടുപോയി.**

വഞ്ചിയൂർ കോടതിയിലെ നിറസാന്നിദ്ധ്യമായിരുന്നു സെലിൻ വക്കീൽ. യുവ അഭിഭാഷകർക്ക് എന്നും പ്രചോദനമായിരുന്നു. വക്കീൽ മുത്തശ്ശിയെന്നും സെലിൻ ചേച്ചിയെന്നും സെലിനാമ്മയെന്നുമാണ് അഭിഭാഷകർ വിളിക്കുക. മുൻമന്ത്രി ആന്റണി രാജു ഉൾപ്പെടെ 200ൽ അധികം പേർ ജൂനിയറായി പ്രാക്ടീസ് ചെയ്തു.

വിവിധകാലങ്ങളിൽ ഭാര്യമാരെ കൊലപ്പെടുത്തിയ ഒൻപതു ഭർത്താക്കന്മാരെ ശിക്ഷിക്കാൻ വഴിയൊരുക്കി. കോർപറേഷൻ ഓഫീസിലെ ഇരട്ടക്കൊലപാതകം, വർക്കലയിലെ കുഴൽപ്പണം തങ്കമ്മ കേസ് തുടങ്ങി നൂറിലേറെ കേസുകളിൽ ശിക്ഷ വാങ്ങിക്കൊടുത്തു. 1972 മുതൽ തുടർച്ചയായി 15 വർഷക്കാലം തിരുവനന്തപുരം ജില്ലാ ഗവൺമെന്റ് പ്ലീഡർ ആൻഡ് പബ്ലിക് പ്രോസിക്യൂട്ടർ ആയിരുന്നു. ഇന്ത്യൻ നിയമചരിത്രത്തിൽ എഴുതപ്പെടേണ്ട ഒരദ്ധ്യായം.

പണ്ട് ആകാശവാണിയിലെ സ്ഥിരം ഗായികയായിരുന്നു സെലിൻ. വോക്കൽ കോഡിനുണ്ടായ തകരാറിനെ തുടർന്നാണ് കളംവിട്ടതെന്ന് അധികാർക്കും അറിയാത്ത രഹസ്യം. ■

കവിത



# നേരം

നേരമുണ്ടാകണം നേരോടണ കാലം
നോട്ടമുണ്ടാകണം നേട്ടം തികയണ കാലം
നേട്ടം തികഞ്ഞിട്ട് നോട്ടത്തിനെത്തുമ്പോൾ
മിണ്ടാൻ നേരിലുണ്ടാകില്ല കൂട്ടർ
നേരായനേരം കൊഴിഞ്ഞുപോയ്

നേരിലുണ്ടായപ്പോൾ നേരമില്ലാത്തവർ
നേർച്ച കൊടുക്കുന്നു കഷ്ടം
നേരിന്റെ ആത്മത്തിനായ്
നേരായനേരം കഴിഞ്ഞുപോയ്.

# താരം

താരങ്ങൾ മിന്നുന്ന നീലാംബരം
ചേതോഹരമാക്കിയ തമ്പുരാൻ
അതിലേറെ ചന്തമായ്
എന്നെയും നിന്നെയും
കരതാരിൽ കരുതുന്നു.
എത്രയോ വിസ്മയം!
വിണ്ണിലെ താരങ്ങളല്ല താരം
താതന്റെ കൈകളിൽ
ഞാനും നീയും
സ്നേഹതാരം.

# ബലി

ബലിവേദിയിൽ
ബലിയാകാൻ
ബലവാനാം ദൈവം
ബലിയായണയുന്നു.


ബലഹീനരെല്ലാം
ബലവാൻമാരാകും
ബലിയുടെ യോഗ്യതയാൽ.

ബലിയായ ബലവാനേ
ബലിയോട് ചേരാൻ
ബലമേകണെ!



**ഫിലോമിന ജോയി**

കഥ



# നേർച്ചക്കടങ്ങൾ

കടൽത്തീരം അപ്പോൾ വിജനമായിരുന്നു.

അല്ലേലും ഈ പൊരി വെയിലത്ത് കടൽത്തീരത്തേക്ക് ആര് വരാനാണ്?

കടലിന്റെ ഉള്ളിലെ സങ്കടങ്ങൾ പതഞ്ഞു പൊങ്ങി അലമുറയിട്ട് തീരത്ത് തലതല്ലി പരിഭവങ്ങൾ പറഞ്ഞ് പതിവുപോലെ തിരിച്ചു പോകുന്നു. പരിഭവം പറയാൻ കടലിന് തീരം ഉണ്ട്, തനിക്കോ? അമ്മ മാത്രം. പക്ഷേ, ദൈവം ആവശ്യത്തിൽ കൂടുതലായി കൊടുത്ത സങ്കടങ്ങളുടെ മാറാപ്പു ചുമന്ന് തളർന്ന അവരുടെ മുമ്പിൽ എങ്ങിനെ തന്റെ സങ്കടങ്ങൾ പറയും?

കടലിന് അഭിമുഖമായി തീരത്ത് നിലയുറപ്പിച്ച നീല കളർ അടിച്ച സെയിന്റ് ആന്റണി എന്ന യാനത്തിന്റെ നിഴലിൽ അവൻ തളർന്നിരുന്നു. നിഴലിലെ പൂഴിക്കു ചൂട് കുറവുണ്ട്. സെയിന്റ് ആന്റണിയെ ചാരി ഇരുന്നപ്പോൾ തെല്ലൊരാശ്വാസം. ഇടയ്ക്കവൻ ചെരിഞ്ഞ് കടൽത്തീരത്തേക്ക് നോക്കി. യേശുവും ശിഷ്യന്മാരും കടൽത്തീരത്തോടെങ്ങാനും വരുന്നുണ്ടോ? അവരിൽ ആരുടെയെങ്കിലും കൈയ്യിൽ വിശക്കുന്നവർക്കുള്ള അപ്പമുണ്ടാകുമോ? അവൻ പലപ്പോഴും ക്രിസ്തുവിനെ കടൽത്തീരത്ത് തേടിയിട്ടുണ്ട്. ക്രിസ്തുവിന്റെ ഇഷ്ട്ട ഇടങ്ങളിൽ ഒന്നായിരുന്നല്ലോ കടൽ തീരം.

നെഞ്ചിൽ തളംകെട്ടിയ ദുഃഖം കണ്ണിലൂടെ താഴോട്ട് ഒഴുകി. ഇന്നലെ രാവിലെ ഭക്ഷണം കഴിച്ചതാണ്. ഉച്ചയ്ക്ക് അമ്മ മുറ്റത്തെ തെങ്ങിൽ നിന്നും അവസാനത്തെ കരിക്കും കുത്തി താഴെയിട്ടു.

കടലിന്റെ അടിയിൽ മീനുണ്ട്... പിന്നിട്ടുവന്ന കവലയിലെ കടകളിൽ പഴങ്ങളും ഭക്ഷണങ്ങളും വിശപ്പുള്ളവരെ കാത്തിരിപ്പുണ്ട്. പക്ഷേ, അതിനർഹമായ യാതൊന്നും തന്റെ കയ്യിലില്ല. വിശപ്പല്ലാതെ. വിശപ്പ് ആഹാരം അർഹിക്കുന്നുണ്ടോ?

എല്ലാ പ്രാർഥനകൾക്കൊടുവിലും ‘എന്റെ കൊച്ചിനെ നീ പട്ടിണിക്കിടല്ലേ’ എന്നവൾ കൂട്ടിച്ചേർക്കാറുണ്ടെകിലും. ഈ അനുബന്ധ പ്രാർഥന പലപ്പോഴും ഫലംകാണാറില്ലായിരുന്നു.

‘ഇനി തരാൻ എന്റെ കയ്യിൽ ഒന്നുമില്ല‘ എന്ന് പറഞ്ഞ് മുറ്റത്തെ തെങ്ങ് കൈമലർത്തിയപ്പോഴാണ് ‘മക്കളെന്തെങ്കിലും വാങ്ങി തിന്നോ‘ എന്ന് പറഞ്ഞവൾ ആ കുരുന്നുകൈകളിൽ ഏതാനും ചില്ലറകൾ കൊടുത്തത്.

വിശപ്പടക്കാൻ ആവില്ലെങ്കിലും കടലയുടെ തൊലി പോലും കളയാൻ അവനു തോ



**ഫാ. ജിജി കലവനാൽ sdb**

ന്നിയില്ല. അമ്മക്കുവേണ്ടി ഒരു പൊതി കടല അടുപ്പിൻ പാകത്തിൽ വച്ച് കലത്തിൽ നിന്ന് കുറച്ചു വെള്ളവും മോന്തിക്കുടിച്ച് പുറത്ത് കടക്കുമ്പോൾ 'എന്റെ മാതാവേ, ആരെങ്കിലും കുറച്ച് പൈസ തന്നിരുന്നെങ്കിൽ പകുതി ഞാൻ പള്ളിക്ക് കൊടുത്തേക്കാവേ...' എന്നവൾ ഹൃദയം നൊന്തു പ്രാർത്ഥിക്കുന്നത് കേട്ടു.

അമ്മയുടെ നേർച്ചക്കടങ്ങളുടെ ഭാരം അവന്റെ ജീവിതവും പേറുന്നുണ്ടായിരുന്നു.

'മക്കളെ, നിന്നെ ഞാൻ വെട്ടുകാട് പള്ളിയിൽ മാതാവിന് അടിമ വെച്ചതാന്നെ...' അവന്റെ വഴികൾ തെറ്റിപ്പോകാതിരിക്കാൻ ഇടയ്ക്കിടെ അവൾ അവനെ ഓർമിപ്പിക്കും.

'എന്തിനാണമ്മേ ഒരു അടിമയെപ്പോലെ ജീവിക്കുന്ന നമ്മളെ ദൈവത്തിന്റെ മുന്നിലും അടിമയാക്കുന്നത്?' എല്ലായിടത്തും കുനിഞ്ഞു ജീവിതം തന്നെ കൂനിപ്പോകുമ്പോൾ ഒന്ന് നിവർന്നുനിൽക്കാൻ ആരെങ്കിലുമൊക്കെ സഹായിക്കണ്ടേ?

ഓരോ നേർച്ചയും ഓരോ പ്രതീക്ഷകളായിരുന്നു. 'വേളാങ്കണ്ണിയിൽ പോയി കൊച്ചിന്റെ തല മൊട്ടയടിച്ചേക്കാമേ...' തുടങ്ങി അന്തോനീസിന് നേർന്ന തിരി, ഗീവർഗീസിന് നേർന്ന കോഴി, എല്ലാം ഓരോരോ പ്രതിസന്ധികൾ തരണം ചെയ്യാൻ കെല്പുള്ള പ്രതീക്ഷകൾ ആയിരുന്നു. എങ്കിലും എല്ലാം കടങ്ങളായി ബാക്കിനിൽക്കുന്നു.

'കടങ്ങൾ വീട്ടാതെ ഇനി ഒരു അനുഗ്രഹവും തരില്ല' എന്ന് ദൈവങ്ങളും തീരുമാനിച്ചോ എന്തോ എത്ര നേർന്നിട്ടും അറുതിക്കൊന്നും ഒരു കുറവുമില്ല.

തുറയിലെ അമ്മമാരുടെ കദനങ്ങൾ മുഴുവൻ നിശബ്ദമായി കേൾക്കുന്നതു കൊണ്ടാണോ പള്ളിയിലെ മാതാവിന്റെ മുഖത്തെപ്പോഴും വിഷാദമാണ്. യൗസേപ്പിതാവിന്റെ മുഖവും മ്ലാനമാണ്. പള്ളിയിലെ പ്രാർത്ഥനകളും വിഷാദാത്മകമാണെന്നു അവനു പലപ്പോഴും തോന്നിയിട്ടുണ്ട്.

'ഹലോ...' ഇംഗ്ലീഷിലുള്ള വിളി കേട്ടാണ് അവൻ കണ്ണ് തുറന്നത്. മുമ്പിൽ ഒരു മദാമ്മയും സായിപ്പും.

അവനവരെ ദയനീയമായി നോക്കി. പിന്നെ വിനയത്തോടെ മെല്ലെ എഴുന്നേറ്റു. അപ്പോളവന്റെ അരയിൽ കുടുക്കി വെച്ചിരുന്ന നിക്കർ സ്ഥാനംവിട്ടു താഴോട്ടൂർന്നു. തന്റെ നഗ്നത പൂർണമായി വെളിവാക്കപ്പെടുന്നതിനു മുമ്പ് അവൻ അതിനെ കയറിപ്പിടിച്ചു.

അവരവനോട് എന്തെല്ലാമോ ചോദിച്ചു. ഒന്നും അവന് മനസ്സിലായില്ല. ആ സ്ത്രീ അവന്റെ മുഖം മെല്ലെ ഉയർത്തി. ദീനമായ മുഖം. ക്ഷീണത്താൽ തളർന്ന കണ്ണുകൾ. കണ്ണീരിന്റെ കറപുരണ്ട കവിളുകൾ. അവർ സായിപ്പിനോട് എന്തൊക്കെയോ പറഞ്ഞു. പിന്നീട് അവർ അവന്റെ കരങ്ങൾ കവർന്നു അതിൽ എന്തോ വെച്ചു. ഇതിനിടയിലും അവർ അവനോടും പരസ്പരവും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.

അവർ പോയി കഴിഞ്ഞപ്പോഴാണ് അവൻ തന്റെ കൈകളിലേക്ക് നോക്കിയത്. 'നൂറുരൂപ'. അവനത്ഭുതം. അവരപ്പോൾ അവിടെ വരുന്നതിനും അവനെ കാണുന്നതിനും കാരണമെന്ത്? നൂറുരൂപ നൽകുന്ന വാഗ്ദാനം അവന്റെ മനം കുളിർപ്പിച്ചു.

'രണ്ടമ്പതുണ്ടോ?' കവലയിലെ ആദ്യത്തെ കടയിൽ അവൻ ചോദിച്ചു.

മാതാവിന്റെ മുമ്പിലുള്ള നേർച്ചപ്പെട്ടിയിൽ അമ്പതു രൂപ നിക്ഷേപിക്കുമ്പോൾ അവന്റെ മനസ്സിൽ വലിയൊരാശ്വാസം തോന്നി. അമ്മയുടെ ഒരു കടമെങ്കിലും വീടിയല്ലോ.

പൂഴിയിൽ താണു പോകുന്ന പാദങ്ങൾ പറിച്ച് മുന്നോട്ട് നടക്കാൻ അത്ര എളുപ്പമല്ലെങ്കിലും ഉള്ളിൽ തോന്നിയ ചെറിയ സന്തോഷം ആ കഷ്ടപ്പാടുകളെ അതിജീവിച്ചു. ദൂരെ കടൽ അലമുറയിടുന്നത് നേർത്ത് കേൾക്കാം. അതിനുമുകളിൽ വൈകുന്നേരത്തെ പൂജയ്ക്കുള്ള മണിമുഴങ്ങി. അവന്റെ മനസ്സിലും. ■




# കടലിൽനിന്നും ശേഖരിച്ചത്

**രവീന്ദ്രനാഥ ടാഗോർ**

**അ**തിരാവിലെ ഞാൻ കടലിലേക്ക് വലവീശി. ഇരുണ്ട ഗർത്തത്തിൽനിന്നും അസാധാരണമായ സവിശേഷതയും അസാധാരണമായ ഭംഗിയുമുള്ള വസ്തുക്കൾ ഞാൻ കരയിലേക്ക് വലിച്ചുകേറ്റി. പുഞ്ചിരിപോലെ തിളങ്ങുന്ന ചിലത്. കണ്ണീർപോലെ മിന്നുന്ന ചിലത്. പിന്നെ ചിലതൊക്കെ ഒരു വധുവിന്റെ കവിളുകൾപോലെ നാണിച്ചു ചുവന്നതായിരുന്നു. ആ ദിവസത്തിന്റെ ഭാരവുമേന്തി ഞാൻ വീട്ടിലേക്ക് പോയി. എന്റെ പ്രണയിനി ഉദ്യാനത്തിൽ ഇരിപ്പുണ്ടായിരുന്നു, ഉദാസീനം ഒരു പൂവിന്റെ ഇലകൾ അടർത്തിക്കൊണ്ട്. ഞാൻ ഒരുനിമിഷം മടിച്ചു. എന്നിട്ട് എനിക്ക് വലവീശിക്കിട്ടിയതെല്ലാം അവളുടെ പാദങ്ങളിൽ വച്ചു, എന്നിട്ട് നിശ്ശബ്ദം നിന്നു. അവൾ അതിനെയൊന്ന് നോക്കി. എന്നിട്ട് പറഞ്ഞു,

'എന്ത് അസാധാരണ വസ്തുക്കളാണ് ഇവ. ഇതുകൊണ്ട് എന്ത് ഉപയോഗമെന്ന് എനിക്കറിയില്ല.'

ഞാൻ ലജ്ജയാൽ തലകുനിച്ചു. എന്നിട്ട് ചിന്തിച്ചു: ഇവ ഞാൻ പൊരുതിനേടിയതല്ല, ഇവ ഞാൻ ചന്തയിൽ വാങ്ങിയതല്ല, ഇവ അവൾക്ക് യോജിച്ച സമ്മാനങ്ങളല്ല. ആ രാത്രി അവയോരോന്നായി ഞാൻ തെരുവിലേക്ക് വീശിയെറിഞ്ഞു.

പ്രഭാതമായപ്പോൾ സഞ്ചാരികൾ ആ വഴി വന്നു അവർ അവയെല്ലാം പെറുക്കിയെടുത്തു. വിദൂരരാജ്യങ്ങളിലേക്ക് കൊണ്ടുപോയി. ■

ത്രേസ്യ ലൂയിസ്/സിഡുമരിയ

# സ്വപ്നങ്ങൾ സഞ്ചരിച്ചെത്തിയ ദൂരം




തിരുവനന്തപുരത്തെ ഒരു തീരദേശ ഗ്രാമമായ പുല്ലുവിളയിൽ നിന്നുള്ള ത്രേസ്യ ലൂയിസ് എന്ന മിടുക്കി ഗോൾഡൻ ഫേസ് 2024 ന്റെ ഫസ്റ്റ് റണ്ണറപ്പ് കിരീടം ചൂടുന്ന കാഴ്ച്ച ഒരുപാട് പേർക്ക് പ്രചോദനമായിരുന്നു. സാമ്പത്തികവും അഴകളവുകളുമൊക്കെ ഏറെ നിർണായകമായ സൗന്ദര്യ മത്സരങ്ങളുടെ അഥവാ ബ്യൂട്ടി പേജൻറുകളുടെ വേദിയിലേക്ക് സമൂഹത്തിലെ മേൽത്തട്ടിലുള്ളവർക്ക് മാത്രമാണ് പൊതുവേ നടന്നെത്താൻ സാധിക്കാറുള്ളത്. ആ വ്യവസ്ഥാപിത ചിന്തയെ തച്ചുടച്ചുകൊണ്ട് ഒരു മത്സ്യത്തൊഴിലാളി കുടുംബാംഗമായ ത്രേസ്യ, പ്രമുഖ തെന്നിന്ത്യൻ താരവും മോഡലുമായ എയ്മി ജാക്സനിൽ നിന്ന് കിരീടം ഏറ്റുവാങ്ങാനായി താൻ നടത്തിയ ജൈത്രയാത്രയുടെ വിശേഷങ്ങൾ ജീവനും വെളിച്ചവും വായനക്കാരോട് പങ്കുവയ്ക്കുന്നു.

***മോഡലിങ്ങാണ് സ്വന്തം കരിയറെന്ന തിരിച്ചറിവിലേക്ക് ആദ്യമായി എത്തപ്പെട്ടത് എപ്പോഴാണ്? ആ തീരുമാനത്തോടുള്ള കുടുംബാംഗങ്ങളുടെ പ്രതികരണം എങ്ങനെയായിരുന്നു?***

സ്കൂളിൽ പഠിക്കുന്ന പ്രായം മുതലേ തന്നെ കാർട്ടൂൺ കാണുന്നതിനെക്കാൾ കൂടുതൽ ഒരുപക്ഷേ ഞാൻ കണ്ടിരുന്നത് ഫാഷൻ ടിവിയായിരുന്നു. അതിലെ മോഡലുകൾ നടക്കുന്നതു പോലെ കണ്ണാടിക്ക് മുന്നിൽ നടന്നു നോക്കാൻ വലിയ ഇഷ്ടമുള്ളൊരാളായിരുന്നു ഞാൻ. മറ്റുള്ള എല്ലാവരെയും പോലെ പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ ശേഷമാണ് ഞാനും എന്റെ കരിയറിനെപ്പറ്റി ഗൗരവമായി ചിന്തിച്ചു തുടങ്ങിയത്. ഫാഷൻ ലോകത്തേക്ക് എത്തണമെന്ന് അപ്പോൾ മുതലേ തീവ്രമായി ആഗ്രഹിച്ചിരുന്നു. പക്ഷേ വീട്ടിൽ ഇക്കാര്യം അവതരിപ്പിച്ചപ്പോൾ അമ്മ പൂർണമായി എതിർത്തു. എന്തെങ്കിലും വരുമാനം ഉണ്ടാക്കാൻ സാധിക്കുന്ന ജോലിയ്ക്ക് വേണ്ടി പഠിച്ചാൽ പോരേ, എന്തിനാണ് ഇതിനൊക്കെ വേണ്ടി സമയം കളയാൻ ഇറങ്ങി പുറപ്പെടുന്നത് എന്നതായിരുന്നു അമ്മയുടെ ആദ്യ പ്രതികരണം.

അവരെ കുറ്റപ്പെടുത്താനാവില്ല. മോഡലിങ് എന്ന കരിയർ മേഖലയെപ്പറ്റി വളരെ തെറ്റായ ധാരണകൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കുന്ന ഒരാളെന്ന നിലയിൽ, മകളുടെ നന്മ ആഗ്രഹിക്കുന്ന ഏതൊരു അമ്മയ്ക്കും നൽകാനാവുന്ന ഉപദേശം തന്നെയാണ് അന്ന് എന്റെ അമ്മയും എനിക്ക് തന്നത്. പക്ഷേ സമയമെടുത്ത് അമ്മയെയും മറ്റ് കുടുംബാംഗങ്ങളെയും കാര്യങ്ങൾ പറഞ്ഞ് മനസിലാക്കിക്കൊടുക്കാൻ എനിക്ക് സാധിച്ചു.

***സാമ്പത്തികമായി വലിയ ചെലവുള്ളൊരു മേഖല കൂടിയാണല്ലോ ഇത്. ആ വെല്ലുവിളി എങ്ങനെയാണ് തരണം ചെയ്തത്?***

സ്കൂൾ പഠനം കഴിഞ്ഞയുടനെ തന്നെ ഈ മേഖലയിലേക്ക് ചുവട് വയ്ക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും അതിനുള്ള സാമ്പത്തികഭദ്രത എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ട് കൂടിയാണ് എൻജിനീയറിങ് എന്ന പ്രഫഷണൽ കോഴ്സ് പഠിക്കാനും എന്തെങ്കിലുമൊരു ജോലി

യിലേക്ക് എത്തപ്പെടാനുമുള്ള ശ്രമം നടത്തിയത്. പക്ഷേ അപ്പോഴും മോഡലിങ് എന്ന സ്വപ്നം ഉപേക്ഷിച്ച് കളയാൻ ഞാൻ തയ്യാറായിരുന്നില്ല. പഠിച്ചുകൊണ്ടിരുന്ന കാലത്തും പിന്നീട് ഒരു ജോലിയിൽ പ്രവേശിച്ചപ്പോഴുമെല്ലാം എങ്ങനെ മോഡലിങിലേക്ക് തിരിയാം എന്ന ചിന്ത തന്നെയായിരുന്നു എന്റെ മനസിലുണ്ടായിരുന്നത്. ജോലി ചെയ്യാൻ തുടങ്ങിയപ്പോൾ മുതൽ അതിന് വേണ്ട പണവും അൽപ്പാല്പമായി ഞാൻ കരുതി വയ്ക്കാൻ തുടങ്ങി. ഇതിന്റെ പേരിൽ വീട്ടിലുള്ളവരോട് ഒരുപാട് വാഗ്വാദങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്. കിട്ടുന്ന ശമ്പളത്തിന്റെ നല്ലൊരു പങ്കും എനിക്ക് മോഡലിങിന് വേണ്ടി ചെലവാക്കേണ്ടി വന്നതോടെ കുടുംബാംഗങ്ങളുടെ ഭാഗത്ത് നിന്ന് ശക്തമായ എതിർപ്പുണ്ടായി. അവരുമായി നിരന്തരം കലഹിക്കേണ്ടി വന്ന ഒരു സമയം കൂടിയായിരുന്നു അത്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഒരു കുടുംബത്തിൽ നിന്നാണ് ഞാൻ വരുന്നത്. എന്റെ അമ്മ ഹരിതകർമ്മ സേനയിലെ ഒരു തൊഴിലാളിയാണ്. അതുകൊണ്ടു തന്നെ എന്റെ വരുമാനം കുടുംബത്തിന്റെ നിലനിൽപ്പിന് വളരെ അത്യന്താപേക്ഷിതവുമായിരുന്നു. അത് എനിക്ക് അറിയാമായിരുന്നെങ്കിലും എന്റെ സ്വപ്നങ്ങൾ പൂർണമായി കുഴിച്ചുമൂടാൻ മനസ് അനുവദിച്ചില്ല. നമുക്ക് ആകെ ഒരൊറ്റ ജീവിതമല്ലേയുള്ളൂ. ആ ജീവിതത്തിൽ ഇഷ്ടപ്പെട്ടതെന്തെങ്കിലും ചെയ്യാൻ സാധിച്ചില്ലെങ്കിൽപ്പിന്നെ ജീവിച്ചിരിക്കുന്നതിൽ അർത്ഥമില്ലല്ലോ.

***പൊതുവേ നമ്മൾ സൗന്ദര്യ മത്സരവേദികളിൽ കാണുന്ന പെൺകുട്ടികളുടെ വാർപ്പ് മാതൃകകളിലൊന്നും പെടുന്ന ഒരാളല്ലല്ലോ ത്രേസ്യ. നിറത്തിന്റെ കാര്യത്തിലായാലും ശരീരപ്രകൃതത്തിന്റെ കാര്യത്തിലായാലും ത്രേസ്യ വളരെ വേറിട്ട് നിൽക്കുന്നൊരാളാണെന്ന് തോന്നിയിട്ടുണ്ട്. ആദ്യമായി മോഡലിങിലേക്ക് തിരിഞ്ഞ കാലത്ത് നിറത്തിന്റെയോ സൗന്ദര്യത്തിന്റെയോ ഒക്കെ പേരിൽ എന്തെങ്കിലും അവഹേളനങ്ങളോ നിരുത്സാഹപ്പെടുത്തലുകളോ നേരിട്ടിട്ടുണ്ടോ?***

സത്യത്തിൽ അത് നമ്മുടെയൊക്കെ ഒരു തെറ്റിദ്ധാരണയാണ്. വെളുത്ത നിറമുള്ളവർക്ക് മാത്രമാണ് മോഡലിങ് രംഗത്ത് പിടിച്ചു നിൽക്കാനാവുകയുള്ളൂ എന്നൊക്കെ ആളുകൾ കരുതിയിരുന്ന കാലം കഴിഞ്ഞു പോയി. ഇന്ന് തവിട്ട് നിറമുള്ള, ഡസ്ക്കി സ്കിൻ എന്നൊക്കെ വിളിക്കുന്ന എന്റേതിന് സമാനമായ നിറമുള്ള പെൺകുട്ടികളാണ് മോഡലിങ് രംഗത്ത് ഏറെ തിളങ്ങുന്നത്. രണ്ട് വർഷം മുൻപ് നടന്ന ആഗോള സൗന്ദര്യ മത്സരത്തിലും ജേതാവായത് ഒരു ഡസ്ക്കി സ്കിന്നുള്ള മോഡലായിരുന്നു എന്നാണ് എന്റെ ഓർമ്മ. യഥാർഥത്തിൽ നിങ്ങളുടെ ചർമ്മത്തിന്റെ നിറം ഏതാണെന്നത് ഇവിടെ പ്രധാനമല്ല.

***നിറത്തിന്റെ പേരിൽ മനുഷ്യരെ കളിയാക്കുന്ന രീതികളും ബോഡി ഷെയ്മിങ് പോലുള്ള പ്രവണതകളും ഇന്നും ആളുകൾ വളരെ സ്വാഭാവികമെന്ന പോലെ ചെയ്യാറുള്ളതായി ശ്രദ്ധിച്ചിട്ടുണ്ടോ?***

തീർച്ചയായും. ഈ അടുത്ത കാലത്ത് പോലും എന്നെപ്പറ്റി ഒരു ഓൺലൈൻ മാധ്യമം അവരുടെ സോഷ്യൽ മീഡിയ പേജിൽ പോസ്റ്റ് ചെയ്ത ഒരു വീഡിയോയ്ക്ക് താഴെ വളരെ റേസിസ്റ്റ് ആയ ചില കമൻറുകൾ കണ്ടിരുന്നു. നമ്മൾ മലയാളികൾ എത്ര പുരോഗമനകാരികളാണെന്ന് പറഞ്ഞാലും അവരുടെ ചിന്താഗതി ഇപ്പോഴും എത്ര ഇടുങ്ങിയതാണെന്ന് അത്തരം സാഹചര്യങ്ങളിൽ മനസിലാക്കാനാവും. വെളുത്ത നിറമുള്ളവർ മാത്രമാണ് ഇന്നും ഇത്തരം കിരീടങ്ങൾക്ക് അർഹതയുള്ളൂ എന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം ആളുകൾ എന്നെക്കുറിച്ചും, എന്തിനേറെ എന്റെ വീട്ടുകാരെപ്പറ്റി പോലും മോശമായി കമൻറുകൾ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇത്തരം കമൻറുകളോടും കളിയാക്കലുകളോടും പൊതുവേ ഞാൻ പ്രതികരിക്കാറില്ല. അതൊക്കെയും കണ്ടപാടെ, കേട്ടപാടെ അവഗണിക്കാറാണ് പതിവ്.

***ഇന്നിപ്പോൾ ത്രേസ്യയെ എല്ലാവർക്കും അറിയാം. ഒരുപാട് മാധ്യമശ്രദ്ധ ലഭിച്ചു കഴിഞ്ഞു. പക്ഷേ ഇത്രയും ആളുകൾ അറിയുന്നതിന് മുന്നെയുള്ള ത്രേസ്യ ധാരാളം വെല്ലുവിളികളെ അധികമാരുടെയും പിന്തുണയില്ലാതെ മറികടന്നു വന്ന ആളാണല്ലോ. ആ കാലഘട്ടത്തെപ്പറ്റി എന്താണ് പറയാനുള്ളത്?***

ഈ ഗോൾഡൻ ഫേസ് വേദിയിലേക്ക് എത്തുന്നതിന് മുൻപ് ഞാൻ ചെറിയ ചില ഷോകൾ ചെയ്തിട്ടുണ്ട്. വളരെ കുറച്ച് പേർക്ക് മാത്രമേ എന്നെ അറിയാമായിരുന്നുള്ളൂ. സത്യം പറഞ്ഞാൽ കഴിഞ്ഞ വർഷമാണ് ഞാൻ മോഡലിങിനെ എന്റെ കരിയറായി എടുത്തുകൊണ്ട് ഇത്തരം മത്സരങ്ങൾക്ക് പങ്കെടുത്തു തുടങ്ങിയത്. ആ സമയത്ത് ഒരു ഷൂട്ട് കിട്ടാൻ വേണ്ടി ഞാൻ ഒരുപാട് ബുദ്ധിമുട്ടിയിട്ടുണ്ട്. ഇന്നാണെങ്കിൽ ധാരാളം മാധ്യമങ്ങൾ എന്നെപ്പറ്റി ഫീച്ചറുകൾ ചെയ്യുന്നു, നമ്മുടെ പുല്ലുവിള ലിയോ തെർട്ടീന്ത് സ്കൂളും വിഴിഞ്ഞം സെൻറ് മേരീസും ഉൾപ്പെടെയുള്ള സ്കൂളുകളിലെ വാർഷിക പരിപാടികൾക്ക് എന്നെ അതിഥിയായി അവർ ക്ഷണിക്കുന്നു. പലർക്കും എന്റെ ഈ വിജയം ഒരുപാട് പേർക്ക് വലിയ പ്രേരണയായി എന്ന് അറിയുന്നതിലും സന്തോഷമുണ്ട്. പക്ഷേ ഒരു പ്രൊഫഷണൽ എന്ന തരത്തിൽ ചിന്തിക്കുമ്പോൾ എനിക്ക് ഇനിയും കടക്കാൻ കടമ്പകൾ ഏറെയാണെന്ന യാഥാർത്ഥ്യം മുമ്പിലുണ്ട്. ഒരു മോഡൽ എന്ന നിലയിൽ വരുമാനം ഉണ്ടാക്കാനുള്ള തലത്തിലേക്ക് എനിക്ക് ഇപ്പോഴും എത്തിച്ചേരാൻ സാധിച്ചിട്ടില്ല. അധികം വൈകാതെ നല്ല സ്ഥാപനങ്ങൾക്ക് വേണ്ടിയും ഏജൻസികൾക്ക് വേണ്ടിയും പ്രവർത്തിക്കാനാവും എന്ന് തന്നെയാണ് എന്റെ പ്രതീക്ഷ.

***ഈ അഭിമുഖം വായിക്കുന്ന യുവാക്കളോട് എന്താണ് ത്രേസ്യയ്ക്ക് പറയാനുള്ളത്? മോഡലിങും വ്‌ലോഗിങും റീൽസും ഒക്കെ വളരെ രസകരമായി ചെയ്യുന്ന പലരും നമ്മുടെ തീരദേശ ഗ്രാമങ്ങളിലുണ്ടെങ്കിലും അതൊരു കരിയറായി കൊണ്ടുപോവാനുള്ള ആത്മവിശ്വാസം പലർക്കുമില്ല. അത്തരം യുവാക്കളോട് ത്രേസ്യയ്ക്ക് നൽകാനുള്ള ഉപദേശം എന്തായിരിക്കും?***

നിങ്ങളുടെ സ്വപ്നങ്ങൾക്ക് വേണ്ടി ഏറ്റവും കൂടുതൽ അധ്വാനിക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്ക് മാത്രമായിരിക്കും. ആരും വന്ന് നമ്മളെ സഹായിക്കും എന്ന് പ്രതീക്ഷിച്ച് നിൽക്കരുത്. നമുക്ക് മുൻപിൽ ധാരാളം പ്രതിസന്ധികൾ ഉണ്ടായെന്നിരിക്കും. അതൊക്കെ കാണുമ്പോൾ നമ്മുടെ സ്പ്നമൊക്കെ ചവറ്റുകുട്ടയിലിട്ട് മറ്റു വഴികളിലേക്ക് തിരിയാനും നമുക്ക് തോന്നിയെന്നിരിക്കും. പക്ഷേ അങ്ങനെ ചെയ്യരുത്. എന്തൊക്കെ പ്രതികൂല സാഹചര്യമുണ്ടായാലും നമ്മുടെ സ്വപ്നങ്ങൾക്ക് വേണ്ടി പൊരുതാനുള്ള ആർജ്ജവം കൈമോശം വരാതെ സൂക്ഷിക്കുക.

■

**ആഘോഷങ്ങളുടെ ശോഭയേക്കാൾ അഭിമാനകരമായ നേട്ടങ്ങളുടെ നക്ഷത്രത്തിളക്കങ്ങളുമായി സെന്റ് ജോസഫ്സ് സ്കൂൾ**



# സെൻറ് ജോസഫ്സ് സ്കൂൾ: നവയുഗത്തിന്റെ കാൽനൂറ്റാണ്ട്



ജോയ് ജോൺ

**1998** ഓഗസ്റ്റ് 24. അനന്തപുരിയുടെ വിരിമാറിൽ പ്രൗഢിയോടെ നിലകൊള്ളുന്ന സെൻറ് ജോസഫ്സ് സ്കൂളിലേക്ക് ഏതാണ്ട് നൂറ്റമ്പതോളം കുട്ടികളും 8 അധ്യാപകരും പുതിയതായി കടന്നുവന്നു. കുട്ടികളിൽ കുറെപേർ മാർച്ച് മാസം പത്താം ക്ലാസ് പരീക്ഷ എഴുതി സ്കൂളിനോട് വിടപറഞ്ഞവരും മറ്റുള്ളവർ നഗരത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ളവരും ആയിരുന്നു. നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള വിദ്യാലയം അന്നു മുതൽ സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ആയി മാറുകയായിരുന്നു. കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ ഹൈസ്കൂളുകളെ ഹയർ സെക്കൻഡറി സ്കൂളുകളായി ഉയർത്തുന്നതിന്റെ ഭാഗമായി അനന്തപുരിക്ക് അഭിമാനമായ തിരുവനന്തപുരം അതിരൂപതയുടെ ഉടമസ്ഥതയിലുള്ള ഈ സ്കൂളും ഹയർ സെക്കൻഡറിയായി ഉയരുകയായിരുന്നു. ഏറെക്കാലമായി സ്കൂളിന്റെ ഭരണനിർവഹണം സ്തുത്യർഹമായി നടത്തിയിരുന്ന ഈശോസഭാ വൈദികർ എല്ലാ മേഖലകളിലും സ്കൂളിനെ ഔന്നത്യത്തിന്റെ പരകോടിയിൽ എത്തിച്ചശേഷം 1997–98 അധ്യയന വർഷാന്ത്യം സ്കൂളിനോട് വിട പറഞ്ഞു. തിരുവനന്തപുരം അതിരൂ

പത നേരിട്ട് സ്കൂളിന്റെ ഭരണനിർവഹണം ഏറ്റെടുത്തു. ഈശോസഭാ വൈദികർ പടുത്തുയർത്തിയ ഗുണനിലവാരം നിലനിർത്തുവാനുള്ള വെല്ലുവിളി ഏറ്റെടുക്കുന്നതിനായി സ്കൂളിന്റെ മാനേജരായി നിയമിച്ചത് പിൽക്കാലത്ത് മോൺസിഞ്ഞോർ ആയി ഉയർത്തപ്പെടുകയും ഇന്ന് കർത്തൃസന്നിധിയിൽ ആയിരിക്കുകയും ചെയ്യുന്ന ഫാ. ജോൺ ഡി. ബോസ്കോ എന്ന പ്രതിഭാധനനെയായിരുന്നു. ഹെഡ്മാസ്റ്ററായി ശ്രീ എബ്രഹാം പി. വർഗീസ് എന്ന പ്രഗൽഭനായ ഫിസിക്സ് അധ്യാപകനെ നിയമിച്ചു. 1998 ഓഗസ്റ്റ് 24 മുതൽ ഈ വിദ്യാലയം ഒരു ഹയർ സെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ട സാഹചര്യത്തിൽ അദ്ദേഹം പ്രഥമ പ്രിൻസിപ്പലായി മാറുകയും ചെയ്തു.

ശൂന്യതയിൽ നിന്ന് തുടങ്ങിയ ഹയർ സെക്കൻഡറി വിഭാഗം, സ്കൂളിന് ഒരു നവ ചൈതന്യം നൽകിക്കൊണ്ട് അതിന്റെ ജൈത്രയാത്ര തുടങ്ങുകയായിരുന്നു.

2001ൽ 18 ബാച്ചുകളിലായി 900 ത്തോളം കുട്ടികളെയും 35 അധ്യാപകരെയും രണ്ട് ലാബ് അറ്റൻഡർമാരെയും ഉൾക്കൊള്ളുന്ന ഹയർ സെക്കൻഡറി വിഭാഗത്തിനായി സുസജ്ജമായ ലാബുകളും വിശാലമായ ക്ലാസ് മുറികളുമായി പുതിയ കെട്ടിടം നിലവിൽ വന്നു. അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും ഉയർന്ന മികവുപുലർത്തിക്കൊണ്ട് ഈശോസഭാ വൈദികർ നൽകിയ പാരമ്പര്യം ചോർന്നു പോകാതെയുള്ള പ്രയാണം 25 വർഷങ്ങൾ പിന്നിടുന്നു. വിദ്യാഭ്യാസ മേഖലയിലും സാങ്കേതിക മേഖലയിലും ഉണ്ടായ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പലപ്പോഴും ഒരു പടി മുമ്പിലാണ് സ്കൂൾ ഇന്ന്.

1998ൽ തന്നെ സ്കൂളിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ആദ്യപടി യായി സ്കൂൾ ഓഫീസ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചു. 2001ൽ കുട്ടികൾ വികസിപ്പിച്ച സ്കൂളിന്റെ വെബ്സൈറ്റ് നിലവിൽ വന്നു. കേരളത്തിലെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ ഒരുപക്ഷേ ആദ്യത്തെ വെബ്സൈറ്റ് ഈ സ്കൂളിന്റേതായിരിക്കും.

2006 ൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ചരിത്രപരമായ ഒരു പൊളിച്ചെഴുത്തിന് നമ്മുടെ സ്കൂളിൽ 2006-ൽ ഉണ്ടായിരുന്ന നാല് അധ്യാപികമാർ കാരണമായി എന്നുള്ളത് ഏറെ അഭിമാനത്തിന് വക നൽകുന്നതാണ്. അധ്യാപികമാർ സാരി എന്ന അനുഷ്ഠാന വസ്ത്രത്തിൽ നിന്നും ചുരിദാർ എന്ന കാലാനുസൃത മാറ്റത്തിലേക്ക് ധൈര്യപൂർവ്വം ചുവട് വച്ചുകൊണ്ട് ഒരു പുതുവിപ്ലവത്തിന് തുടക്കം കുറിച്ചു. വാർത്താമാധ്യമങ്ങളിൽ ഇടംപിടിച്ച ഈ വ്യതിയാനം ഏറെ വൈകാതെ കേരളമൊന്നടങ്കം ഏറ്റെടുക്കുകയായിരുന്നു.

ഇക്കാലയളവിൽ അക്കാദമിക അനുബന്ധവും കലാകായികവുമായും ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. Cyberjo.com എന്ന പേരിൽ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഇൻറർ സ്കൂൾ ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. Jomatiz എന്ന പേരിൽ ഒരു ഇൻറർ സ്കൂൾ ഗണിതശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. Sanjo റേഡിയോ എന്ന പേരിൽ ഉച്ചഭക്ഷണത്തിനുള്ള ഇടനേരത്തിൽ സ്കൂളിനെ സംബന്ധിക്കുന്ന വാർത്തകൾ അവതരിപ്പിക്കുകയും ഗാനങ്ങൾ കേൾപ്പിക്കുകയും ചെയ്തിരുന്നു. ഒരു അതുല്യ കലാകാരനായിരുന്ന മുൻമാനേജർ മോൺ. ജോൺ ഡി.ബോസ്കോയുടെ സ്മരണാർത്ഥം ജിംഗിൾ ബെൽസ് എന്ന പേരിൽ ഒരു ഇന്റർസ്കൂൾ കരോൾ മത്സരവും സംഘടിപ്പിച്ചിരുന്നു.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികവ് തെളിയിച്ചു കൊണ്ടിരിക്കുന്ന പ്രതിഭാശാലികളായ നിരവധി വിദ്യാർത്ഥികൾ ഇക്കാലയളവിനുള്ളിൽ ഈ വിദ്യാലയത്തിലൂടെ കടന്നു പോയിട്ടുണ്ട്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ മികച്ച തെരഞ്ഞെടുപ്പ് സേവനത്തിനുള്ള 2023ലെ അവാർഡ് കരസ്ഥമാക്കിയ ത്രിപുരയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ സജു വാഹിദ് ഐഎഎസ്, ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു വി. സാംസൺ, ദേശീയ സിനിമ അവാർഡ് ജേതാവ് റോജിൻ തോമസ് തുടങ്ങി ജീവിതത്തിന്റെ നാനാ തുറകളിൽ ചെറുതും വലുതുമായ പദവികൾ വഹിക്കുന്നവരും തൊഴിൽ സംരംഭകരും പ്രവാസികളും വൈദികരും കച്ചവടക്കാരും ഒക്കെയായി വലിയൊരു വിദ്യാർത്ഥി സമൂഹം ഇക്കാലയളവിനു ള്ളിലെ സെൻറ് ജോസഫ്സിന്റെ സംഭാവനയാണ്.

2021ൽ ശ്രീമതി ലിറ്റി ലൂസിയ സൈമൺ കരസ്ഥമാക്കിയ അമേരിക്കൻ ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പും 2022ൽ ശ്രീ ഷമ്മി ലോറൻസ് കരസ്ഥമാക്കിയഅവാർഡും 2023 ശ്രീ ജോയ് ജോൺ കരസ്ഥമാക്കിയ സംസ്ഥാന അധ്യാപക അവാർഡും സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരുടെ ഗുണനിലവാരം ഒന്നുകൂടി വെളിവാക്കുന്നതായിരുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ മികവുകൊണ്ടും വിദ്യാർഥികളുടെ കലാ, കായിക, അക്കാദ മിക രംഗങ്ങളിലെ ഔന്നത്യം കൊണ്ടും പ്രഗൽഭരായ അധ്യാപകരുടെ നിറസാന്നിധ്യം കൊണ്ടും ഒപ്പം നിൽക്കുന്ന മാനേജ്മെന്റിന്റെയും പിടിഎയുടെയും സഹകരണം കൊണ്ടും സമൂഹത്തിന് ഈ സ്കൂൾ നൽകുന്ന സംഭാവനകൾകൊണ്ടും തന്നെയാണ് 2014 ൽ എഡ്യൂക്കേഷൻ വേൾഡിന്റെ ഇന്ത്യ സ്കൂൾ റാങ്കിംഗിലും 2015 ൽ ഇൻഡീസ് എഡ്യൂക്കേഷൻ അവാർഡ് നിർണയത്തിലും കേരളത്തിലെ മികച്ച ആൺ പള്ളിക്കൂടങ്ങളിൽ ഒന്നാം സ്ഥാനത്ത് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രതിഷ്ഠിക്കപ്പെട്ടത്.

2023-24 ആരവങ്ങൾ ഇല്ലാതെ, ആഘോഷമില്ലാതെ സെൻറ് ജോസഫ്സ് സ്കൂളിന്റെ കിരീടത്തിൽ ഒരു പൊൻതൂവലായി മാറിയ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ രജതജൂബിലി കടന്നുപോകുന്നു. ഈശോസഭാ വൈദികർ കൈമാറിയ വിദ്യാ കിരണത്തിന്റെ പൊൻ ചിരാത് കൂടുതൽ ചാരുതയോടെ പ്രശോഭിതമാക്കിക്കൊണ്ട് പ്രബുദ്ധരായ അനവധി തലമുറകളെ വാർത്തെടുത്തുകൊണ്ട് സമൂഹനിർമ്മിതയിൽ അനന്തപുരിയുടെ തിലകക്കുറിയായി സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ എന്നും തലയുയർത്തി തന്നെ നിൽക്കും. ആഘോഷങ്ങളുടെ ശോഭയേക്കാൾ അഭിമാനകരമായ നേട്ടങ്ങളുടെ നക്ഷത്രത്തിളക്കങ്ങളുമായി സെന്റ് ജോസഫ്സ് സ്കൂളിന്റെ പ്രയാണം മുന്നോട്ടുപോകുന്നു. ■



# പാഠാന്തരങ്ങൾ



ടി.പി. സന്തോഷ് ബാബു

*പാഠം - ഒന്ന്*

## ഹിപ്പോക്രാറ്റസിന്റെ പ്രതിപിരുഷൻ

'വൈകുന്നേരം വീട്ടിലേക്ക് വരിക', കർമജന്റെ ശസ്ത്രക്രിയാദിനം കുറിച്ചതിൻ പിന്നീട് - പരികർമി മൊഴിഞ്ഞു. അതിൻപ്രകാരം അവന്റെ പിതാവ് - കർമ്മകൻ ഭിഷഗ്വരന്റെ വീട്ടിലേക്ക് നടന്നു.

മേഘങ്ങളൊഴിഞ്ഞ (നാളുകൾക്കുശേഷം) ആകാശത്തേക്ക് പ്രാർത്ഥനയോടെ അയാൾ നോക്കി. സൂര്യൻ അസ്തമിക്കാൻ തുടങ്ങുകയായിരുന്നു. അന്തിവാനിൽ നിറച്ചും വാകപ്പൂക്കൾ നിരന്നുകിടക്കുകയാണല്ലോ എന്ന് വിചാരിക്കാൻ വേണ്ടും അയാളുടെ മനസ്സ് അപ്പോൾ തരളമായി.

ബോൺസായ് മരങ്ങൾക്കും ബോഗൺവില്ല വള്ളികൾക്കും ഇടയിൽ സിമന്റ് ബഞ്ചുകൾ. അതിൽ ഇരിക്കുന്നവരുടെ കീശകളിൽ അല്പം തടിച്ച ലക്കോട്ടുകൾ. അത് കണ്ട കർമ്മകൻ തന്റെ ലക്കോട്ട് ഒന്നുകൂടെ ചുരുട്ടിപ്പിടിച്ചു. വിയർപ്പ് നനവ് അതിൻമേൽ പടർന്നു.

'എന്തൊരുഷ്ണം ഈശ്വരാ' അയാൾ പറഞ്ഞു.

എന്നിട്ടാലക്കോട്ടുകൊണ്ട് മെല്ലെ വീശാൻ തുടങ്ങി.

*പാഠം രണ്ട്*

## വൈദ്യാ, സ്വയം ചികിത്സിക്ക്

ഭാര്യയുടെ മരണം, മകന്റെ രോഗം ഇതൊക്കെയോർത്ത് കർമ്മകനിരുന്നു. പ്രാ

രാജ്യങ്ങൾ ചുറ്റിലും പുറ്റുപോലെ വളർന്ന് ശ്വാസം മുട്ടിക്കുന്നതായി തോന്നി. മകന്റെ കിടപ്പ് ഓർത്തപ്പോൾ കരളിലൊരു വേദന, ചുറ്റിലും നോക്കിയിട്ട് വലത് കൈകൊണ്ട് കണ്ണുകൾ തുടച്ചു.

ഊഴമെത്തിയപ്പോൾ അയാൾ അകത്തുകടന്നു. പരികർമ്മിയുടെ മുൻപിൽ ഇരിക്കാൻ തോന്നിയില്ല. അതിനാൽ നിന്നു. ചുവരിൻമേലുള്ള കർത്താവിന്റെയും ചുവന്ന പശ്ചാത്തലത്തിൽ തീക്ഷ്ണമായ കണ്ണുകളുള്ള ഒരു താടിക്കാരന്റെയും ചിത്രങ്ങൾ കണ്ടപ്പോൾ എന്താണെന്നറിയില്ല അയാളിൽ സാന്ത്വനം നിറഞ്ഞു.

നീളമുള്ള ഒരു ആംഗലേയ പേരിനുശേഷം പരികർമ്മി പറഞ്ഞു, 'ഇതാണ് മകന്റെ രോഗം.'

ദീനമായൊരു ഭാവത്തോടെ അയാൾ നോക്കിയിരുന്നു. കരളിലൊരു കോച്ചിപിടുത്തം അനുഭവപ്പെട്ടു.

"സാരമില്ല, ശരിയാക്കാവുന്നതേയുള്ളൂ"

അത് കേട്ടപ്പോൾ കോച്ചിപിടുത്തം വിട്ടു.

"ബ്ലഡ്, കോട്ടൺ, അൾട്രാ സൗണ്ട് സ്കാനിംഗ്, ഇസിജി, ഇഇജി...

പട്ടിക നീളുന്നത് വിറയ്ക്കുന്ന ഹൃദയത്തോടെ കർമകൻ കേട്ടിരുന്നു.

"പ്രശ്നമില്ല, വഴിയുണ്ടാക്കാം." പരികർമ്മി പറഞ്ഞു.

അയാളുടെ ഹൃദയത്തിലെ വിറയിൽ നിന്നു.

"നല്ലൊരു തുകയാകും."

"കൊണ്ടുവന്നിട്ടുണ്ട്."

പുരയിടം പണയെടുപ്പെടുത്തി കിട്ടിയ പണം പരികർമിയെ ഏൽപ്പിച്ചു. കട്ടിക്കണ്ണടയ്ക്കുള്ളിലെ കണ്ണുകൾ തിളങ്ങുന്നത് അപ്പോൾ കർമകൻ കണ്ടു. ചുവരിലെ ചിത്രങ്ങൾ പരികർമിയെ രൂക്ഷമായി നോക്കുന്നതായും അയാൾക്ക് തോന്നി.

'ഏയ്, വെറും തോന്നലായിരിക്കും" പുറത്തേക്കിറങ്ങവേ കർമ്മകൻ പിറുപിറുത്തു.

*പാഠം മൂന്ന്*

## പടുമരങ്ങളും ഇളമുളകളും

സർക്കാർ ആശുപത്രി എന്നെഴുതിയിരിക്കുന്ന ബോർഡിനടുത്തെത്തിയപ്പോൾ വരാന്തയിലൊരു ആൾക്കൂട്ടം.



അതിന് നടുവിൽ കാണാവുന്ന വെള്ള തുണിയുടെ ഭാഗങ്ങൾ.

അയാളൊന്ന് കാളി.

ഭഗവാനേ, കർമജനന്തെങ്കിലും..?

വേവലാതിയോടെ അയാൾ ഓടി അടുത്തു. സ്ട്രെച്ചറിൽ കിടത്തിയിരിക്കുന്ന ശവത്തെ എത്തിനോക്കി. തണുത്തൊരു പുഴവെള്ളപ്പാച്ചിലിൽ മേലാകെ നനഞ്ഞും അകമാകെ നിറഞ്ഞും... പാവം കർമകൻ.

"ഭാഗ്യം അത് കർമജനല്ല" അയാൾ ആശ്വസിച്ചു. "എന്താകാര്യം?" അടുത്തുനിന്ന് വയസ്സനോടുചോദിച്ചു.

കർമകന് ലോകത്തോട് സ്നേഹം തോന്നി. അടുത്തുനിന്നവരോട് സ്നേഹം തോന്നി; വയസ്സനെ ഒന്ന് തൊടാൻ തോന്നി.

"ആർക്കും വേണ്ടാത്ത ശവം."

"മക്കൾ?

"മക്കൾ! അവറ്റകൾക്ക് പെറ്റതള്ളയെ വേണ്ടെന്ന്. ശവം അവരുടെ മുറ്റത്ത് കേറ്റിപ്പോകരുതെന്ന്."

കർമ്മകൻ തെല്ലിട എന്തോ ആലോചിച്ചുനിന്നു. പെട്ടെന്ന് മകനെയോർത്തു.

എന്റെ കർമജൻ കാത്തിരിപ്പുണ്ടാവും. പാവം.

ധർമാലയത്തിനുള്ളിലേക്ക് അയാൾ വേഗത്തിൽ നടന്നു. മുറ്റത്തെ പാഴിലകൾ ആകാശത്തെ നോക്കി ദീനമായ് കിടന്നു. ■






# കടൽനീലയിൽ ആകാശവും ഭൂമിയും

**അ**ടിയറവും പരാജയങ്ങളുമാണ് കടലെഴുത്തുകൾ; അതിൽ പക്ഷേ, ചില ഊറ്റങ്ങൾ ഉണ്ട്.

ഞാറമുഖം എന്ന കടലോരഗ്രാമത്തിന്റെ കഥ പറയുന്ന നോവലാണ് 'ചുങ്കക്കാരൻ'. തിരുവിതാംകൂർ ഭരണകാലത്തിന്റെ അവസാനം നടന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിന്റെ പ്രാദേശിക ചരിത്രം പറയുകയാണ് ഈ നോവലിലൂടെ എഴുത്തുകാരൻ ഡിക്സൺ ജോർജ്.

'ഞാറമുഖം കടലിന് എത്ര നൂറ്റാണ്ടിന്റെ പഴക്കമുണ്ടെന്നറിയില്ല. സൃഷ്ടിച്ചകാലം മുതൽ ഇവിടെയുണ്ട്. അവിടേക്ക് മീനുകൾ വരുന്നതും പോകുന്നതും, കാറ്റുകൾ വീശുന്നതും മഴയും പെശറും ചുഴറ്റുന്നതും അറിഞ്ഞറിഞ്ഞ് ഇവിടെയുണ്ട്. തരിശായിരുന്ന കരയിൽ, മരങ്ങൾ മുളയ്ക്കുന്നതും കിളികൾ വന്നുപോകുന്നതും കാണുന്നുണ്ട്. മൃഗങ്ങളും മനുഷ്യരും അധിവസിക്കുന്നതും, കാണെക്കാണെ മനുഷ്യർ എല്ലാം വെട്ടിപ്പിടിക്കുന്നതും ആധിപത്യം സ്ഥാപിക്കുന്നതും അനുഭവിക്കുന്നുണ്ട്.

ആദിയിൽ ഇവിടെ നെയ്തൽ വള്ളികൾ മണ്ണുപറ്റെ വളർന്നുപടർന്നു. ഊതനിറത്തിലുള്ള മനോഹരമായ കോളാമ്പിപ്പൂക്കൾ വിടർത്തി, മാനം നോക്കി, കടൽ നോക്കി അവ കിടന്നു. പിന്നെ ഞാറക്കാടുകൾ. ഞാറപ്പഴങ്ങൾക്കും ഊതനിറം. അങ്ങനെ, ഞാറമുഖം ജനിച്ചു.

ഞാറമുഖത്തെ കഥാപരിസരം വെറുമൊരു സങ്കല്പരചനയ്ക്ക് ഉപയോഗിക്കുകയല്ല, തലമുറകൾക്കിപ്പുറത്തു നിന്നും തായ് വേരിന്റെ വഴികൾ തേടിപ്പിടിക്കാനും ഒരു നാടിനെയും സമൂഹത്തിന്റെയും തന്റെ തന്നെയും സ്വത്വം തിരഞ്ഞെത്താനും കഥാകാരൻ നടത്തുന്ന അന്വേഷണങ്ങളുടെ യാത്രയാണ് ഈ കൃതി.

പാർവതി ആറിലെ ഞാറമുഖം കടവ്



ഡോ. ഐറിസ്

**കവിതയുടെ, നാടകത്തിന്റെ എഴുത്തുപരിചയം പകരുന്ന മനോഹരങ്ങളായ മൊഴിപ്പകർച്ചകൾ ഏറെയുണ്ട് ചുങ്കക്കാരനിൽ. ബൈബിളിന്റെ പരിവേഷമുള്ള നിരവധി രേഖാചിത്രങ്ങൾ, വർണ്ണനകൾ, വാങ്മയങ്ങൾ കൊണ്ട് ക്യാൻവാസ് ചിത്രങ്ങൾ തീർക്കുന്ന ആഖ്യാനശൈലി, കടൽത്തിരകൾ പോലെ വേറിട്ടുവന്നലയ്ക്കുന്ന കെട്ടഴിഞ്ഞ എഴുത്തുവഴികൾ...**

വലിയ വ്യാപാരകേന്ദ്രമാണ്. കെട്ടുവള്ളങ്ങളിൽ വന്നെത്തുന്ന കച്ചവടസാമാനങ്ങൾ, കടവിൽ വന്നിറങ്ങുന്ന നിരവധിയായ യാത്രക്കാർ. കടവിൽ ചുങ്കം ഉണ്ട്, ചുങ്കം പിരിവുകാരനും കടവ് കാവൽക്കാരനുമുണ്ട്.

ഗോഥിക്ക് ശൈലിയിലുള്ള പുരാതനമായ ഒരു പള്ളി ഞാറമുഖത്തുണ്ട്. നാടിന്റെ ആത്മീയ, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ വിനിമയങ്ങളും പള്ളിയിൽ കേന്ദ്രീകൃതം.

തിരുവിതാംകൂർ രാജാവും റസിഡന്റ് സായ്പ്പും ബിഷപ്പും വികാരിയച്ചനും രാജഭടന്മാരും ചുങ്കക്കാരുമെല്ലാം കോർത്തിണക്കിയ അധികാരസമവാക്യങ്ങളിലായിരുന്ന സ്വാതന്ത്ര്യപൂർവകാലത്തെ നാട്ടുരാജ്യങ്ങളുടെ പരമാധികാരത്തിന്റെ സൂചകങ്ങളാണ് ഞാറമുഖം ജനങ്ങളെ നയിച്ചിരുന്നത്.

ഞാറമുഖം പള്ളിയിലെ വയലിനിസ്റ്റാണ് യോന. രാജാവിനും റസിഡന്റിനും ബിഷപ്പിനും വികാരിയായ തോമാച്ചനും വിശ്വസ്തനായ ചുങ്കക്കാരൻ യോന. റെസിഡന്റ് സായിപ്പ് സ്നേഹോപഹാരത്തോടെ നൽകിയ വലിയ ബംഗ്ലാവിൽ 'നൈറ്റ് ഓഫ് ട്രാവൻകോർ' പദവിയോടെ വാഴുന്ന യോന. കുതിരപ്പുറത്ത് പാഞ്ഞുപോകുന്ന വർണവസ്ത്രപ്പകിട്ടും മദ്യ സംഗീത മദിരാക്ഷി ലഹരിയുമായി ജീവിക്കുന്ന ഒരു നാട്ടുസായിപ്പ്. പ്രണയവിലോലനാകുമ്പോഴും ഞാറമുഖം തന്റേതുമാത്രമെന്ന് ഭ്രമിച്ചുപോയതിനാൽ കൊല്ലിനും കൊള്ളിവയ്പ്പിനും മടിയില്ലാത്ത ചുങ്കക്കാരൻ യോനായുടെ പ്രതാപങ്ങളുടെ പ്രൗഢിയുടെയും അസ്തമയത്തിന്റെയും കൂടി കഥയാണ് 'ചുങ്കക്കാരൻ'.

യോനയുടെ എതിർധ്രുവത്തിലാണ് പെത്രോ; അവൻ സ്വാതന്ത്ര്യാഭിമാനബോധത്തിന്റെ പ്രതീകം. അവന്റെ അതിരുകൾ നാട്ടുരാജ്യങ്ങൾക്കപ്പുറമാണ്. ആധിപത്യത്തിനപ്പുറം ഇന്ത്യയെന്ന ഒരൊറ്റനാടിന്റെ പരികല്പനയുമായി സമരോന്മുഖനായി മുന്നേറുന്ന വിദ്യാസമ്പന്നൻ. പ്രണയം അവന് ലഹരിയല്ല, അതിജീവനത്തിനുള്ള പ്രചോദനമാണ്. ചുങ്കക്കാരന്റെ മകളായ റോസിനോടുള്ള ഇഷ്ടം കാമചിന്തകളില്ലാത്തത്.

യോനാ ഃ പെത്രോ ദ്വന്ദ്വങ്ങളുടെ പോരാട്ടമായി ഇതിവൃത്തം വളരുമ്പോൾ, ചിമ്മോൻ, ചവരിയാര്, മുടുക്കൻ, തുപ്പൻ, തൊടുപ്പൻ, പൂത്ത, മക്കിരി, തെരയ, കറുത്തോട്ടി, ചോപ്പൻ, തവീത്, ഉറുത്ത, ഇരുമ്പൻ തുടങ്ങി അരികുപറ്റിയ കുറേ ആളുകൾ ഈ നോവലിൽ ഉണ്ട്. അവർ മാഞ്ഞുനിൽക്കുന്ന വിളക്കുമാടങ്ങളാണ്. ഇവരുടെ ജീവിതം എഴുതുന്നത് വ്യത്യസ്ഥാനുഭവമാകുന്നുണ്ട്.

കടൽത്തീരജീവിതത്തിന്റെ വാമൊഴികളും മിത്തുകളും പഴംകഥകളും പഴംപാട്ടുകളും കടൽമുത്തുകളായി പെറുക്കിയെടുക്കാം ഈ കൃതിയിൽ.

കടലറിവുകളുടെ അതിവിപുലമായ ഒരു ശേഖരം ചുങ്കക്കാരനിൽ കാണാം. കടൽപ്രകൃതത്തിന്റെ, കാലാവസ്ഥയുടെ, നക്ഷത്രങ്ങളുടെയും കാറ്റിന്റെയും ഗതികളുടെ, മീൻ സഞ്ചാരപാതകളുടെ, പാരുകളിലെ ഈറ്റില്ലങ്ങളുടെ, മീൻവേട്ടയുടെ സാഹസികതയുടെ, വറുതിയുടെയും, പഞ്ഞത്തിന്റെയും വല്ലായ്മകളുടെയെല്ലാം കഥ പറയുന്നുണ്ട് ചുങ്കക്കാരൻ.

കടൽത്തീര ജീവിതങ്ങൾ അടിമുടി വിശ്വാസജീവിതങ്ങളാണ്. ദൈവം അവർക്ക് തുണയുമാണ് പേടിയുമാണ്. ദിനരാത്രങ്ങളിൽ അവർക്ക് മതമുണ്ട്. മെലഞ്ചിയുടെ മണിയോടലുകൾ മുഴങ്ങുന്ന വഴികൾ തിരുന്താതി മണി, പൂജാമണി, ചാവുമണി, സമയമണി, പെരുന്നാൾ മണി കൂട്ടമണി എല്ലാമെല്ലാം വിളിച്ചുപറയുന്ന പള്ളിമണികൾക്ക് ചുറ്റിലും ഇരുട്ടുപോലെ ഓടിയെത്തുന്ന സമൂഹം. വിസ്മയവിനിമയങ്ങളുടെ മണിയൊച്ചകൾ.. പള്ളിമുറ്റത്തെ നാട്ടുക്കൂട്ടങ്ങൾ, മഹറോൺ ചൊല്ലലുകൾ, രാജവിളംബരങ്ങൾ അറിയിക്കൽ, പിരുസന്തി വാഴ്ചകൾ എന്നിങ്ങനെ പള്ളി എന്ന കൾട്ട്, കടൽത്തീരങ്ങളിൽ സമാന്തര സാമൂഹികപാഠങ്ങളാണ്.

യോനയുടെ കുതിരക്കുളമ്പടികളുടെ ഒച്ചയിൽ മങ്ങിപ്പോയ സ്ത്രീകളുടെ മാഞ്ഞുപോകുന്ന മഴവില്ലഴകുകളെക്കുറിച്ച് പരാമർശിക്കാതെ ഈ വായന നിർത്താനാവില്ല. ഭാര്യയായ ക്ലാരയും ഏകമകളായ റോസും കസവുതുന്നിച്ച യോനയുടെ വഴികളിൽ ക്ലാര ദൈവഭക്തിയുള്ള വിശ്വസ്തഭാര്യയുടെ ചുമതലക്കാരിയാണ്. കടൽ അവളെ ഇരുകൈയും നീട്ടി സ്വീകരിച്ചു. യോനയുടെ മാസ്മരികസംഗീതത്തിന്റെ അലൗകികതകൾ ഉയർത്തുന്ന നീലക്കടലിലേക്ക് ഒഴുകിയെത്തുന്ന സെലിനും സിസ്റ്റർ ഹെലനും സ്റ്റെല്ലയും തെരയയുമെല്ലാം പ്രണയത്തിന്റെ തിരകളിലേറി, യാഥാർഥ്യത്തിന്റെ മണൽത്തിട്ടകളിലേക്ക് അടിഞ്ഞേറുന്നത് മായക്കാഴ്ചകൾ!

കവിതയുടെ, നാടകത്തിന്റെ എഴുത്തുപരിചയം പകരുന്ന മനോഹരങ്ങളായ മൊഴിപ്പകർച്ചകൾ ഏറെയുണ്ട് ചുങ്കക്കാരനിൽ. ബൈബിളിന്റെ പരിവേഷമുള്ള നിരവധി രേഖാചിത്രങ്ങൾ, വർണ്ണനകൾ, വാങ്മയങ്ങൾ കൊണ്ട് ക്യാൻവാസ് ചിത്രങ്ങൾ തീർക്കുന്ന ആഖ്യാനശൈലി, കടൽത്തിരകൾ പോലെ വേറിട്ടുവന്നലയ്ക്കുന്ന കെട്ടഴിഞ്ഞ എഴുത്തുവഴികൾ. ആത്മാംശമുള്ള കഥാപാത്രങ്ങളിലൂടെ തീരത്തിന്റെ കഥപറച്ചിലിന് സ്വന്തമായി ഒരിടം കണ്ടെത്തിയിരിക്കുകയാണ് എഴുത്തിനെ സ്വയംവരിച്ച ഡിക്സൺ.

---

*ചുങ്കക്കാരൻ:* എഴുത്തിലും ജീവിതത്തിലും വശം കെടുന്നവരുടെ നേരെഴുത്ത്...

ചരിത്രപഥം



# മിഷണറിമാരുടെ സേവന ശുശ്രൂഷകൾ തമസ്കരിക്കപ്പെടുമ്പോൾ



ഇഗ്നേഷ്യസ് തോമസ്

നാടും വീടും ഉപേക്ഷിച്ച്, വിദൂരമായ ദേശത്ത് വന്നുചേർന്ന്, സത്യത്തിന്റെയും നീതിയുടെയും മനുഷ്യ സ്നേഹത്തിന്റെയും സുവിശേഷം ഉദ്ഘോഷിച്ച പ്രേഷിതർ; മർദ്ദകരും പീഡകരുമായി ചിത്രീകരിക്കുന്ന, പൗരസ്ത്യ സഭയുടെ പരമാധികാരികളുടെ വാക്കുകൾ, ഈ അടുത്തകാലത്ത് സാമൂഹ്യമാധ്യമങ്ങളിൽ നിറഞ്ഞുനിന്നു. ഒറ്റപ്പെട്ട ചില പ്രതികരണങ്ങൾ വ്യക്തിപരമായി ചിലർ സാമൂഹ്യമാധ്യമങ്ങളിലൂടെ നൽകിയെന്നതൊഴികെ ആധികാരികവും വസ്തുതാപരവുമായ മറുപടി സഭാനേതൃത്വത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിരുന്നു. പ്രകാശത്തെ താൽക്കാലികമായി മറച്ചുപിടിക്കാം. സ്ഥിരമായി പ്രകാശത്തിന്റെ കടന്നുവരവിന് പ്രതിബന്ധം തീർക്കാനാവില്ല. ഇരുട്ടിന്റെ തടവറ ഭേദിച്ച് പ്രകാശം കടന്നുവരികതന്നെ ചെയ്യും.

യൂറോപ്യൻ മിഷണറിമാർ കേരളത്തിലേക്ക് കൂട്ടത്തോടെ കടന്നുവന്നതും ശക്തമായ സുവിശേഷ പ്രഘോഷണം ആരംഭിച്ചതും പോർച്ചുഗീസുകാരുടെ ആഗമനത്തോടുകൂടിയാണല്ലോ? വാസ്കോഡിഗാമ 1498 ൽ കോഴിക്കോട് എത്തിയപ്പോൾ അദ്ദേഹത്തിന്റെ കൂടെ ഫാ. പെഡ്രോദി കോവിലൻ എന്ന മിഷണറിയും ഉണ്ടായിരുന്നു. 1500 ൽ കൊച്ചിയിൽ അൽവാരസ് കബ്രാളിന്റെ നേതൃത്വത്തിൽ എത്തിയ, രണ്ടാം ദൗത്യസംഘത്തിൽ 5 മിഷണറിമാർ കൂടെയുണ്ടായിരുന്നു. തുടർന്നുള്ള കാലയളവിൽ വി. ഫ്രാൻസിസ് സേവ്യർ ഉൾപ്പെടെ നിരവധി മിഷണറിമാർ സുവിശേഷ പ്രചാരണത്തിനായി കേരളക്കരയിൽ എത്തിച്ചേർന്നു.

## കേരളത്തിലെ ക്രൈസ്തവസമൂഹം മിഷണറിമാരുടെ ആഗമന വേളയിൽ

പോർച്ചുഗീസുകാരുടെ ആഗമനവേളയിൽ മലബാറിൽ നിലവിലുണ്ടായിരുന്ന, ക്രൈസ്തവ സമൂഹത്തെക്കുറിച്ച് ചരിത്രകാ

രനായ ഫാ. ജോൺ പള്ളത്ത് ഒസിഡി പോർച്ചുഗൽ യുഗത്തിലെ ഭാരതസഭ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം വിവരിക്കുന്നു: "പതിനഞ്ചാം ശതകത്തിന്റെ അവസാനം പോർച്ചുഗീസുകാർ കേരളത്തിൽ കാലുകുത്തിയപ്പോൾ ഒരു ക്രൈസ്തവ സമൂഹം മലബാറിലുണ്ടായിരുന്നു. അവർ നാമമാത്ര ക്രൈസ്തവരായിരുന്നു. കച്ചവടത്തിലും കൃഷിയിലും അതീവ തല്പരരായിരുന്ന അവർ, സവർണ ജാതിയിൽപ്പെട്ട ഹിന്ദുക്കളെപ്പോലെ ചാതുർവർണ്യത്തിൽ വിശ്വസിക്കുന്നവരും സമൂഹത്തിൽ സ്ഥാനമുള്ളവരുമായിരുന്നതൊഴികെ ക്രിസ്തീയ വിശ്വാസത്തിലും ക്രൈസ്തവ സന്മാർഗജീവിതത്തിലും അജ്ഞരുമായിരുന്നു. സിറിയയിൽ നിന്ന് വന്നിരുന്ന അവരുടെ ഇടയന്മാർ, ആത്മീയപാലകന്മാർ എന്നതിനേക്കാൾ ഉപരി, പണപ്പിരിവുകാരായിരുന്നു. ഈ പശ്ചാത്തലത്തിൽ നിന്നുവേണം പോർച്ചുഗീസുകാരുടെ മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ.

മലബാർ ക്രിസ്ത്യാനികൾ രാഷ്ട്രീയമായി സംഘടിതരോ മതസാമൂഹിക സാംസ്കാരിക രംഗങ്ങളിൽ മികവ് കാട്ടുന്നവരോ ആയിരുന്നില്ല. മുസ്ലീം കച്ചവടക്കാരിൽ നിന്നും നാടുവാഴികളിൽ നിന്നും പീഡനവും അവഗണനയും നേരിട്ടുപോന്നു. തികച്ചും പ്രതികൂല സാഹചര്യങ്ങളിൽ, ജീവിതം ദുസഹമായി മുന്നോട്ടു പോയിരുന്ന മലബാർ ക്രൈസ്തവർ ഗണനീയമായ സമൂഹമേ ആയിരുന്നില്ലെന്ന് ഊഹിക്കുവാനാവും. മതപ്രചരണത്തിന് അക്കാലയളവിൽ സാഹചര്യമുണ്ടായിരുന്നിട്ടും സുവിശേഷ പ്രഘോഷണത്തിലൂടെ മാനസാന്തരങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കുന്ന ഒരു തെളിവും ഇല്ലെന്നുതന്നെ പറയാം. തദ്ദേശീയമായി നിലനിന്നിരുന്ന ആചാരാനുഷ്ഠാന രീതികൾ അക്ഷരംപ്രതി പിന്തുടർന്നുപോന്നു.

വ്യാപാരരംഗത്ത് ആധിപത്യം നേടിയിരുന്ന മുസ്ലീം കച്ചവടക്കാരിൽ നിന്ന് തദ്ദേശീയ ക്രിസ്ത്യാനികൾക്ക് സംരക്ഷണം വേണമെന്ന ആവശ്യവുമായി തദ്ദേശീയ ക്രിസ്ത്യാനികൾ വാസ്കോഡഗാമയെ കണ്ട് കോഴി, വാഴപ്പഴം മുതലായവ സമ്മാനിച്ചുകൊണ്ട് മുഹമ്മദീയരുടെ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കാനും അഭ്യർഥിച്ചു. അവർക്കുണ്ടായിരുന്ന ചെങ്കോലും രാജപത്രികയും അവർ ഗാമക്ക് നൽകി. പോർച്ചുഗീസ് രാജാവ് തങ്ങളുടെ രാജാവായിരിക്കണമെന്നും അദ്ദേഹത്തിന്റെ പേര് ചൊല്ലിയല്ലാതെ കുറ്റക്കാരെ വിധിക്കുകയില്ലന്നും പറഞ്ഞിരുന്നു. ക്രിസ്ത്യാനികൾ കൂടുതലുള്ള ഏതെങ്കിലും കേന്ദ്രത്തിൽ ഒരു കോട്ട പണിയുന്നത് ഭാവിക്ക് നല്ലതാണെന്നും അവർ പറഞ്ഞു'' (ഭാരതസഭാചരിത്രം, സേവ്യർ കൂടപ്പുഴ, 980, പേജ് 121-126)

**ഇന്ന് സഭയിൽ നിലനിൽക്കുന്ന ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ആദർശാത്മകവും ദൈവശാസ്ത്രപരവും വചനാധിഷ്ഠിതവുമായ സഭാത്മകജീവിതമോ കേരള നസ്രാണി സമൂഹത്തിന് സങ്കല്പിക്കാൻപോലുമോ ആയിരുന്നില്ല.**

മുസ്ലീങ്ങളായ അറബികച്ചവടക്കാരെ സഹായിക്കുകയും അവർക്ക് എല്ലാവിധ സംരക്ഷണവും നൽകിവന്ന സാമൂതിരിയുടെ ഭരണകാലയളവിൽ, നസ്രാണി ക്രിസ്ത്യാനികൾക്ക് ആരാധന നടത്താനും കച്ചവടം ചെയ്യാനും സഞ്ചരിക്കുന്നതിനും സുരക്ഷയൊരുക്കിയത് പോർച്ചുഗീസ്കാരായിരുന്നു. ചരിത്രകാരനായ ഡോ. ജോൺ ഓച്ചംതുരുത്ത് (അടിവേരുകൾ, പേജ് 40) നിരീക്ഷിക്കുന്നത് ഇപ്രകാരമാണ്. "കൊടുങ്ങല്ലൂരിലെ ക്രിസ്ത്യാനികൾ വാസ്കോഡ ഗാമയേയും കൊല്ലത്തുള്ളവർ അൽബുർക്കർക്കിനെയും സമീപിച്ച് ക്രിസ്ത്യാനികളെ സംരക്ഷിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി അഭ്യർഥിക്കുകയും തങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തുടർന്ന് പോർച്ചുഗീസുകാർ കൊല്ലത്തും കൊടുങ്ങല്ലൂരിലും മറ്റിടങ്ങളിലുമായി ചിതറിക്കിടന്ന കേരളസഭയെ ഒന്നിപ്പിക്കുന്നതിനും കത്തോലിക്കാവൽക്കരിക്കുന്നതിനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു."

ആരാധനയിലും ആചാരങ്ങളിലും നെസ്തോറിയൻ പാഷണ്ഡതയും മറയില്ലാത്ത അബദ്ധപഠനങ്ങളും പിന്തുടർന്ന നസ്രാണികൾ, കേരള സമൂഹത്തിൽ നിലനിന്നിരുന്ന ജീർണത നിറഞ്ഞ ആചാരങ്ങൾ അനുഷ്ഠിച്ചാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നത്. ഇങ്ങനെ സങ്കീർണമായ സാഹചര്യങ്ങളിലൂടെയാണ് സുറിയാനി ക്രിസ്ത്യാനികൾ കടന്നുപൊയ്ക്കൊണ്ടിരുന്നത്.

*(തുടരും)*





## തീരം സംരക്ഷിക്കണമെന്ന ആവശ്യവുമായി പരുത്തിയൂർ ഇടവക മത്സ്യഭവൻ ഉപരോധിച്ചു

പൊഴിയൂർ: തെക്കേകൊല്ല ങ്കോട് മുതൽ പരുത്തിയൂർ പൊഴിക്ക ര വരെ രൂക്ഷമായ തിരയടി തടയാൻ പ്രതിരോധ സംവിധാനങ്ങൾ ഒരുക്ക ണമെന്ന് ആവശ്യപ്പെട്ട് പരുത്തിയൂർ ഇടവകയുടെ നേതൃത്വത്തിൽ പ്രതി ഷേധമാർച്ചും മത്സ്യഭവന ഉപരോധ വും നടന്നു. പരുത്തിയൂർ ഇടവക വി കാരി ഫാ. ജേക്കബ്ബ് സ്റ്റെല്ലസ് സമ രം ഉദ്ഘാടനം ചെയ്തു. സഹവികാ രി ഫാ .റോബിൻ ബാൾഡിൻ, പൂവാർ ഇടവക വികാരി ഫാ അനീഷ്, പൊ ഴിയൂർ ശ്രീ മഹാദേവ ക്ഷേത്ര ഭരണ സമിതി സെക്രട്ടറി രാജൻ വി. പൊഴി യൂർ, പൊഴിയൂർ മുസ്‌ലിം ജമാ അ ത്ത് ഇമാം മുഹമ്മദ് യാസീൻ ബാഖ വി, പരുത്തിയൂർ ഇടവക കൗൺസിൽ അംഗങ്ങൾ, ജനപ്രതിനിധികൾ തുട ങ്ങിയവർ സംസാരിച്ചു. ഒന്നര മണി ക്കൂർ നീണ്ട പ്രതിഷേധത്തിൽ ആയി രത്തോളം പേർ പങ്കെടുത്തു.



*തെക്കേകൊല്ലങ്കോട് മുതൽ പരുത്തിയൂർ പൊഴിക്കര വരെ രൂക്ഷമായ തിര യടി തടയാൻ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കണമെന്ന് ആവശ്യപ്പെട്ട് പ രുത്തിയൂർ ഇടവകയുടെ നേതൃത്വത്തിൽ പ്രതിഷേധമാർച്ചും മത്സ്യഭവന ഉ പരോധവും നടന്നു.*

## ഗർഭിണികൾക്കും അവരെ പരിചരിക്കുന്നവർക്കും വേണ്ടിയുള്ള ധ്യാനം ഇനി ഓൺലൈനിലും

ഗർഭിണികളുടെയും അവരെ പരിചരിക്കുന്നവരുടെയും ആരോഗ്യ, മാ നസിക, ആത്മീയ പരിരക്ഷ ഉറപ്പ് വരുത്താൻ സഹായിക്കുന്ന എലീശ്വാ ധ്യാനം ഓൺലൈനിൽ ക്രമീകരിച്ച് കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ. ഇടവകകൾ കേന്ദ്രീകരിച്ച് നടന്നിരുന്ന എലീശ്വാ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്കുണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ട് കണക്കിലെടുത്താ ണ് ഓൺലൈനായി പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ നടത്തിയത്. പ ങ്കെടുക്കുന്നവർ അവരായിരിക്കുന്ന സ്ഥലത്തും അവരുടെ സൗകര്യപ്രദ മായ സമയത്തും ഇതിൽ പങ്കെടുക്കാവുന്നതാണ്. ആരോഗ്യ മേഖലയിൽ നിന്നുള്ള ഡോക്ടർമാരുടെയും മാനസികാരോഗ്യം ഉറപ്പ് വരുത്താൻ സൈ ക്കോളജിസ്റ്റിന്റെയും ക്ലാസ്സുകളും ആത്മീയ ഉണർവേകുന്ന ആരാധന യുമാണ് ഓൺലൈൻ എലീശ്വാ ധ്യാനത്തിൽ ഒരുക്കിയിരിക്കുന്നത്. www.familykrlcbc.com എന്ന സൈറ്റ് സന്ദർശിച്ച് പങ്കെടുക്കുന്നവർക്ക് ര ജിസ്റ്റർ ചെയ്യാൻ സാധിക്കും.

## 260 ലധികംപേർ പങ്കെടുത്ത സമർപ്പിതരുടെ സംഗമം

വെള്ളയമ്പലം: ഫെബ്രുവരി 17 ശനി യാഴ്ച വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിൽ 260ലധികം സമർപ്പിതർ പങ്കെടുത്തു. യു വജന ശുശ്രൂഷ ഈ കാലഘട്ടത്തിൽ എ ന്ന വിഷയത്തിന്മേൽ ഫാ. ഡൊമനിക് SDB യും സഭാ സമൂഹത്തിൽ സമർപ്പിത രുടെ പങ്കെന്ത്? എന്ന വിഷയിത്തെ ആ സ്പദമാക്കി അതിരൂപത സഹായ മെ ത്രാൻ ക്രിസ്തുദാസ് പിതാവും സമർപ്പി തർക്കായി നടത്തിയ ക്ലാസ്സുകൾക്ക് നേ തൃത്വം നൽകി. തുടർന്ന് നടന്ന ദിവ്യബ ലിക്ക് അതിരൂപതാദ്ധ്യക്ഷൻ ഡോ. തോ മസ് ജെ. നെറ്റോ മുഖ്യകാർമികത്വം വ ഹിച്ചു.



*260 ലധികംപേർ പങ്കെടുത്ത 2024 വർഷത്തെ സമർപ്പിതരുടെ സംഗമം*

# സംസ്ഥാനത്ത് അടിയന്തരമായി ജാതി സെൻസസ് നടത്തണം: സംയുക്ത ആക്ഷൻ കൗൺസിൽ




സംസ്ഥാനത്ത് സമഗ്രമായ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് നടപ്പാക്കണമെന്നാവശ്യപ്പെട്ട് ദലിത് ആദിവാസി പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങൾ സംയുക്തമായി' ആക്ഷൻ കൗൺസിൽ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് കാസ്റ്റ് സെൻസസ്' എന്ന പേരിൽ വേദി രൂപീകരിച്ചു. കേരള മുസ്‌ലീം ജമാഅത്ത് ഫെഡറേഷൻ പ്രസിഡൻറ് കടയ്ക്കൽ അബ്ദുൾ അസീസ് മൗലവിയെ ചെയർമാനായും കെ പി എം എസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാറിനെ ജനറൽ കൺവീനറായും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഷെറി ജെ തോമസിനെ ട്രഷററായും തെരഞ്ഞെടുത്തു. ജാതി സെൻസസിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി സംസ്ഥാന മുഖ്യമന്ത്രിക്ക് നിവേദനം നൽകും. ഈ ആവശ്യത്തിൻമേൽ മാർച്ച് 5 , 6 തീയതികളിലായി ഘടക സംഘടനകളുടെ സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്ന രാപകൽ സമരം സെക്രട്ടറിയേറ്റിന് മുന്നിൽ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. ഭരണകൂടങ്ങളും അവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതൃത്വവും എക്കാലത്തും സമൂഹത്തിൽ ജാതീയമായ സാമൂഹ്യ അധികാരങ്ങൾ കയ്യാളുന്ന വരേണ്യ വിഭാഗങ്ങളുടെ താല്പര്യ സംരക്ഷകരാകുന്നതായാണ് നാം കണ്ടുവരുന്നത്. സമഗ്രമായ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് എന്നത് നമ്മുടെ സംസ്ഥാനത്തെ യഥാർത്ഥ സ്ഥിതി വിവരകണക്കുകൾ പുറത്തു കൊണ്ടുവരാൻ ഉപകരിക്കും. വിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ചർച്ച ചെയ്യപ്പെടണം. അധികാരവും പൊതുവിഭവങ്ങളും ആനുപാതികമായി പങ്കുവയ്ക്കപ്പെടുന്നിടത്താണ് ജനാധിപത്യം ഉറപ്പിക്കപ്പെടുന്നത്.

# സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചവരെ ആദരിച്ച് വിദ്യാഭ്യാസ സമൂഹ്യ ശുശ്രൂഷകൾ

അതിരൂപതയിൽ നിന്നും പി.എസ്.സി. വഴി സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചവരെ വിദ്യാഭ്യാസ സമൂഹ്യ ശുശ്രൂഷകൾ സംയുക്തമായി ആദരിച്ചു. പി.എസ്.സി. പരീക്ഷയെഴുതി സർക്കാർ ഉദ്യോഗം ലഭിച്ച ലത്തീൻ സമുദായത്തിലെ മക്കൾ നമ്മുടെതന്നെ വളർന്നു വരുന്ന തലമുറയ്ക്ക് പ്രചോദനവും മാതൃകയുമാണെന്ന് അനുഗ്രഹ പ്രഭാഷണം നടത്തിയ അതിരൂപത മെത്രാപൊലീത്ത ഡോ. തോമസ് ജെ. നെറ്റോ പറഞ്ഞു. തുടർന്ന് സർക്കാരുദ്യോഗസ്ഥർക്ക് മെമന്റോകൾ നൽകി ആദരിച്ചു. നിശ്ചിത കാലയളവിൽ സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ച 103 പേരിൽ 63 പേർ ചടങ്ങിൽ പങ്കെടുത്തു. സർക്കാർ ജോലി ലഭിച്ച ഡോ.





അനു പി. സുന്ദർ, ശ്രീ ജോണി സി. ദാസ്, ശ്രീമതി. സുധാ ബെഞ്ചമിൻ എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. പ്രൊഫ. ഐറിസ് കൊയ്‌ലിയോ ആശംസകളർപ്പിച്ചു. സാമൂഹ്യ ശുശ്രൂഷ കോർഡിനേറ്റർ ലീജ സ്റ്റീഫൻ സമ്മേളനത്തിന്റെ അവതരണവും, വിദ്യാഭ്യാസ കോർഡിനേറ്റർ ജൂലി ഡൈനേഷ്യസ് കൃതജ്ഞതയും നല്കി.

## പേട്ട ഫൊറോനയിൽ അല്മായ അദ്ധ്യാത്മിക നവീകരണ ധ്യാനം നടന്നു

പോങ്ങുംമൂട്: പേട്ട ഫൊറോന യിൽ അൽമായ ശുശ്രൂഷയുടെ നേതൃത്വത്തിൽ ആദ്ധ്യാത്മിക നവീകരണ ധ്യാനം നടത്തി. ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ 9 മുതൽ 5 വരെ പോങ്ങുംമൂട് സെന്റ് മേരിസ് ഇടവകയിൽ നടന്ന ധ്യാനത്തിന് പ്രശസ്ത സൈക്കോളജിസ്റ്റും ധ്യാന ഗുരുവുമായ ഫാ. ബേണി OFM. Cap നേതൃത്വം നൽകി. അൽമായർ ആത്മീയമായി വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ധ്യാനത്തിൽ വിവരിച്ചു. ഈ തപസ്സുകാലം അതിന് സഹായകരമാകട്ടേയെന്ന പ്രത്യാശയും ബേണിയച്ചൻ പങ്കുവച്ചു.

## പേട്ട ഫൊറോനയിൽ വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ പി.ജി വിദ്യാർത്ഥി കൂട്ടായ്മയ്ക്ക് രൂപം നൽകി

പോങ്ങുംമൂട്: ഫെബ്രുവരി 11 ഞായറാഴ്ച പോങ്ങുംമൂട് സെന്റ് മേരീസ് ഇടവക ഹാളിൽ, നടന്ന സമ്മേളനത്തിൽ പി.ജി. വിദ്യാർത്ഥി കൂട്ടായ്മാരൂപീകരണത്തിന് ഡോ. ഇരുദയ രാജൻ നേതൃത്വം നൽകി. പ്രസ്തുത സമ്മേളനത്തിൽ പേട്ട ഫൊറോനകളിലെ 11 ഇടവകകളുടെയും ചരിത്രമടങ്ങിയ 'ചരിത്ര വേരുകൾ തേടി' എന്ന പേരിലുള്ള പുസ്തകത്തിന്റെ പ്രകാശനകർമ്മം ഫൊറോന വികാരി ഫാ. റോബിൻസൺ നിർവ്വഹിച്ചു.

# അരയതുരുത്തി ഇടവകയിൽ ഹോം മിഷന് തുടക്കംകുറിച്ചു





അരയതുരുത്തി: തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ സകല വിശുദ്ധരുടെയും നാമധേയത്തിലുള്ള അരയതുരുത്തി ഇടവകയിൽ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. ഫെബ്രുവരി 4 ഞായറാഴ്ച അതിരൂപത എമരിത്തൂസ് മെത്രാപ്പോലീത്ത സൂസപാക്യം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെയാണ് കുടുംബകേന്ദ്രീകൃത അജപാലന യജ്ഞത്തിന് തുടക്കമായത്. ഇടവക വികാരി ഫാ. ജോസഫ് പ്രസാദ് , അതിരൂപത ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേൽ എന്നിവർ സഹകാർമ്മികരായിരുന്നു.



*പോങ്ങുംമൂട് സെന്റ് മേരീസ് ഇടവക ഹാളിൽ നടന്ന പി.ജി. വിദ്യാർത്ഥി കൂട്ടായ്മാ രൂപീകരണ പരിപാടിയിൽ നിന്ന്*




*'SADHANA' റിന്യൂവൽ സെന്റർ അതിന്റെ 18ാം വാർഷികം ആഘോഷിച്ചു. തിരുവനന്തപുരം അതിരൂപത മെത്രാപൊലീത്ത ഡോ. തോമസ് ജെ. നെറ്റോ വാർഷികാഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റോബിൻസൺ സന്നിഹിതനായിരുന്നു.*



*ഇംഗ്ലീഷ് ഭാഷ നൈപുണ്യ വികസനത്തിനായി പുല്ലുവിള ഫൊറോനയിൽ വച്ചുനടത്തിയ ഇംഗ്ലീഷ് മത്സരങ്ങളിൽ പങ്കെടുത്തവർ*



*പുതിയതുറ: തെക്കൻ കേരളത്തിലെ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ വിശുദ്ധ നിക്കോളാസ് ദേവാലയത്തിൽ (കൊച്ചെടത്വ) വിശുദ്ധ ഗീവർഗീസിന്റെ തിരുനാൾ 2024 ഏപ്രിൽ മാസം 26 മുതൽ മെയ് 5 വരെ നടക്കും. തെക്കൻ കേരളത്തിൽ നിന്നും ജാതിമതഭേദമെന്യേ നിരവധി വിശ്വാസികളാണ് പുതിയതുറ വിശുദ്ധ ഗീവർഗീസിന്റെ തിരുനാളിന് തീർത്ഥാടകരായെത്തുന്നത്.*



*കെആർഎൽസിസി സെക്രട്ടറിയായി തെരഞ്ഞെടുത്ത കെഎൽസിഎ തിരുവനന്തപുരം അതിരൂപത പ്രസിഡന്റ് ശ്രീ. പാട്രിക് മൈക്കിൾ*

## ഇന്നസെന്റ് സാർ അന്തരിച്ചു



1941 മാർച്ച് 3ന് ഇപ്പോഴത്തെ കുഴിത്തുറ രൂപതയുടെ ആസ്ഥാനമായ ത്രിത്വപുരം ഇടവകയിലായിരുന്നു ജനനം. അധ്യാപകനായിരുന്നു. 1995 മാർച്ചിൽ നെടുമങ്ങാട് ആട്ടുകാൽ യു.പി.എസ്സിൽനിന്നും ഹെഡ്മാസ്റ്ററായി വിരമിച്ചു. സ്കൂളിലെ അദ്ധ്യാപക ജോലിയോടൊപ്പം ഇടവകയിലേയും ഫെറോനയിലേയും രൂപതയിലേയും സഭാപ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊണ്ടു.

## മെഗാ ജോബ് ഫെയർ ക്യാമ്പ്

വള്ളവിള ഇടവകയും സലേഷ്യൻ കമ്മ്യൂണിറ്റിയും സംയുക്തമായി ഡിസംബർ മാസം പതിനാറാം തീയതി മെഗാ ജോബ് ഫെയർ ക്യാമ്പ് ലൈറ്റി മിനിസ്ട്രിയുടെയും മറ്റ് ശുശ്രൂഷകളുടെയും സഹായത്തോടെ സെൻറ് ജൂഡ് ഹൈസ്കൂളിൽ വച്ച് സംഘടിപ്പിച്ചു. 500 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു. വികാരിയച്ചന്റെ അധ്യക്ഷതയിൽ ഉദ്ഘാടകനായി തമിഴ്നാട് milk and diary development minister ശ്രീ. മനോ തങ്കരാജും MP ശ്രീ. വിജയ് വസന്തും MLA ശ്രീ രാജേഷ് കുമാറും വാർഡ് കൗൺസിലർസും മറ്റു വിശിഷ്ട വ്യക്തികളും അണിനിരന്നപ്പോൾ കാര്യപരിപാടി വർണ്ണശബളമായി. ജോലി അന്വേഷിച്ചു വന്ന ഉദ്യോഗാർത്ഥികളിൽ 250 പേർക്ക് ജോലി ലഭിച്ചു. അന്നേദിവസം തന്നെ 30 ഓളം പേർക്ക് വിവിധ കമ്പനികളിൽ ഓഫർ ലെറ്ററും ലഭിച്ചു.

നീർച്ചാൽ

# നീ നിന്റെ മുറ്റം വൃത്തിയാക്കുക തെരുവ് താനേ വൃത്തിയാകും

**തപസ്സുകാലം 3-ാം ഞായർ (മാർച്ച്. 3)** പുറ. 20:1-17, 1 കൊറി. 1:22-25, യോഹ. 2: 13-25

**ഫാ. വിക്ടർ എവരിസ്റ്റസ്**

*അകത്ത് എല്ലാവരും അവനെ ആരാധിച്ചുകൊണ്ടിരുന്നപ്പോഴാണ് പുറത്തുനിന്ന് അവൻ ദൈവാലയത്തിലേക്ക് പ്രവേശിച്ചത്. ഭക്തിനിറഞ്ഞ് ചിലരെങ്കിലും ദൈവകടാക്ഷം പ്രതീക്ഷിച്ചപ്പോൾ ചിലർക്ക് കിട്ടിയത് ചാട്ടവാർ പ്രഹരമാണ്. എന്നിട്ടും രണ്ടുകൂട്ടരും ദൈവത്തെ തിരിച്ചറിഞ്ഞില്ല. കാരണം ദൈവത്തിന് അവർ പ്രതീക്ഷിച്ച ഭാവമല്ലായിരുന്നു. അവരുടെ പ്രാർത്ഥനകൾ ഇത്തരം ഒരു ദൈവത്തിനു വേണ്ടിയുമല്ലായിരുന്നു. ഇതാണ് ദൈവം. മനസ്സിലാക്കാൻ പറ്റാത്ത രീതിയിൽ അവൻ എവിടെ നിന്നും കയറിവരാം. പ്രതീക്ഷിക്കാത്ത രീതിയിൽ അവൻ പ്രവർത്തിച്ചു എന്നും വരാം.*

ദൈവാലയത്തെ ചുറ്റിപ്പറ്റി ജീവിച്ച, ദൈവത്തിന്റെ സ്വന്തം ജനം എന്നവകാശപ്പെട്ടവരോട് വളരെ വിചിത്രമായ രീതിയിൽ ദൈവം സംസാരിച്ച ബൈബിൾ ഭാഗമാണ് യോഹ. 2:13-25. പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിയുന്ന ക്രിസ്തുവിനെ ഇവിടെ നാം കാണുന്നു.

ദൈവപുത്രന് കോപിക്കാമോ? ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണെന്ന് പറഞ്ഞവൻ ചാട്ടവാറെടുക്കുന്നുവോ? ഹേറോദേസിനെ കുറുക്കൻ എന്നുവിളിച്ചവൻ തന്നെയല്ല സഹോദരനെ ഭോഷാ എന്നു വിളിച്ച് ന്യായാവിധിക്ക് അർഹനാകും എന്നു പറഞ്ഞത്? യേശുവിനെ ഒരു വിപ്ലവ പോരാളിയെന്ന് വിളിക്കുന്നതിൽ തെറ്റുണ്ടോ?

ദൈവാലയ ശുദ്ധീകരണം മുൻനിർത്തി ചിന്തിക്കുമ്പോൾ വെളിവാകുന്ന ഉത്തരങ്ങൾ ഇവയാണ്.

(1) യഹൂദജനതയുടെ അഭിമാനത്തിന്റെ പ്രതീകമായിരുന്നു ജെറുസലേം ദൈവാലയം. അവിടെ ദൈവത്തെ അനുഭവിക്കുവാൻ കഴിയുമെന്ന് അവർ വിശ്വസിച്ചു. വിശുദ്ധസ്ഥലത്തോട് ഏറ്റവും അടുത്തായിരുന്നു പുരോഹിതരുടെ സ്ഥാനം. പിന്നിൽ ഇസ്രായേൽ ജനം, അതിന്റെ പിന്നിൽ സ്ത്രീകൾ, അതിന്റെ പിന്നിൽ വിജാതീയർ എന്നിങ്ങനെയായിരുന്നു ദൈവാലയത്തിലെ ക്രമീകരണം. കച്ചവടങ്ങൾ മുഴുവനും നടന്നിരുന്നത് വിജാതീയർക്കുവേണ്ടി നീക്കിവയ്ക്കപ്പെട്ടിരുന്ന സ്ഥലത്താണ്. സമൂഹത്തിൽ സ്വരമില്ലാത്തവരുടെ പ്രാർത്ഥനാവേളകളെ അമിത സ്വരം കൊണ്ട് തടസ്സപ്പെടുത്തിയിരുന്ന ആരാധനാ രീതികളോടുള്ള ഒരു തുറന്ന പ്രതിഷേധവും മുന്നറിയിപ്പുമായിരുന്നു ഒന്നാമതായി ഈശോയുടെ ചാട്ടവാറടി. ബലഹീനരുടെ പ്രാർത്ഥനകൾ ദൈവത്തിന് ഏറെ പ്രീതികരമാണെന്നും ദൈവത്തെ അന്വേഷിക്കുന്നവരെ ആരാധനയ്ക്ക് വേണ്ടിയുള്ള ആചരണങ്ങളിലൂടെയും നിയമങ്ങളിലൂടെയും തടസ്സപ്പെടുത്തരുതെന്നും ക്രിസ്തുനാഥൻ ആഗ്രഹിക്കുന്നുണ്ട്. ആരവങ്ങളും ദുരാചാരങ്ങളും നിറഞ്ഞ ആരാധനാരീതികളേക്കാൾ

> ദൈവാലയത്തിൽ ഉണരേണ്ടത് മനുഷ്യനിലെ ദൈവികതയാണ്. അവിടെ കാളയും ആടും കയറി മേഞ്ഞാലോ? ദൈവമേഖലയിലേക്ക് ഉയരേണ്ട മനുഷ്യൻ മൃഗമേഖലയിൽ കുരുങ്ങുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരം മൃഗശാലയാകുന്നത്.

ആത്മാർത്ഥത നിറഞ്ഞ അന്വേഷണങ്ങൾ ദൈവത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. വിജാതീയർ തന്നെ അന്വേഷിച്ചിരുന്ന വേളയിൽ ഈശോ അമിതമായി സന്തോഷിക്കുന്നത് അതുകൊണ്ടാണ്. ഒരു മതസ്ഥരേയും വിലകുറച്ച് കാണാതിരിക്കാനും നമ്മുടെ പ്രാർത്ഥനാ രീതികളെ വിശകലനം ചെയ്യുന്നതിനും ഈ സുവിശേഷഭാഗം അവസരം ഒരുക്കുന്നു.

(2) പിതാവിനോടുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു പുത്രന്റെ ആരാധനകൂടിയാണ് ഈ രോഷം കൊള്ളൽ. 'ദൈവാലയത്തിൽ ദൈവപുത്രന് കോപിക്കാമെങ്കിൽ എനിക്കും കോപിക്കാം.' ഈയിടെ കേട്ട ഒരു യുവാവിന്റെ കമന്റാണിത്. ഇവിടെയാണ് ദൈവപുത്രന്റെ ധാർമ്മികരോഷവും കുഞ്ഞുകുട്ടി പരാധീനതകൾ മൂലമുള്ള മനുഷ്യന്റെ ദേഷ്യവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത്. യേശു കോപിക്കുന്നത് പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത കൊണ്ടാണ്. കസാൻദ് സാക്കീസിന്റെ "ദൈവത്തിന്റെ നിസ്വനിൽ' ബ്രദർ ലിയോ ഫ്രാൻസീസിനോട് പറയുന്നതിങ്ങനെയാണ്. "ഫ്രാൻസീസ്! നീ സ്വയം അണയൂ... അല്ലെങ്കിൽ ഈ ലോകത്തിന് തീ പിടിക്കും." പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത തീപ്പന്തമായി ജ്വലിച്ചതിന്റെ സ്വാഭാവിക പ്രതിഫലനമാണിത്. യേശുവിന്റെ കോപജ്വാല ഭസ്മാസുരനെ പോലെ ഭസ്മമാക്കുന്നതല്ല. ദൈവാലയത്തിന് നഷ്ടപ്പെട്ടുപോയ വിശുദ്ധിയുടെ താക്കോൽ വീണ്ടെടുക്കുന്നതിനുള്ള ടോർച്ചടിയാണ് യേശുവിന്റെ കോപം. ഈ കോപം സ്വകാര്യലാഭത്തിനുവേണ്ടിയല്ല. തന്നിഷ്ടം നടക്കാതിരുന്നതുമൂലമുള്ള ഇച്ഛാഭംഗം മൂലമല്ല. ഇഷ്ടമില്ലാത്തവരെയും വിമർശകരെയും കാണുമ്പോഴുണ്ടാകുന്ന സ്വാഭാവിക പ്രതികരണവുമല്ല. മറിച്ച് വഴിവിളക്കുകൾ കരിന്തിരി കത്തുന്നതിനെതിരെയുള്ള പ്രഖ്യാപനമാണത്. സമൂഹത്തിന്റെ വഴി പിഴച്ചുപോക്കിനെതിരെയുള്ള അപായ സൈറനാണത്.

ഇത് വായിച്ചിട്ട് കോപിക്കാൻ തോന്നുന്നോ? എങ്കിൽ ഇതുകൂടി വായിക്കുക. ഇന്നും സമൂഹത്തെ ശുദ്ധീകരിക്കാൻ ചാട്ടവാറുകളുമായി ഇറങ്ങുന്നവരേറെയുണ്ട്. എന്നാൽ നാടുനന്നാക്കാനിറങ്ങുന്നവർ വീടുനന്നാക്കാൻ മറന്നുപോകുന്നു. തെരുവ് വൃത്തിയാക്കാൻ സേവനവാരത്തിനിറങ്ങുന്നവർ സ്വന്തം മുറ്റം വൃത്തിയാക്കാൻ മറന്നുപോകുന്നു. ആത്മാക്കളെ രക്ഷിക്കാനിറങ്ങുന്നവർ സ്വന്തം ആത്മ രക്ഷയെക്കുറിച്ച് മറന്നുപോകുന്നു. ബർണാഡ്ഷാ പറഞ്ഞതെത്രയോ സത്യം: "നീ നിന്റെ മുറ്റം വൃത്തിയാക്കുക. അപ്പോൾ തെരുവ് താനേ വൃത്തിയായിക്കൊള്ളും."

(3) ദൈവാലയത്തിൽ ഉണരേണ്ടത് മനുഷ്യനിലെ ദൈവികതയാണ്. അവിടെ കാളയും ആടും കയറി മേഞ്ഞാലോ? ദൈവ മേഖലയിലേക്ക് ഉയരേണ്ട മനുഷ്യൻ മൃഗമേഖലയിൽ കുരുങ്ങുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരം മൃഗശാലയാകുന്നത്. കേരളത്തെ നടുക്കിയ കണിച്ചുകുളങ്ങര കൂട്ടക്കൊലക്കേസിലെ ഒന്നാം പ്രതിയുടെ പേരുവായിച്ചപ്പോൾ കൗതുകം തോന്നി. മൃഗം സാജു! ജനിച്ചപ്പോൾ നിഷ്കളങ്കനായിരുന്ന അവന് മാതാപിതാക്കൾ ഇട്ട പേര് 'സാജു'. എന്നാൽ വളർന്നപ്പോൾ മൃഗീയവാസനകളുടെ കാളയും ആടും അവന്റെ ശരീരത്തിൽ ഭരണം നടത്തിയപ്പോൾ നാട്ടുകാർ അവന് നൽകിയ പേരാണ് 'മൃഗം സാജു' ! ഈ പേര് എന്താണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. വെള്ളയുടുപ്പിട്ട് ആദ്യകുർബാന സ്വീകരണത്തിന് നിന്ന നിഷ്കളങ്കനിൽ നിന്ന് ഞാനെത്ര അകലെയാണെന്ന ചോദ്യമാണോ? ദൈവാലയത്തിൽ നിന്ന് മൃഗശാലയിലേക്കുള്ള ദൂരം മാലാഖത്തലവനിൽ നിന്ന് ലൂസിഫറിന്റെ വീഴ്ചയുടെ ദൂരമാണ്. നിഷ്കളങ്കനായ സാജുവിൽ നിന്ന് മൃഗം സാജുവിലേക്കുള്ള വഴി ദൂരമാണ്. മരിയ ഗൊരേത്തിയിൽ നിന്ന് നളിനി ജമീലയിലേക്കുള്ള ദൂരമാണത്.

ഇടവക ദൈവാലയത്തിന്റെ നടക്കല്ലിൽ ചെരുപ്പൂരണോ എന്നു സംശയിച്ചുനിൽക്കുന്ന അഭിനവ മോശമാരോട് മുൾപ്പടർപ്പിൽ എരിഞ്ഞുതീരാത്ത ദൈവം സംസാരിക്കും; "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക." നിന്റെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടതെന്ന്" ഏശയ്യായുടെ അശുദ്ധി മാറ്റാൻ കൊടിലിൽ കനലെടുത്ത മാലാഖേ, ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിൽ നിന്ന് എന്നെ തടയുന്ന അശുദ്ധിയുടെ ചെരിപ്പുകളഴിക്കാൻ ഞങ്ങളെ സഹായിക്കണമേ. ഒപ്പം സൂര്യനസ്തമിക്കുന്നതിന് മുൻപ് ഞങ്ങളുടെ കോപങ്ങളവസാനിപ്പിക്കണമേ. ■

# പുത്രനെ നല്കുന്ന ദൈവസ്നേഹം

**തപസ്സുകാലം 4-ാം ഞായർ (മാർച്ച് 10)** 2 ദിന 36:14-16, 19-23, എഫേ. 2:4-10, യോഹ. 3: 14-21

**ഫാ. ഡൈസൺ**

**വി**ളക്കുകൾ പലതാണെങ്കിലും വെളിച്ചം ഒന്നേ ഉള്ളൂ. അത് കർത്താവായ യേശുക്രിസ്തുവാണ്. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ ജീവിതപീഠത്തിന്മേൽ വയ്ക്കുമ്പോൾ ജീവിതം പ്രകാശമാനമായി മാറുന്നു. ക്രിസ്തു പറയുടെ അടിയിൽ സൂക്ഷിക്കപ്പെടേണ്ടവനല്ല എല്ലാവർക്കും

രക്ഷ ലഭിക്കാൻ എന്നും ഉയർന്നു നില്ക്കേണ്ടവനാണ്. ക്രിസ്തുവെന്ന വെളിച്ചമുള്ളവന്റെ പ്രവൃത്തികൾ നന്മ നിറഞ്ഞതും, സ്നേഹം നിറഞ്ഞതുമായിരിക്കും. സ്നേഹം നിറഞ്ഞ അവന്റെ പ്രവർത്തനം അവന്റെയും മറ്റുള്ളവരുടെയും ജീവിതത്തെ സുന്ദരമാക്കുന്നു.

### 1. ഉയർത്തപ്പെടേണ്ടവൻ ക്രിസ്തുവാണ്

മരുഭൂമി ദൈവീക വെളിപാടിന്റെയും പുണ്യത്തിന്റെയും ഇടം മാത്രമല്ല; പാപത്തിന്റെയും പ്രലോഭനത്തിന്റെയും ശിക്ഷയുടെയും സ്ഥലം കൂടിയാണ്. മരുഭൂമി യാത്രയിൽ ഇസ്രായേൽ ജനം ദൈവത്തോട് കലഹിച്ച്, ദൈവത്തിനെതിരെ സംസാരിച്ചു. ദൈവത്തെ പരീക്ഷിക്കുകയും ദൈവത്തിന്റെ അസ്തിത്വത്തെപോലും ചോദ്യം ചെയ്യുകയും ചെയ്തു. അതുകൊണ്ട് സീന മരുഭൂമിയിലെ ആ സ്ഥലത്തിന് 'മാസാ' (പരീക്ഷയുടെ സ്ഥലം) എന്നും, 'മെറീബാ' (കലഹത്തിന്റെ സ്ഥലം) എന്നും മോശ പേരിട്ടു (പുറ 17:7). ഫറവോയുടെ ശക്തമായ കരങ്ങളിൽ നിന്നും ചെങ്കടലിനെ രണ്ടായി പിളർത്തി അത്ഭുതകരമായ രീതിയിലാണ് ഇസ്രായേൽ ജനത്തെ ദൈവം രക്ഷിച്ചത്. വിശന്നപ്പോൾ ആകാശത്തു നിന്നും മന്നയും, കടലിൽ നിന്നും കാടപക്ഷിയും, ദാഹിച്ചപ്പോൾ പാറയിൽ നിന്നും തെളിനീരും നല്കി. മരുഭൂമിയുടെ ചൂടിൽ നിന്നും യാത്രയെ സുഗമമാക്കാൻ മേഘസ്തംഭമായും, രാത്രിയിൽ പ്രകാശം നല്കാൻ ദീപസ്തംഭമായും (പുറ 13:20) കർത്താവിന്റെ സാന്നിദ്ധ്യം അനുഭവിച്ച അവർ നന്ദിഹീനമായി ദൈവത്തോട് പെരുമാറി. ചെറിയ സഹനത്തിനോടുപോലും അക്ഷമരായി തുടരെത്തുടരെ ദൈവത്തിനെതിരെ തിരിഞ്ഞതു കണ്ടപ്പോൾ ദൈവം ആഗ്നേയ സർപ്പങ്ങളെ അയക്കുന്നു. ദംശനമേറ്റവർ മരിക്കാതിരിക്കാൻ മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെയുണ്ടാക്കി, അതിനെ വടിയിൽ ഉയർത്തി നിറുത്തി. അതിനെ നോക്കിയവർ ജീവിച്ചു (സംഖ്യ 21:4-9). പഴയ നിയമത്തിലെ ഈ സംഭവത്തെ പുതിയ നിയമത്തിൽ സംഭവിക്കാൻ പോകുന്ന വലിയ അത്ഭുതത്തിന്റെ നിഴലായിട്ടോ, ചെറിയൊരു അടയാളമായിട്ടോ കാണാവുന്നതാണ്. പഴയ നിയമത്തിൽ സർപ്പദംശനം ലഭിച്ചവർക്ക് ശാരീക സൗഖ്യം ലഭിക്കുമ്പോൾ പുതിയ നിയമത്തിൽ പാപത്തിന്റെയും രോഗത്തിന്റെയും ദംശനമേറ്റവർ നിത്യജീവനും, ശാരീരിക സൗഖ്യവും സ്വന്തമാക്കുന്നു. കാരണം പുതിയ നിയമത്തിൽ കുരിശിൽ ഉയർത്തപ്പെടുന്നത് വെറുമൊരു അടയാളമല്ല നിത്യജീവൻ പ്രദാനം ചെയ്യുന്ന ലോകരക്ഷകനായ കർത്താവായ യേശുവാണ്. അവൻ ഈ ലോകത്തിൽ വന്നത് മനുഷ്യരുടെ ജീവിതങ്ങളെ പ്രകാശിപ്പിക്കുവാനും (യോഹ 1:9) അവരെ ദൈവത്തിന്റെ മക്കളാക്കാനും (യോഹ 1:12), അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുംവേണ്ടിയാണ് (യോഹ 10:10). രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിനെ നമ്മുടെ ജീവിതത്തിൽ ഉയർത്തണം. ഉയർത്തിയ അവനെ നോക്കുമ്പോൾ നമ്മൾ പ്രകാശിതരാകും. അവന്റെ ദർശനം ലഭിക്കാൻതക്കവിധത്തിൽ അവൻ നമ്മുടെ ശിരസ്സായി ഉയർന്നു നില്കണം. അവനു പകരം മനുഷ്യൻ തന്നെത്തന്നെ ഉയർത്തുമ്പോൾ അവന്റെ ജീവിതം മാസായായും മെറീബായായും മാറും. അതുകൊണ്ട് രക്ഷ നല്കുവാൻ പ്രാപ്തിയുള്ള കർത്താവായ യേശുവിനെ നമ്മുടെ ജീവിതത്തിൽ ഉയർത്താം.

വെളിച്ചത്തെ ദുഃഖമായും ഇരുളിനെ സുഖപ്രദമായും കാണുന്ന മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നു ജീവിക്കുന്നവനാണ്. ക്രിസ്തുവെന്ന പ്രകാശം കൊണ്ട് അണഞ്ഞുപോയ നമ്മുടെ ജീവിത വിളക്കുകൾ കൊളുത്താം. ക്രിസ്തുവെന്ന പ്രകാശത്തെ നല്കുന്ന വിളക്കുകളാകാം.

### 2. ക്രിസ്തുസ്നേഹംകൊണ്ട് ജീവിതത്തെ മനോഹരമാക്കാം

ഏറ്റവും വലുതെന്നും നല്ലതെന്നും കരുതപ്പെടുന്നവ കൊടുക്കുമ്പോഴാണ് യഥാർത്ഥ സ്നേഹം പ്രകടമാകുന്നത്. നല്കലിൽ ത്യാഗമുണ്ട്. അതുകൊണ്ടാണ് ഇങ്ങനെ പറയപ്പെടുന്നത്: 'സ്നേഹം അളക്കപ്പെടുന്നത് അതിൽ ഉൾചേരുന്ന ത്യാഗത്തിന്റെ തോതനുസരിച്ചാണ്.' ആബേൽ ദൈവത്തോടുള്ള തന്റെ സ്നേഹം പ്രകടപ്പിച്ചത് തനിക്കുള്ളതിൽ ഏറ്റവും നല്ലതിനെ നല്കികൊണ്ടാണ് (ഉല്പത്തി 4:4). അബ്രഹാം തന്റെ ജീവിതത്തിലെ ഏറ്റവും വലതും, നല്ലതും, എല്ലാമെല്ലാമെന്നു കരുതിയ തന്റെ മകനെ ദൈവത്തിന് നല്കികൊണ്ടാണ് ദൈവത്തോടുള്ള തന്റെ സ്നേഹം പ്രകടമാക്കിയത് (ഉല്പത്തി 22:2-6). ഇന്നും നല്ല സമരിയാക്കാരൻ മനുഷ്യർക്ക് ഒരു സുഗന്ധ സ്മൃതിയായി നില്ക്കുന്നത് അവന്റെ യാത്രയിലെ ത്യാഗം നിറഞ്ഞ സ്നേഹപ്രവൃത്തികളിലൂടെയാണ്. വിപത്തിൽപ്പെടുന്നവൻ ശത്രുവായാൽപോലും നമ്മുടെ ദയയ്ക്ക് അർഹനാണെന്ന സ്നേഹപാഠമാണ് നല്ല സമരിയാക്കാരൻ ലോകത്തെ പഠിപ്പിക്കുന്നത്.

സ്നേഹപൂർവ്വമുള്ള നല്കൽ ലോകത്തെ, ജീവിതത്തെ മനോഹരമാക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹപൂർവ്വമുള്ള പുത്രദാനം മനുഷ്യകുലത്തിന് രക്ഷ നല്കുന്നു. അതിലൂടെ പാപം വികൃതമാക്കിയ മനുഷ്യനിലെ ദൈവീകഛായ വീണ്ടും പൂർവ്വസ്ഥിതിയിലെത്തുന്നു. അങ്ങനെ മനുഷ്യൻ സുന്ദരനും ദൈവീകനുമായി മാറി. ഒരു രാജാവ് മൂശാരിയെ മണിയുണ്ടാക്കാനേൽപ്പിച്ചു. പക്ഷേ ശബ്ദം ശരിയാകുന്നില്ല രാജാവ് ഒരവസരം കൂടി നല്കി. ഇനിയും മണി ശരിയാകുന്നില്ലെങ്കിൽ വധശിക്ഷയാണ് ലഭിക്കുക. ഇതറിഞ്ഞ കൊച്ചുമകൾ പ്രതിവിധി തേടി ഒരു സന്യാസിയെ സമീപിച്ചു. സന്യാസി പറഞ്ഞു. ശബ്ദം നന്നാകാൻ അഴകും ചേരണം. പിതാവ് ഉരുക്കിയൊഴിക്കുന്ന ലോഹകൂട്ടിലേക്ക് അവളെടുത്തു ചാടി. കാരണം അവൾ അഴകുള്ളവളായിരുന്നു. അവളുടെ അഴകു ചേർന്ന മണിയുടെ നാദം ഇമ്പമുള്ളതായി.

ദുർഗന്ധം വമിച്ച മൊളോക്കോ ദ്വീപ് സുഗന്ധപൂരിതവും സുന്ദരവുമായത് ഫാ. ഡാമിയേൽ തന്റെ അഴകും, തന്റെ സർവ്വവും പൂർണ്ണമായി നല്കിയതു കൊണ്ടാണ്. കൊള്ളരുതായ്മയും പലിശയും കൊണ്ട് പൊറുതി മുട്ടിയ വികൃതമായ പാദുവ സുന്ദരമായത് വി. അന്തോനീസ് തന്നത്തന്നെ പരിപൂർണ്ണമായി ദൈവത്തിന് കാഴ്ചയായി സമർപ്പിച്ചപ്പോഴാണ്. ഇറ്റലിയിലെ പിയത്രൽചീനാ സുന്ദരമായും സുരഭിലമായും നിലനില്ക്കുന്നുവെങ്കിൽ പാദ്രേപീയോ തന്റെ ജീവിതത്തിലൂടെ നല്കിയ വിശുദ്ധിയും, വിശ്വാസവും, ത്യാഗപൂർണ്ണമായ സ്നേഹവുമാണ്.

ക്രിസ്തുസ്നേഹം കൊണ്ട് തന്റെ ജീവിതത്തെയും വിയറ്റ്നാമിലെ മറ്റുള്ളവരുടെ ജീവിതത്തെയും സുന്ദരമാക്കിയ കാർഡിനൽ വാൻത്വാനോട് ജയിലിലെ പോലീസുകാർ ചോദിച്ചു: 'വിചാരണ കൂടാതെ ശിക്ഷാവിധിയില്ലാതെ നിരവധി കൊല്ലങ്ങൾ നിങ്ങളെ ഞങ്ങൾ ജയിലടച്ചു. എന്നിട്ടും ഞങ്ങളെ സ്നേഹിക്കുന്നുവോ? അതെയെന്ന് മറുപടി നല്കി. വീണ്ടും അവർ അദ്ദേഹത്തോടു ചോദിച്ചു. താങ്കൾ സ്വതന്ത്രനാകുമ്പോൾ നിങ്ങളുടെ അനുയായികളെ കൊണ്ട് ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും ഇല്ലാതാക്കുകയില്ലേ? നിങ്ങൾ എന്നെ കൊല്ലാൻ ആഗ്രഹിക്കുന്നെങ്കിൽപോലും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. കാരണം എല്ലാവരെയും എന്റെ ശത്രുക്കളെപോലും സ്നേഹിക്കാൻ ക്രിസ്തുവെന്നെ പഠിപ്പിച്ചു. അതുകൊണ്ട് നിങ്ങളെ സ്നേഹിക്കുകയാല്ലാതെ നിങ്ങളെ വെറുക്കാനോ നശിപ്പിക്കാനോ എന്നെ കൊണ്ടാവില്ലായെന്ന് അദ്ദേഹം മറുപടി നല്കി. മറ്റുള്ളവരുടെ ജീവിതത്തെ സുന്ദരമാക്കാൻ നമുക്കുള്ളത് സ്നേഹപൂർവ്വം നല്കാം. സ്നേഹം പൂർണ്ണമാകുന്നത് എല്ലാം മുഴുവനായും പൂർണ്ണമായും നല്കുന്നതിലൂടെയാണ്.

### 3. ജീവിതങ്ങളെ പ്രകാശിപ്പിക്കുന്ന ക്രിസ്തുവിന്റെ വിളക്കുകളാകാം

ഒ.വി. വിജയന്റെ 'ഗുരുസാഗരം' എന്ന നോവലിലെ കഥാപാത്രമാണ് ലളിത. പട്ടാളത്തിലായിരുന്ന ജ്യേഷ്ഠൻ മരണമടഞ്ഞപ്പോൾ കുടുംബഭാരമെല്ലാം അവളുടെ ചുമലിലായി. രണ്ട് അനുജത്തിമാരെയും പഠിപ്പിക്കാൻ വേണ്ടി അവൾ പഠനം നിറുത്തി ദില്ലിയിലേക്ക് യാത്രയായി. ഗുരുതുല്യനായ കുഞ്ഞുണ്ണി തന്നെ സന്ദർശിക്കാനെത്തിയപ്പോൾ മുക്കാലിൽ വച്ചിരുന്ന നിലവിളക്ക് കൈയ്യിലെടുത്ത് ചോദിച്ചു: 'ഇത് അലങ്കാര വസ്തുവോ?' അതെയെന്ന് അവൾ ഉത്തരമരുളി. ആ നിലവിളക്ക് വൃത്തിയാക്കി, തിരികളിട്ട് എണ്ണയൊഴിച്ചിട്ടു അദ്ദേഹം അവളോട് പറഞ്ഞു: ഇന്ന് ഈ വിളക്ക് കൊളുത്തി, മന്ത്രങ്ങൾ ഉരുവിടണം. അവൾ കത്തിച്ച നിലവിളക്ക് മുറിയെ മാത്രമല്ല, അവളുടെ ജീവിതത്തെയും പ്രകാശിപ്പിച്ചു. ചിലരുടെ ഇടപെടലുകൾക്ക് മറ്റുള്ളവരുടെ ജീവിതങ്ങളെ പ്രകാശിപ്പിക്കാനാകും. ലോകത്തിന്റെ പ്രകാശമായ ക്രിസ്തു അനേകായിരങ്ങളുടെ ജീവിതങ്ങളെ പ്രകാശിപ്പിച്ച ഗുരുവാണ്. അന്ധകാരത്തിൽ നിന്നും അവന്റെ അടുക്കലെത്തിയ നിക്കദേമൂസ് തന്റെ ജീവിതത്തെ അവന്റെ വെളിച്ചം കൊണ്ട് പ്രകാശിപ്പിച്ചു. എന്നാൽ അവനിൽ നിന്ന് അകന്ന് രാത്രിയിലെ അന്ധകാരത്തെ തേടിപ്പോയ യൂദാസ് സ്വയം നാശത്തിലെത്തി.

ക്രിസ്തുവെന്ന വിശ്വാസപ്രകാശത്തെ സ്വന്തമാക്കുമ്പോൾ നക്ഷത്രങ്ങൾക്കു മാത്രമല്ല, മനുഷ്യർക്കും പ്രകാശിക്കാനാകും. അവനെ സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ ജീവിതം ഉല്പത്തി പുസ്തകം പറയുമ്പോലെ ശൂന്യവും രൂപരഹിതവുമായിരിക്കും. സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ചുകൊണ്ട് രാത്രിയിൽ തെളിയുന്ന നക്ഷത്രത്തിനു സമാനമാണ് ഒരു ക്രിസ്തു ശിഷ്യൻ. ക്രിസ്തു ഉള്ളിലുള്ള ക്രിസ്തുശിഷ്യൻ എപ്പോഴും പ്രകാശിച്ചു നില്ക്കും. സങ്കീർത്തകൻ പറയുന്നതുപോലെ അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം (സങ്കീ 36:9). ലോകത്തിന്റെ വെളിച്ചമായ ദൈവത്തിന്റെ സന്നിധിയിൽ 40 ദിനരാത്രങ്ങൾ കഴിച്ചു കൂട്ടിയ മോശ, സീനായ് മലയിറങ്ങിയപ്പോൾ പ്രകാശിക്കുന്ന നക്ഷത്രം പോലെയായി. വെളിച്ചം ദൈവമാണ് ആ വെളിച്ചത്തിൽ നിന്ന് പ്രകാശം സ്വീകരിച്ചു ജ്വലിക്കേണ്ട വിളക്കുകളാകാൻ ദൈവം നമ്മെ ക്ഷണിക്കുന്നു. അവന്റെ ക്ഷണം നിരസിക്കുന്നവൻ അന്ധകാരത്തെ സ്നേഹിക്കുന്നവനും തിന്മ പ്രവൃത്തിക്കുന്നവനുമായിരിക്കും. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കേണ്ടതിന് അവൻ വെളിച്ചത്ത് വരുകയില്ല. വെളിച്ചത്തെ ദു:ഖമായും ഇരുളിനെ സുഖപ്രദമായും കാണുന്ന മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നു ജീവിക്കുന്നവനാണ്. ക്രിസ്തുവെന്ന പ്രകാശം കൊണ്ട് അണഞ്ഞുപോയ നമ്മുടെ ജീവിത വിളക്കുകൾ കൊളുത്താം. ക്രിസ്തുവെന്ന പ്രകാശത്തെ നല്കുന്ന വിളക്കുകളാകാം. ■

# മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു

**തപസ്സുകാലം 5–ാം ഞായർ (മാർച്ച് 17)** ജെറ. 31: 31–34, ഹെബ്രാ. 5: 7–9, യോഹ. 12:20–33

**ഫാ. സി.കെ. തോപ്പിൽ**

സമാന്തര സുവിശേഷങ്ങളിൽ ഈശോയുടെ ഗത്സമെനിയിലെ പ്രാർത്ഥന കൊടുത്തിരിക്കുന്നതിന് സമാന്തരമായി യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ കാണുന്ന ഭാഗമാണിത്. യേശുപറഞ്ഞു; മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു.

എല്ലാ യഹൂദരും മനസ്സിൽ കൊണ്ടു നടന്ന സ്വപ്നമാണ് ദാനിയേലിന്റെ ദർശനം; 'നിശാദർശനത്തിൽ ഞാൻ കണ്ടു.

ഇതാ, വാനമേഘങ്ങളോടുകൂടി മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെ മുമ്പിൽ ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവന് നൽകി. അവന്റെ ആധിപത്യം ശാശ്വതമാണ്. അതൊരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്; (ദാനി. 7:13-14). യഹൂദർ ഈ ദർശനം വ്യാഖ്യാനിച്ചത് അക്ഷരാർത്ഥത്തിലാണ്. അതുകൊണ്ടാണ് മിശിഹായെക്കുറിച്ചുള്ള അവരുടെ സങ്കല്പങ്ങൾ രാജകീയമാവുന്നത്. മനുഷ്യപുത്രൻ എന്നുകേട്ടാൽ ഏതൊരു യഹൂദന്റെയും മനസ്സിൽ തെളിയുന്നത് ഈ ദർശനമാണ്. യഹൂദരുടെ മനസ്സിലെ 'മനുഷ്യപുത്രൻ' അല്ല യേശുവിന്റെ മനസ്സിലെ 'മനുഷ്യപുത്രൻ'. യേശുവിന്റെ മനസ്സിലെ മനുഷ്യപുത്രൻ മഹത്വത്തിന്റെ സമയം കാത്തിരിക്കുന്നവനാണ്. ആ മഹത്വമാകട്ടെ, കുരിശിന്റെ മഹത്വമാണ്. യേശുവിന് "സമയം" മരണമാണ്. 'സമയം ആയിട്ടില്ല' എന്ന് യേശു പറഞ്ഞാൽ മരണത്തിന് സമയം ആയിട്ടില്ല എന്നർത്ഥം. (യോഹ. 2:3-5)

മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു എന്ന വാക്യത്തിന്റെ സൂചന സംശയരഹിതമായി കുരിശുമരണത്തിലൂടെയുള്ള മഹത്വീകരണമാണ്. ഗോതമ്പുമണിയുടെ ദൃഷ്ടാന്തം ഇതിനെ ബലപ്പെടുത്തുന്നു. പ്രകൃതി നൽകുന്ന പാഠമാണ് മരണത്തിലൂടെ ജീവൻ നേടുക എന്നത്. വിത്ത് നശിച്ച് ഇല്ലാതായെങ്കിൽ മാത്രമേ ചെടി ജന്മം കൊള്ളു. ഒരുവൻ തന്റെ ഇഹലോക ജീവിതത്തെ മാത്രം കാംക്ഷിക്കുകയും അതിന്റെ വിജയത്തിനായി മാത്രം യത്നിക്കുകയും ചെയ്യുമ്പോൾ അത് അവന് യഥാർത്ഥത്തിൽ നഷ്ടപ്പെടും. (മത്താ. 16: 24-25). ഗോതമ്പുമണി അഴിഞ്ഞ് ഇല്ലാതായി തീരുന്നതുപോലെ സ്വയം ശൂന്യവൽക്കരണത്തിനായി തന്നെത്തന്നെ വിട്ടുകൊടുക്കുന്നവൻ നിത്യജീവനാണ് സ്വന്തമാക്കുന്നത്. യേശുവിന്റെ പൂർണമായ സ്വയം ശൂന്യവൽക്കരണം നിത്യജീവന് കാരണമായിത്തീരുന്നു.

ജീവിതത്തിന്റെ ബാക്കി പത്രത്തിൽ നഷ്ടങ്ങൾ മാത്രമുള്ളവനാണ് നിത്യജീവന്റെ അവകാശി. ജീവിതം കൊടുത്തുതീർക്കാനുള്ളതാണ്. കത്തിയെരിഞ്ഞ് സ്വയം ശൂന്യമാകുമ്പോഴാണ് മെഴുകുതിരി പ്രകാശം പരത്തുന്നത്. പ്രപഞ്ചത്തിന്റെ നിലനിൽപ്പ് നഷ്ടപ്പെടലിന്റെ നിയമത്തിലാണ്. കൊള്ളയും പിടിച്ചുപറിയും ചൂഷണവും തട്ടിപ്പും വെട്ടിപ്പുമെല്ലാം ലാഭത്തിന്റെ കണക്കുപുസ്തകത്തിലെ ഇരുട്ടു പരത്തുന്ന വാക്കുകളാണ്. ഉഷസിനു വേണ്ടിയുള്ള തപസാണ് ജീവിതം എന്നതാണ് യേശുവിന്റെ സുവിശേഷം. യേശുവിന്റെ വഴി ശുശ്രൂഷയുടെ വഴിയാണ്. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് (മത്താ. 20:28)

മാനുഷികതയാൽ പ്രേരിതനായി മഹത്വീകരണത്തിന്റെ മണിക്കൂറിൽ നിന്ന് രക്ഷിക്കണമേ എന്ന് പ്രാർത്ഥിച്ചെങ്കിലും, പിതാവിന്റെ ഹിതപ്രകാരം താൻ ലോകത്തിലേക്ക് വന്നത് ഈ മണിക്കൂറിനെ നേരിടാൻ വേണ്ടിയാണെന്ന് ഏറ്റുപറയുകയും അതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഈശോയെയാണ് നാമിവിടെ കാണുക. ഈ പ്രാർത്ഥനാനുഭവമാണ് പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും ദൈവത്തിന്റെ സ്നേഹം ലോകത്തിന് വെളിപ്പെടുത്തുവാനും അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തുവാനും ഈശോയെ പ്രാപ്തനാക്കിയത്. യേശുവിന്റെ ആത്മസംഘർഷങ്ങളുടെ നേർക്കാഴ്ച ഒരുക്കുന്ന സുവിശേഷഭാഗമാണിത്. ■

# രാജാക്കന്മാരുടെ രാജാവ്

കുരുത്തോല ഞായർ **(മാർച്ച്. 24)**

മാർക്കോ. 11:1-10, ഏശ. 50: 4-7, മാർക്കോ. 14:1-15, 47

**ഫാ. ഡേവിഡ്സൺ**

പ്രൗഢഗാംഭീര്യമാർന്ന റോമൻ സാമ്രാജ്യത്തിന്റെ ഓർമകളാകുന്ന സമുച്ചയങ്ങളിൽ ഇന്നും തലയെടുപ്പോടെ നിൽക്കുന്ന ചില കവാടങ്ങൾ ഉണ്ട്. ആർക്കൂസ് ട്രയംഫാലിസ് എന്നാണ് അവയെ വിളിക്കുക. യുദ്ധം ജയിച്ച് നാടു പിടിച്ചടക്കി റോമാ നഗരത്തിലേക്ക് തിരികെ പ്രവേശിക്കുന്ന റോമൻ ജനറലിനെ സ്വീകരിക്കുവാനാണ് ഈ കവാടങ്ങൾ പണിയപ്പെടുക. അവന്റെ വരവിന് റോമ നൽകുന്ന പേരാണ് ട്രയംഫ്. രാജകീയ പ്രവേശനമെന്ന് തർജ്ജമ ചെയ്യപ്പെടുന്ന വിജയിച്ചവന്റെ വരവ്. കവാടം. അവന്റെ വിജയഗാഥ വിളിച്ചോതുന്ന എഴുത്തുകളും ചിത്രപണികളുമായി സമ്പന്നം. 'നഗരം സ്വന്തമാക്കിയവൻ', 'സമാധാനം സ്ഥാപിച്ചവൻ' ഇവ ക്രിസ്തുസാക്ഷ്യം വഹിക്കപ്പെട്ട മിൽവിയൻ ബ്രിഡ്ജ് യുദ്ധത്തിൽ ജയിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തിക്കായി പണിയപ്പെട്ട കവാടത്തിലെ വാക്കുകളാണ്.

ഇന്ന് തിരുസഭ ഒരു ട്രയംഫ് ആഘോഷിക്കുകയാണ്. യുദ്ധത്തിന്റെ കൊടുംഭീകരതകൾ ഇല്ലാതെ മണ്ണും മനവും അൻപിനാൽ കീഴടക്കിയ ഒരു രാജാവിന്റെ പ്രവേശനം. ലോകം ഇന്നുവരെ കണ്ടിട്ടില്ലാത്ത യുദ്ധവും യുദ്ധമുറയും ആയിരുന്നു അവന്റേത്. എന്നാൽ ലോകം മുഴുവനും അന്നുവരെ കാത്തിരുന്ന പ്രവചനങ്ങളുടെ വിജയമായിരുന്നു അവൻ നേടിയത്; പാപത്തിന്റെ, അടിമത്വത്തിന്റെ മേലുള്ള വിജയം, 'അവന്റെ നിലതകർക്കും' (ഉല്പ. 3:15). മരണത്തിന്മേൽ അധികാരമുള്ള പിശാചിനെ

തന്റെ മരണത്താൽ നശിപ്പിച്ച് മരണഭയത്തോടെ ജീവിതകാലം മുഴുവൻ അടിമത്തത്തിൽ കഴിയുന്നവരെ രക്ഷിക്കുന്നതിന് വേണ്ടിയാണ്, (ഹെബ്രാ. 2:15). അവന്റെ ട്രയംഫിനായി കവാടങ്ങൾ ഒന്നും പണിയപ്പെട്ടിട്ടില്ല. ഒരുപക്ഷേ സർവവും സൃഷ്ടിച്ചവനുവേണ്ടി കവാടം സൃഷ്ടിക്കുവാൻ പാങ്ങുള്ള കൽപ്പണിക്കാരൻ ആരാണ്. എന്നാൽ ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ കവാടങ്ങൾ സൃഷ്ടിക്കപ്പെടന്നത് അവന്റെ പേരിലാണ്.

അവനെ സ്വീകരിക്കുവാനായി രാജകീയ പരിവേഷങ്ങളോ സൈന്യമോ രഥങ്ങളോ ഇല്ലായിരുന്നു. എന്നാൽ അവന്റെ വരവിനായ് കാലഘട്ടങ്ങൾക്കുമുൻപേ നഗരവും ജനങ്ങളും ഒരുക്കപ്പെട്ടിരുന്നു. “സിയോൻ പുത്രീ, അതിനായ് ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക, ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു” (സഖ. 9:9). അവർ ആർപ്പുവിളിച്ചതുപോലും മനുഷ്യന്റെ മരവിച്ച മുദ്രാവാക്യങ്ങൾ ആയിരുന്നില്ല. മറിച്ച്, മനുഷ്യൻ ദൈവത്തിനർപ്പിക്കുന്ന സങ്കീർത്തനങ്ങളിലെ പ്രാർത്ഥനാ മലരുകൾ ആയിരുന്നു. ‘കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ” (സങ്കീ. 118:26) ഹോസാന: രണ്ട് ഹെബ്രായ വാക്കുകളിൽ നിന്ന് ഉടലെടുക്കുന്നു;

കർത്താവേ ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങളെ രക്ഷിക്കണമേ” (സങ്കീ. 118:25). ഈ പ്രാർത്ഥന എത്രമേൽ ദൈവോന്മുഖമാണെന്ന് തിരിച്ചറിയുന്നത് മോശയുടെ നിയമമനുസരിച്ച് കൂടാര തിരുനാൾ ഏഴുദിവസവും പുരോഹിതൻ ഇതേ സങ്കീർത്തനം ആലപിക്കുന്നു എന്ന പാരമ്പര്യത്തിൽ നിന്നാണ്.

അവരുടെ ആർപ്പുവിളികളിൽ പ്രവചനങ്ങൾ പോലും പ്രതീക്ഷയോടെ പ്രതിധ്വനിക്കുന്നു. ദാവീദ് രാജാവിനോടുള്ള പ്രവചനവും ജനതകളുടെ പ്രതീക്ഷയും “നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും” (2 സാമു. 7:12)

ഹോസാനാ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം!

വരുന്നവൻ എന്ന് നമ്മുടെ ഭാഷയിൽ തർജ്ജമ ചെയ്യപ്പെടുന്ന “എർക്കോമേനോസ്” എന്ന ഗ്രീക്ക് പദത്തിന്റെ വാച്യാർത്ഥം "വരേണ്ടവൻ" എന്നാണ്. തലമുറകൾ കാത്തിരിക്കേണ്ടവൻ എന്നും അടിമത്തത്തിന് അന്ത്യം കുറിക്കേണ്ടവൻ എന്നും ജനതകൾക്ക് ബോധ്യപ്പെട്ടിരുന്നു എന്ന് ഈ വാക്കിൽ നിന്ന് വ്യക്തം. കാലങ്ങൾക്കിപ്പുറവും ആ രാജാവിന്റെ ബലി അർപ്പിക്കപ്പെടുന്ന ഓരോ അൾത്താരയിലും അതേ ആർപ്പുവിളി ആലപിക്കുമ്പോൾ നമ്മുടെ ഹൃദയമാകുന്ന ജറുസലേമിലേക്ക് അവൻ രാജകീയ പ്രവേശനം നടത്തുകയാണ്.

മനുഷ്യനിർമിത ഭരണസംസ്കാരത്തിന്റെ ഔനിത്യം എന്ന് വിശേഷിഷിക്കാവുന്ന ജനാധിപത്യത്തിൽ വാഹനവ്യൂഹമില്ലാതെ പ്രജകളിലേക്ക് എത്തുവാൻ, അവർ വിമുഖരാകുമ്പോൾ കഴുതയേയും കരുതിയ ഈ പ്രജാപതി എത്രമേൽ ധന്യനാകുന്നു.

ചരിത്രത്തിൽ ലിഖിതമാക്കപ്പെട്ട ട്രയംഫുകളിൽ രാജാവിന്റെ പ്രവേശനത്തിനായി പ്രൗഢിയോടെ ഒരുക്കപ്പെടുന്ന രഥങ്ങൾ പ്രധാനമാണ്. അതോടൊപ്പം ചേർത്ത് വായിക്കാവുന്നതാണ് രാജാക്കന്മാർക്കൊപ്പം ലോകം അറിയുന്ന അവർ യാത്രചെയ്യുന്ന അശ്വങ്ങളും. മഹാനായ അലക്സാണ്ടർ ചക്രവർത്തിക്ക് ബൂസിഫാലസും മഹാറാണാ പ്രതാപിന് ചേതക്കും പ്രിയപ്പെട്ടതായിരുന്നതുപോലെ. എന്നാൽ രാജാക്കന്മാർക്കും രാജാവായ ക്രിസ്തുവിനെ വഹിക്കുവാൻ പ്രതാപശാലിയായ ഒരു സൃഷ്ടിയും ഇല്ലല്ലോ. എങ്കിലും അവന്റെ കാഴ്ചപ്പാടുകൾ വ്യത്യസ്തമായിരുന്നു. രാജാവെന്നാൽ സർവവും പാലിക്കുന്നവനാകണം. സർവ ജാലങ്ങളേയും കരുതുന്നവനാകണം. അവൻ തിരഞ്ഞെടുക്കുന്നത് മനുഷ്യന്റെ കണ്ണുകളിൽ തിരസ്കൃതമായതാകാം. അല്ലെങ്കിലും ആ ജീവിതം മുഴുവനും അവഗണനകളുടെ കഥകളായിരുന്നല്ലോ. ജനിച്ചിടമോ മരിച്ചിടമോ മനുഷ്യൻ ആഗ്രഹിക്കുന്നവ ആയിരുന്നില്ലല്ലോ.

അവൻ എളിയവരിൽ എളിയവനാകുവാനായിരുന്നോ കഴുതയെ തെരഞ്ഞെടുത്തത്. “അവൻ വിനയാന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത് കയറിവരുന്നു” (സഖ. 9:9) എന്ന പ്രവചനം പൂർത്തിയാക്കുവാനായിരുന്നോ! കൂട്ടിച്ചേർക്കാം, മനുഷ്യവേദനയുടെ ഭാരം ചുമക്കുന്നവൻ സുവിശേഷത്തിൽ വേദനിച്ച മനുഷ്യനെ ചുമന്ന മൃഗത്തെ തിരഞ്ഞെടുത്തതാകുമോ? “തന്റെ കഴുതയുടെ പുറത്തുകയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു.” (ലൂക്കാ. 10:34)

ഇതിഹാസം ഇതിവൃത്തമാക്കുന്ന ഖസാക്ക് എന്ന ദേശത്തിന്റെ കഥ ഒ.വി. വിജയൻ മെനഞ്ഞെടുക്കുന്നത് ചടച്ചുകിഴവനായ ഒരു പാണ്ടൻ കുതിരയിൽ നിന്നാണ്. രാജാവും സൈന്യവും ഒരു പൗർണമിരാവിൽ ഖസാക്കിലേക്ക് വരികയാണ്. വീറുറ്റ ആയിരം വെള്ളക്കുതിരകളിൽ ആണ് സൈന്യമെങ്കിലും രാജാവ് തെരഞ്ഞെടുത്തത് ചടച്ചുകിഴവനായ ഒരു പാണ്ടൻ കുതിരയെ ആണ്. കുതിരയ്ക്ക് കാൽ കഴക്കുമ്പോഴൊക്കെ പടനിർത്തണമായിരുന്നു. ഖസാക്കിന്റെ പനങ്കാട്ടിലാണ് അവന്റെ അവസാന ശ്വാസം വീണത്. പനങ്കാട്ടിൽ പാളയമടിച്ച തങ്ങളൻമാരുടെ സന്തതികളത്രെ ഖസാക്കുകാർ എന്ന് കഥാകൃത്ത് കുറിക്കുന്നു. വേദനിക്കുന്നവരോടും ചേരുന്നവനല്ലേ രാജാവ്.

മനുഷ്യനിർമിത ഭരണസംസ്കാരത്തിന്റെ ഔന്നത്യം എന്ന് വിശേഷിപ്പിക്കാവുന്ന ജനാധിപത്യത്തിൽ വാഹനവ്യൂഹമില്ലാതെ പ്രജകളിലേക്ക് എത്തുവാൻ, അവർ വിമുഖരാകുമ്പോൾ കഴുതയേയും കരുതിയ ഈ പ്രജാപതി എത്രമേൽ ധന്യനാകുന്നു. അവന്റെ രാജ്യം വാഴ്ത്തപ്പെടട്ടെ, ഹോസാനാ!

■

# വിശുദ്ധീകരണത്തിന്റെ ബലിപീഠം

ഉയിർപ്പ് ഞായർ (**മാർച്ച്. 31**)

അപ്പ. 10:34a, 37-43, കൊളോ 3:1-4, യോഹ. 20: 1-9

**ഫാ. മനീഷ് പീറ്റർ**

*അണ മുറിഞ്ഞൊഴുകുന്ന ഒരു നദിപോലെയായിരുന്നു ആ സ്നേഹം. അതിന്റെ ഒഴുക്കിൽ അതിന്റെ ചുഴികളിൽ അതിന്റെ ആഴങ്ങളിൽ, ആ സ്നേഹം അവളെ അത്ഭുതപ്പെടുത്തുകയും ചെയ്തു. അത്രമേൽ തീക്ഷ്ണവും വന്യവുമായിരുന്നു. അത്രമേൽ ഉത്ക്കടവും അഗാധവുമായിരുന്നു. തന്റെ ജീവിതത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് അവൾ അത്ഭുതപ്പെട്ടു. വിധി കാത്തുവച്ചിരുന്ന ഒരുനിമിഷംപോലെ. അവളുടെ ഹൃദയത്തിൽ അത്ഭുതകരമായ വെളിച്ചം പരന്നു.*

**- പെരുമ്പടവം**

*(ഒരു സങ്കീർത്തനംപോലെ)*

പ്രാണനായവന്റെ ചേതനയറ്റ ശരീരം അടക്കം ചെയ്ത് ശാബത്തിന്റെ ആചാരങ്ങളും പൂർത്തിയാക്കി ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ അവർ ഓടുകയാണ്. അവനെ ഒരുനോക്ക് കാണുവാൻ അവനോടൊപ്പം ആയിരിക്കുവാൻ. കാരണം അവന്റെ വേർപാട് അവർക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

അവരുടെ ഓട്ടം അവന്റെ ശവകുടീരത്തെ ലക്ഷ്യംവച്ചായിരുന്നു. ആ ലക്ഷ്യത്തിലേക്കുള്ള അവരുടെ യാത്രയിൽ ദുർഘടമായ പാതകളോ, തണുപ്പോ, ക്ഷീണമോ ഒന്നുംതന്നെ തടസമായിരുന്നില്ല. ഓരോ യാത്രയിലും ഓരോ നിയോഗം ഒളിഞ്ഞിരിപ്പുണ്ട്. ഈ യാത്രയുടെ നിയോഗം ഒരു പ്രഖ്യാപനമാണ്; "കർത്താവിനെ അവർ കല്ലറയിൽ നിന്നും മാറ്റിയിരിക്കുന്നു. എന്നാൽ അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ (യോഹ. 20:2) ശൂന്യമായ കല്ലറ ഇവിടെ വെളിപ്പെടുന്നു.

യുഗാന്തം വരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും (മത്താ. 28:20) എന്ന് ഉറപ്പുനൽകിയവനെയാണ് നമ്മൾ ഇന്ന് അനുസ്മരിക്കുന്നത്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും (മത്താ. 11:23) എന്ന അരുളപ്പാട് അവനെപറ്റിയാണ്. ധൈര്യമായിരിക്കുവിൻ ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു (യോഹ. 16:33) എന്ന് പ്രഖ്യാപിച്ചുകൊണ്ട് യേശുനാഥൻ നമ്മെ ദൈവീക പദ്ധതിയുടെ പങ്കുകാരാക്കിമാറ്റി.

അവൻ ഉത്ഥാനം ചെയ്ത് സ്വർഗത്തിലേക്ക് എഴുന്നള്ളി എന്നത് ദൈവീക പദ്ധതിയുടെ പൂർത്തീകരണമാണ്. എന്നാൽ അത് അവസാനമല്ല. അവനെ അനുഗമിക്കുന്നവരുടെ ദൗത്യ ആരംഭമാണ് ഇവിടെ സംഭവിക്കുന്നത്. കാരണം ഉത്ഥാന സന്ദേശംതന്നെ സദ്‌വാർത്ത പ്രഘോഷിച്ച് ക്രിസ്തുവിന്റെ സാക്ഷിയാവുക എന്നതാണ്.

ക്രിസ്തുനാഥന്റെ കല്ലറയിൽ എത്തിയവർ അവൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തുവെന്ന് അതുവരെ മനസ്സിലാക്കിയിരുന്നില്ല (യോഹ. 20:9) എന്ന് വചനം വെളിപ്പെടുത്തുന്നു. ക്രിസ്തുനാഥൻ ഇതിനെക്കുറിച്ച് പഠിപ്പിക്കുക ഇപ്രകാരമാണ്; എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും (യോഹ. 14:26) ഉത്ഥിതനായവന്റെ സമ്മാനമാണ് പരിശുദ്ധാത്മാവ്.

ക്രിസ്തുവിന്റെ ജനനവും ജീവിതവും മരണവും ഉത്ഥാനവും സ്വർഗാരോഹണവും നമ്മെ വെളിപ്പെടുത്തുന്ന സഹായകൻ, പരിശുദ്ധാത്മാവാണ്. ഈ അനുഭവത്തിൽ നിന്നാണ് അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിച്ചതും. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർഥം. (1 കൊറി. 15:14)

ഉത്ഥിതനായവൻ ശിഷ്യഗണത്തിന് നൽകിയ സമ്മാനം സമാധാനമാണ്. ഉത്ഥാനത്തിനുശേഷം ക്രിസ്തു ശിഷ്യഗണത്തെ അഭിസംബോധന ചെയ്തപ്പോൾ ആശംസിച്ചത്; 'നിങ്ങൾക്ക് സമാധാനം' (ലൂക്ക. 24:36) എന്നാണ്. സമാധാന രാജാവായ ക്രിസ്തു (ഏശയ്യ 9:6) ജീവിതം കൊണ്ടും ഉത്ഥാനംകൊണ്ടും പ്രഘോഷിച്ചത് സമാധാനം ആയിരുന്നു. അസമാധാനവും കലഹങ്ങളും ക്ലേശങ്ങളും യുദ്ധങ്ങളും നിലനിൽക്കുമ്പോൾ അവന്റെ സന്നിധിയിൽ സമാധാനം കണ്ടെത്താനാകണം. ഈ ലോകം ക്രിസ്ത്യാനികളിൽനിന്ന് പ്രതീക്ഷിക്കുന്നത് ഉയിർപ്പിന്റെ അനുഭവം പകരുന്ന വ്യക്തികളായിരിക്കുവാനാണ്. എന്നാൽ ഇന്ന് വിഭാഗീയതയും എതിർസാക്ഷ്യവും നൽകി ഉത്ഥിതൻ ഉപേക്ഷിച്ച കല്ലറകൾക്ക് തുല്യമായിരിക്കുന്നു!

അതിരാവിലെ ക്രിസ്തുവിന്റെ കല്ലറയിലേക്ക് ഓടിയ മഗ്ദലേന മറിയത്തിന്റെ ദൃഢനിശ്ചയത്തെക്കുറിച്ച് ഇന്ന് നമ്മൾ ചിന്തിക്കുമ്പോൾ തൂക്കിലേറ്റപ്പെട്ട മക്കളെ സംസ്കരിക്കാൻ കല്ലറ നേടിക്കൊടുത്ത ഒരു അമ്മയെക്കൂടി ഓർക്കുന്നു. 2 സാമു. 21-ാം അധ്യായത്തിൽ കാണുന്ന സാവൂളിന്റെ ഭാര്യയായ റിസ്പാ. കർത്താവിന്റെ പർവതമായ ഗിബയോനിൽ സാവൂളിന്റെ രണ്ട് പുത്രന്മാരേയും സാവൂളിന്റെ മകളുടെ അഞ്ച് പുത്രന്മാരേയും ദാവീദിന്റെ അറിവോടെ തൂക്കിലേറ്റുന്നു. ഇതിൽ വേദനിച്ചുകൊണ്ട് റിസ്പാ എന്ന അമ്മ പാറമേൽ ചാക്കുവിരിച്ച് കൊയ്ത്തുകാലത്തിന്റെ തുടക്കം മുതൽ മഴക്കാലം വരെ പക്ഷികളെയും കാട്ടുമൃഗങ്ങളേയും ആട്ടിയോടിച്ച് മൃതദേഹത്തിന്റെ അരികിൽ കിടന്നു. ഇതറിഞ്ഞ ദാവീദ് സാവൂളിന്റെ പിതാവായ കിഷിന്റെ കല്ലറയിൽ സംസ്കരിക്കാൻ അനുവാദം നൽകുന്നു. ഒരു അമ്മ രാജാവിനോട് പൊരുതി നേടിയ വിജയം.

ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു, നിന്റെ ഹൃദയത്തിലെ സ്നേഹം നീ തിരിച്ചറിയുക. നിന്റെ ഹൃദയത്തിലെ സ്നേഹസ്പന്ദനങ്ങളെ നീ പിൻചെല്ലുക. അതിനുവേണ്ടി എന്ത് വിലകൊടുക്കേണ്ടിവന്നാലും നീ സ്നേഹത്തിൽ നിന്നും പിൻമാറാതിരിക്കുക. എത്ര പ്രതിബന്ധങ്ങൾ ഉണ്ടായാലും നീ നിന്റെ ഹൃദയത്തിന്റെ പ്രണയത്തെ തന്നെ പിൻചൊല്ലുക.

വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി. കർത്താവിന്റെ കബറിടമേ സ്വസ്തി. ■



കാനൻ ലോ

ഫാ. ജോസ് ജി.
ജൂഡീഷ്യൽ വികാർ



# കുമ്പസാര രഹസ്യവും കൗദാശിക മുദ്രയും

അനുതാപിയെ ദൈവവുമായും സഭയുമായും അനുരഞ്ജിപ്പിക്കുന്ന കൂദാശയാണ് കുമ്പസാരം. കത്തോലിക്കാ സഭുടെ മതബോധനഗ്രന്ഥം (CCC)1455-1458 പാപങ്ങളുടെ ഏറ്റുപറച്ചിൽ വിശദീകരിക്കുന്നു. CCC 1440 പ്രകാരം, പാപം ദൈവത്തിന് എതിരെയുള്ള ഒരു ദ്രോഹമാണ്. പാപത്തിലൂടെ ദൈവത്തോടും സഭയോടുമുള്ള ബന്ധത്തിന് ക്ഷതമേല്ക്കുന്നു. CCC 1445, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 959 - 960 എന്നിവ പ്രകാരം, കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം ലഭിക്കുന്നതോടൊപ്പം ദൈവവും സഭയുമായുള്ള അനുരഞ്ജനവും ലഭിക്കുന്നു.

CIC 960, CCC1456 പ്രകാരം, അനുതാപികൾ തങ്ങൾ ചെയ്തിട്ടുണ്ടെന്ന് അവർക്ക് ബോധ്യം വരുന്ന എല്ലാ മാരക പാപങ്ങളും കുമ്പസാരത്തിൽ എണ്ണി പറയണം. ആ പാപങ്ങൾ ഏറ്റവും രഹസ്യമായി ചെയ്തിട്ടുള്ളവയായാലും ദൈവകല്പനകളുടെ അവസാന രണ്ട് കല്പനകളുടെ ലംഘനമായാലും അവ ഏറ്റുപറയണം. ഇത് ദൈവവും സഭയുമായും അനുരഞ്ജനപ്പെടുന്നതിനുള്ള ഏക സാധാരണ മാർഗ്ഗമാണ്. പാപമോചനത്തിനും ദൈവവും സഭയുമായുള്ള അനുരഞ്ജനത്തിനും കുമ്പസാരമെന്ന കൂദാശയിൽ എല്ലാ മാരക പാപങ്ങളും നിർബന്ധമായും എണ്ണി പറയേണ്ടത് അനിവാര്യമാണെന്ന് ട്രെന്റ് സൂനഹദോസും (D 1707, D 1679) ഫ്ളോറൻസ് കൗൺസിലും (D 1323) സഭയുടെ മറ്റുപല ഡോക്യുമെന്റുകളും പഠിപ്പിക്കുന്നു.

കുമ്പസാരത്തിലെ പാപങ്ങളുടെ ഏറ്റുപറച്ചിലിന്റെ രഹസ്യ സ്വഭാവത്തെക്കുറിച്ച് സംശയം പ്രകടിപ്പിക്കുന്ന ചിലരെങ്കിലും നമ്മുടെയിടയിലുണ്ട്. CCC 1467, CIC 983 §1, 1388 എന്നിവ പ്രകാരം, കുമ്പസാരം കേൾക്കുന്ന ഓരോ പുരോഹിതനും അനുതാപികൾ തന്നോടു ഏറ്റുപറഞ്ഞ പാപങ്ങൾ പരമരഹസ്യമായി സൂക്ഷിക്കണം. ഈ രഹസ്യം "കൗദാശിക മുദ്ര"യാണ്.

കൗദാശിക മുദ്ര അലംഘനീയമാണ്. എന്തെങ്കിലും കാരണത്താൽ പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും വിധത്തിൽ കുമ്പസാരക്കാരൻ അനുതാപിയെ വെളിപ്പെടുത്തുന്നത് അതികഠിന ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

കൗദാശിക മുദ്രയുടെ ലംഘനം രണ്ടുതരത്തിൽ സംഭവിക്കാം: 1) **പ്രത്യക്ഷമായ ലംഘനം:** അനുതാപിയെയും അയാൾ ഏറ്റുപറഞ്ഞ പാപത്തെയും കുമ്പസാരക്കാരൻ വെളിപ്പെടുത്തുക. 2) **പരോക്ഷമായ ലംഘനം:** കുമ്പസാരത്തിൽ ഏറ്റുപറഞ്ഞ പാപവുമായി ബന്ധപ്പെട്ട് അനുതാപിയെ തിരിച്ചറിയാനോ അനുതാപി ഏറ്റുപറഞ്ഞ പാപം തിരിച്ചറിയാനോ സഹായിക്കുന്ന തരത്തിൽ കുമ്പസാരക്കാരൻ സൂചനകൾ നല്കുക.

CIC 964 പ്രകാരം, കുമ്പസാരമെന്ന കൂദാശ സ്വീകരിക്കേണ്ട സ്ഥലം ദൈവാലയമോ ചാപ്പലോ ആണ്. ന്യായമായ കാരണത്തിനുവേണ്ടിയല്ലാതെ, കുമ്പസാരക്കൂടിനു പുറത്ത് കുമ്പസാരം കേൾക്കാൻ പാടില്ല. വ്യക്തിത്വം വെളിപ്പെടുത്താതെ കുമ്പസാരിക്കാനുള്ള വിശ്വാസിയുടെ അവകാശം ഉറപ്പുവരുത്താനാണ് കുമ്പസാരക്കൂട്. അതുകൊണ്ടുതന്നെ സാധാരണയായി, കുമ്പസാരിക്കുന്ന അനുതാപിയെ കുമ്പസാരക്കാരൻ തിരിച്ചറിയുന്നില്ല. അഥവാ, തിരിച്ചറിഞ്ഞാൽ CCC 1467, CIC 983 §1, 1388 എന്നിവ പ്രകാരം, അനുതാപി തന്നോടു ഏറ്റുപറഞ്ഞ പാപങ്ങൾ പരമ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. ഒരു കാരണവശാലും അത് വെളിപ്പെടുത്താൻ പാടില്ലാത്തതാകുന്നു. കുമ്പസാര രഹസ്യം വെളിപ്പെടുത്തുന്നത് സഭാഭ്രഷ്ട് ഉൾപ്പെടെയുള്ള ശിക്ഷകൾ വിളിച്ചുവരുത്തും. ■

2024 ഏപ്രിൽ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'വിശുദ്ധ യൗസേപ്പ്: കുടുംബങ്ങളുടെ കാവൽക്കാരൻ'

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**
   **സ്വാഗതം: കുടുംബനാഥൻ/ കുടുംബനാഥ**
2. **ആമുഖം**

ക്രിസ്തീയ സമൂഹത്തിന്റെ അടിത്തറക്കല്ലായിട്ടാണ് കർത്താവിന്റെ ഉയിർപ്പ് തിരുനാൾ നാം ആഘോഷിക്കുന്നത്. ഒരു ക്രിസ്ത്യാനിക്ക് കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് അവന്റെ ജീവിതമാണ്. അനുദിന ജീവിതത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ഈശോ നമ്മുടെ കൂടെയുണ്ട് എന്നുള്ള വിശ്വാസമാണ് ഈ ഉത്ഥാന തിരുനാൾ.

ഏറ്റവും വലിയ സന്തോഷം ഉത്ഥി തൻ തരുന്നത്; നമുക്ക് ഈ ലോക ജീവിതത്തിലെ ആകുലതകളിൽ നിന്നും മോചനവും, ഞാൻ നിന്റെ കൂടെയുണ്ട് എന്നുള്ള ഉറപ്പുമാണ്.

ഉത്ഥിതനായ ക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുമ്പോൾ 3 പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് പകർന്നു തരുന്നു.

**സന്തോഷം:** ക്രിസ്ത്യാനികൾ യഹൂദരെ പേടിച്ച് ഒരു മുറിയിൽ അടച്ചിരിക്കുകയായിരുന്നു. കർത്താവിനോടൊപ്പം ആയിരുന്ന കാലങ്ങളിൽ അവരുടെ ജീവിതത്തിൽ പീഡനങ്ങളെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഉത്ഥിതനായ ക്രിസ്തു അവരുടെ ജീവിതത്തിൽ കടന്നു വന്നപ്പോൾ അവരുടെ ജീവിതത്തിലേക്ക് സന്തോഷം കടന്നുവരികയാണ് ഉണ്ടായത്.

**സമാധാനം:** നമ്മുടെ ജീവിതങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ട്, പ്രയാസങ്ങൾ ഉണ്ട്, പ്രലോഭനങ്ങൾ ഉണ്ട് ഇതിലെല്ലാം സന്തോഷവും സമാധാനും ഉത്ഥിതനായ ക്രിസ്തുവിൽ കണ്ടെത്തുവാൻ നമുക്ക് സാധിക്കണം.

**ധൈര്യം:** ശിഷ്യരുടെ ജീവിതത്തിൽ ധൈര്യം ഉണ്ടായിരുന്നില്ല. യേശുവിൽ അല്ലാതെ ഒരു കാര്യം ചെയ്യുവാൻ അവർ തയ്യാറായിരുന്നില്ല. എന്നാൽ ഉത്ഥിതനായ ക്രിസ്തു അവരുടെ ജീവിതത്തിലേക്ക് ഇറങ്ങി വന്നപ്പോൾ, അവരുടെ ജീവിതത്തിൽ ധൈര്യം ഉണ്ടായി. ലോകത്തിന്റെ ഏതു ഭാഗത്തേക്ക് പോകുവാനും, കർത്താവിന്റെ സുവിശേഷം പൂർണ്ണമായി പ്രഘോഷിക്കുവാനും അവർ തയ്യാറായി. ഇതൊക്കെയാണ് ക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് കടന്നു വന്നാൽ ഉണ്ടാകുന്ന അനുഭവങ്ങൾ. നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളിൽ, രോഗങ്ങളിൽ, ആകുലതകളിൽ, ദുർഘട സമയങ്ങളിൽ ധൈര്യത്തോടെ നമ്മളെ മുന്നോട്ടു പോകുവാൻ പ്രേരിപ്പിക്കുകയും, അതിനാവശ്യമായ ശക്തി നൽകുകയും ചെയ്യുന്നു.

ഉത്ഥിതനായ ക്രിസ്തു നമുക്ക് വേണ്ടി ഉയർത്തെഴുന്നേറ്റു. ആ ക്രിസ്തുവിന്റെ അടയാളമായിരിക്കണം നമ്മുടെ ജീവിതം. നമ്മുടെ കുടുംബങ്ങളിൽ, ഇടപെടലുകളിൽ, നമ്മുടെ വ്യക്തിപരമായ ജീവിതങ്ങളിൽ ക്രിസ്തുവിന് വേണ്ടി, ക്രിസ്തുവിനോടൊപ്പം സഹിക്കുവാനും, ക്രിസ്തുവിനോട് കൂടെ ജീവിതങ്ങളെ മുന്നോട്ടു കൊണ്ടുപോകുവാനും നമുക്ക് സാധിക്കണം. ഇതായിരിക്കും ഒരു ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും വലിയ വളർച്ച. ഉത്ഥിതൻ തരുന്ന അതിജീവന ജീവിതത്തിന്റെ ഏറ്റവും വലിയ ആത്മബലം.

3. **യേശുവിനെ ക്ഷണിക്കൽ**
4. **ദൈവവചന പാരായണം**

***യോഹന്നാൻ 20: 1-9***

5. **വചനഭാഗം പങ്കുവയ്ക്കൽ**
6. **നിശബ്ദധ്യാനം**
7. **വചനാനുഭവം പങ്കുവയ്ക്കൽ**
8. **വചനവിചിന്തനം**

ശൂന്യമായ കല്ലറ തന്നെയാണ് ഉത്ഥാനത്തിന്റെ ഏറ്റവും വലിയ അടയാളവും തെളിവും. ഈ സുവിശേഷ ഭാഗത്തിൽ 3 പ്രധാനപ്പെട്ട കഥാപാത്രങ്ങളെയാണ് കാണാൻ സാധിക്കുന്നത്.

1. മഗ്ദലേന മറിയം
2. പത്രോസ് അപ്പസ്തോലൻ
3. യേശു സ്നേഹിച്ചിരുന്ന ശിഷ്യനായ യോഹന്നാൻ

ഈ മൂന്നുപേരുടെയും ദൈവാനുഭവമാണ് ശൂന്യമായ കല്ലറയിലൂടെ നമുക്ക് വീക്ഷിക്കുവാൻ സാധിക്കുന്നത്. ആദ്യം ശൂന്യമായ കല്ലറ കാണുന്നത് മഗ്ദലേന മറിയം ആണ്. മഗ്ദലേന മറിയം ആരാണെന്ന് സുവിശേഷങ്ങളിലൂടെ നമുക്ക് കാണാൻ സാധിക്കുന്നതാണ്. എന്നിട്ടും, ഒരു യഹൂദ സംസ്ക്കാരത്തിൽ അധികം സ്ഥാനങ്ങൾ ഒന്നുമില്ലാത്ത ഒരു പാവപ്പെട്ട സ്ത്രീക്കാണ് ഉത്ഥാനത്തിന്റെ രഹസ്യം ആദ്യമായി വെളിപ്പെടുത്തികിട്ടുന്നത്. സുവിശേഷം മുന്നോട്ടു പോകുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത് രണ്ട് പ്രധാനപ്പെട്ട ശിഷ്യന്മാരെയാണ്: പത്രോസും യോഹന്നാനും. അവരും ഉത്ഥാനത്തിന്റെ അടയാളം കണ്ട് മനസിലാക്കുകയാണ്. ഈ മൂന്നു വ്യക്തികളിൽ നിന്ന് നമുക്ക് കിട്ടുന്ന സന്ദേശം: ദുർബലരായ മനുഷ്യരെയാണ് രക്ഷാകര ചരിത്രത്തിൽ ഉത്ഥാന രഹസ്യത്തിന് സാക്ഷികളാകുവാൻ വേണ്ടിയിട്ട് തിരഞ്ഞെടുക്കപ്പെട്ടത്.

സുവിശേഷ ഭാഗം നമുക്ക് തരുന്ന സന്ദേശം നമ്മളും ദുർബലരാണ്, പരാശ്രയമില്ലാതെ ജീവിക്കാൻ സാധിക്കാത്ത മനുഷ്യരാണ്. എന്നിട്ടും ദൈവം നമ്മളെയും യേശുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായി തീരുവാൻ ക്ഷണിക്കുന്നുണ്ട്. ഉത്ഥാനത്തിന്റെ പ്രഘോഷകർ ആകുവാനും, അനുദിന ജീവിതത്തിൽ നമ്മുടെ ബലിയർപ്പണങ്ങളിലൂടെ, നമ്മുടെ വ്യക്തിപരമായ പ്രാർഥനയിലൂടെ കണ്ടുമുട്ടുന്ന ക്രിസ്തുവിനെ നമ്മുടെ കൂടെയുള്ള മനുഷ്യർക്ക് പകർന്നു കൊടുക്കുവാൻ സുവിശേഷം നമ്മെ പ്രേരിപ്പിക്കുന്നു.

9. **ദൗത്യമേറ്റെടുക്കൽ**
10. **സ്വയം പ്രേരിതപ്രാർഥന**
11. **കർത്തൃപ്രാർഥന**
12. **സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

1. **റിപ്പോർട്ട് അവതരണം**

**(കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**

2. **വരവ് ചെലവ് കണക്ക് അവതരണം**
3. **ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

**(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)**

4. **ചർച്ചയും പങ്കുവയ്ക്കലും**
5. **ഹാജർ**
6. **രഹസ്യപ്പിരിവ്**
7. **അറിയിപ്പുകൾ**
8. **നന്ദി**
9. **സമാപനഗീതം**

*തയ്യാറാക്കിയത്:* അഞ്ചുതെങ്ങ് ഫെറോന
ബി.സി.സി.കമ്മിഷൻ

## നേർക്കാഴ്ച

ജെ.സി.

# 2024 ജനുവരി 22: ഇന്ത്യയുടെ മതേതരത്വത്തിന് മുറിവേറ്റദിനം

രാമജന്മഭൂമി തർക്കഭൂമി സംബന്ധിച്ച് സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് 2019 നവംബറിൽ തീർപ്പ് കല്പിച്ചത് അസാധാരണമായ ഒരു ഉത്തരവിലൂടെയാണ്. ക്ഷേത്രം പൊളിച്ചാണ് ബാബ്റി മസ്ജിദ് നിർമിച്ചതെന്ന വാദത്തിന് തെളിവൊന്നും കോടതി കണ്ടെത്തിയില്ല. പള്ളി കൈയേറി ആദ്യം വിഗ്രഹം പ്രതിഷ്ഠിച്ചതും പിന്നീട് പള്ളിതകർത്തതും നിയമവിരുദ്ധമാണ്. ക്രിമിനൽ കുറ്റമാണ്. അതേ സമയം പ്രത്യേക സാഹചര്യങ്ങളും വിശ്വാസ പാരമ്പര്യവും മുൻനിറുത്തി 2.7 ഏക്കർ തർക്കഭൂമി ക്ഷേത്രനിർമാണത്തിന് ക്ഷേത്ര ട്രസ്റ്റിന് കൈമാറണം. തകർക്കപ്പെട്ട മസ്ജിദിന് പകരം പള്ളി നിർമിക്കാനായി അഞ്ച് ഏക്കർ ഭൂമി സർക്കാർ സുന്നി സെൻട്രൽ വഖഫ് ബോർഡിന് നൽകണമെന്നും കോടതി വിധിച്ചു. അയോധ്യയിൽ നിന്നും 22 കിലോമീറ്റർ അക്കലെ ധന്നിപ്പൂർ ഗ്രാമത്തിൽ സർക്കാർ അഞ്ചേക്കർ സ്ഥലം സുന്നി വഖഫ് ബോർഡിനെ ഏൽപ്പിച്ചു; ഇന്തോ-ഇസ്ലാമിക് കൾച്ചറൽ ഫൗണ്ടേഷന് കീഴിൽ മുഹമ്മദ് ബിൻ അബ്ദുള്ള എന്ന പേരിൽ മസ്ജിദ് നിർമിക്കാൻ പ്രഖ്യാപനുണ്ടായതല്ലാതെ അഞ്ചേക്കർ കൃഷിഭൂമി തരംമാറ്റൽപോലും പൂർത്തിയായിട്ടില്ല. ഉത്തർപ്രദേശിലെ അയോധ്യയിൽ പണിതീരാത്ത രാമജന്മഭൂമി ക്ഷേത്രത്തിലെ ബാലരാമ വിഗ്രഹത്തിന്റെ പ്രാണപ്രതിഷ്ഠ ആധുനിക ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും വലിയ ആഘോഷമാക്കി മാറ്റാൻ ബിജെപിയും സംഘപരിവാറും കൊണ്ടുപിടിച്ച് ശ്രമിച്ചത് ആസന്നമായ പൊതുതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ്.



ഇന്ത്യൻ ഭരണഘടനയിലെ ആമുഖത്തിൽ പറയുന്ന മതനിരപേക്ഷത കാത്തുപാലിക്കുമെന്ന് പാർലമെന്റിലും രാഷ്ട്രപതിഭവനിലും തെരഞ്ഞെടുപ്പ് കമ്മിഷൻ മുമ്പാകെയും സത്യപ്രതിജ്ഞചെയ്തിട്ടുള്ള പ്രധാനമന്ത്രിക്ക് എങ്ങനെ മതാചാര്യന്റെ വേഷത്തിൽ പൂജയും അർച്ചനയും മന്ത്രോച്ചാരണവും നടത്താൻ കഴിയുന്നു എന്നുചോദിക്കാൻ ഒറ്റപ്പെട്ട ചില 'ശങ്കരാചാര്യർ' മാത്രമേ ഉണ്ടായിരുന്നുള്ള. അവരെ ഒഴിവാക്കിയാണ് പ്രധാനമന്ത്രിയും ആർഎസ്എസ് മേധാവിയും ക്ഷേത്രപ്രതിഷ്ഠയിൽ പ്രധാനികളായി നിലകൊള്ളുന്നത്. ക്ഷേത്രനിർമാണം പൂർത്തിയാകാതെ പ്രാണപ്രതിഷ്ഠ നടത്തുന്നത് ധർമശാസ്ത്രത്തിന് എതിരാണ് എന്ന് ശ്രേഷ്ഠാചാര്യന്മാരിൽ പലരും ചൂണ്ടിക്കാട്ടിയിരുന്നു. ഇന്ത്യൻ പാർലമെന്റിൽ രണ്ടുസീറ്റിൽ ഒതുങ്ങിയിരുന്ന ബിജെപിക്ക് രാജ്യത്തെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനമായി വളരാനും കേന്ദ്രത്തിലും ദക്ഷിണേന്ത്യയിലൊഴികെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും അധികാരത്തിലേറാനും വഴിതെളിച്ചത് രാമജന്മഭൂമി പ്രക്ഷോഭമാണ്. വിശ്വഹിന്ദു പരിഷത്തിന്റെയും സന്യാസിമാരുടെയും നേതൃത്വത്തിൽ 1988–89 കാലത്ത് തുടങ്ങിയ രാംശിലാപൂജയും 1990 ൽ സോമനാഥിൽ നിന്ന് അയോധ്യയിലേക്കുള്ള എൽ.കെ.അദ്വാനിയുടെ രഥയാത്രയും അക്രമത്തിൽ മുങ്ങിയ കർസേവയും 1992 ഡിസംബറിലെ ബാബ്റി മസ്ജിദ് തകർക്കലും ബിജെപിയുടെ രാഷ്ട്രീയ മുന്നേറ്റത്തിലെ നാഴികക്കല്ലുകളാണ്.

ലക്നൗവിൽനിന്ന് 140 കിലോമീറ്റർ പടിഞ്ഞാറായി ഫൈസാബാദിലെ അയോധ്യയിൽ രാമജന്മഭൂമി സമുച്ചയം പൂർത്തിയാകുന്നതോടെ പ്രതിമാസം 45 ലക്ഷം തീർഥാടകരും ടൂറിസ്റ്റുകളും എത്തുമെന്നാണ് കണക്കാക്കുന്നത്. അയോധ്യയിൽ 31000 കോടി രൂപയിൽ 178 വികസന പദ്ധതികൾ നടപ്പാക്കിയതായി യുപി സർക്കാർ അവകാശപ്പെടുന്നു. അടുത്ത 10 വർഷം 85000 കോടിയുടെ പദ്ധതികൾ നടപ്പാക്കും. രാംപഥ്, ഭക്തിപഥ്, ധർമപഥ്, ശ്രീരാംജന്മഭൂമിപഥ് എന്നിങ്ങനെ പുതിയ നാലുവരി റോഡുകൾക്കായി അയോധ്യയിൽ നാലായിരത്തോളും വീടുകളും കടകളും പൊളിച്ചുനീക്കി. മഹർഷി വാത്മീകി ഇന്റർനാഷണൽ എയർപോർട്ട് അയോധ്യാ ധാം എന്നപേരിൽ 1450 കോടി രൂപ ചെലവിൽ നിർമിച്ച വിമാനത്താവളത്തിൽ 101 ചാർട്ടേഡ് ഫ്ളൈറ്റുകൾ ഓപ്പറേറ്റു ചെയ്തു. ക്ഷേത്രത്തിന്റെ വാസ്തു ശില്പമാതൃകയിൽ പണിതീർത്ത അയോധ്യ ധാം റെയിൽവേ സ്റ്റേഷൻ തിരഞ്ഞെടുപ്പിന് മുമ്പ് ഗ്രാമങ്ങളിൽ നിന്ന് പതിനായിരക്കണക്കിന് തീർഥാടകരെ സൗജന്യമായി അയോധ്യയിൽ എത്തിക്കാൻ സംഘപരിവാർ സംവിധാനം ഒരുക്കുന്നുണ്ട്. 2024 ജനുവരി 22 ഇന്ത്യയുടെ മതേതരത്വത്തിന് മുറിവേറ്റ തീയതിയായി ചരിത്രം അടയാളപ്പെടുത്തും. ■


19 MAR. 2024
മെത്രാഭിഷേകത്തിന്റെ രണ്ടാം വാർഷികത്തിൽ അഭിവന്ദ്യ
തോമസ് ജെ. നെറ്റോ മെത്രാപൊലീത്തയ്ക്ക്
പ്രാർത്ഥനാശംസകൾ


MAR. 11 | 19
അഭിവന്ദ്യ
സൂസപാക്യം
പിതാവിന്
ജന്മദിനത്തിന്റെയും
നാമഹേതുക
തിരുനാളിന്റെയും
പ്രാർത്ഥനാശംസകൾ

Pub. Date : 01.03.2024
Total Page 44
REGD. NO. KL/TV(S)/266/2024-26.
RNI Registered NO. 36056/81.
Licenced to post without pre-payment KL/TV(S)/WPP/171/2024-26.
JEEVANUM VELICHAVUM
Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto